# പതിനഞ്ചാം കേരള നിയമസഭ

# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VI

## (SUBJECT COMMITTEE VI)

## വിദ്യാഭ്യാസം

## (EDUCATION)

**ആനുകാലിക റിപ്പോർട്ട്**

**( 2025 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT AS ON 31$^{St}$ MARCH, 2025)**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്**

**[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

**2025 സെപ്റ്റംബർ 18-ാം തീയതി സമർപ്പിച്ചത്**

**(Presented on 18$^{th}$ September, 2025)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2025

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM

2025

# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VI
## (SUBJECT COMMITTEE VI)

## വിദ്യാഭ്യാസം
## (EDUCATION)

### ആനുകാലിക റിപ്പോർട്ട്
### (2025 മാർച്ച് 31 വരെയുള്ളത്)
### (PERIODICAL REPORT AS ON 31St MARCH 2025)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

945/2025.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 10 |

# സബ്ജക്ട് കമ്മിറ്റി VI

## (വിദ്യാഭ്യാസം)

## (2023-2026)

### ഘടന

ചെയർപേഴ്സൺ:

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ:

ഡോ. ആർ. ബിന്ദു,
ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി.

ശ്രീ. സജി ചെറിയാൻ,
മത്സ്യബന്ധനം- സാംസ്കാരികം-യുവജനകാര്യ വകുപ്പുമന്ത്രി.

അംഗങ്ങൾ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ. എം. എസ്. അരുൺ കുമാർ
ശ്രീ. ടി. വി. ഇബ്രാഹിം
ശ്രീ. മുഹമ്മദ് മുഹസിൻ
ശ്രീ. കെ. എം. സച്ചിൻദേവ്
ശ്രീ. ഷാഫി പറമ്പിൽ (12-6-2024 വരെ)
ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ (4-1-2025 മുതൽ)
ശ്രീ. ടി. ഐ. മധുസൂദനൻ
ശ്രീ. എം. വിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി
ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി
ശ്രീമതി അമ്പിളി പി., ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരം സമർപ്പിയ്ക്കുന്നു.

സമിതി 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെ 10-6-2024, 2-7-2024, 8-10-2024, 4-12-2024, 17-2-2025, 20-2-2025, 25-2-2025, 4-3-2025, 19-3-2025 എന്നീ തീയതികളിലായി സമിതി 9 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 2 യോഗങ്ങൾ ബില്ലിന്റെ പരിഗണനയ്ക്കായും 3 യോഗങ്ങൾ കരട് ചട്ടങ്ങൾ, എസ്.ആർ.ഒ-കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ എന്നിവയുടെ പരിഗണനയ്ക്ക് വേണ്ടിയും 3 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കു വേണ്ടിയും ഒരു യോഗം ചട്ടം 235 (എ) പ്രകാരമുള്ളതുമായിരുന്നു. യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർ നില 66 ശതമാനമായിരുന്നു.

ഏഴ് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

അദ്ധ്യായം I - സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ.

അദ്ധ്യായം II - സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ.

അദ്ധ്യായം III - സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ എന്നിവയുടെ വിശദാംശങ്ങൾ.

അദ്ധ്യായം IV - നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ.

അദ്ധ്യായം V - നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ.

അധ്യായം VI - a) 2024-25 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.

b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

അദ്ധ്യായംVII - സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2025 സെപ്റ്റംബർ 16-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

വി. ശിവൻകുട്ടി,
*ചെയർപേഴ്സൺ,*
സബ്ജക്ട് കമ്മിറ്റി VI.

തിരുവനന്തപുരം,
2025 സെപ്റ്റംബർ 18.

# റിപ്പോർട്ട്

## അദ്ധ്യായം I

### സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസം സംബന്ധിച്ച കമ്മിറ്റി ചുവടെ ചേർത്തിട്ടുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയുണ്ടായി.

1. 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 2-7-2024-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും 4-7-2024-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള (2023-24) - ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2-7-2024-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും 4-7-2024-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2025-26) 25-2-2025-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും 3-3-2025-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4. 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 4-3-2025-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും 12-3-2025-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

5. 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 4-3-2025-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും 12-3-2025-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

6. 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 19-3-2025-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും 20-3-2025-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

7. 2024-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 19-3-2025-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും 20-3-2025-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

### സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ 4-3-2025-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ 4-3-2025-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ 19-3-2025-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

2024-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ 19-3-2025-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

## അദ്ധ്യായം III

### സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ / എസ്.ആർ.ഒ-കൾ എന്നിവയുടെ വിശദാംശങ്ങൾ

The Kerala Education (Amendment) Rules, 2024 (കരട് ചട്ടം) 10-6-2024-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

The Kerala Education (Amendment) Rules, 2024 (കരട് ചട്ടം) 8-10-2024-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

The Kerala Higher Secondary Education Subordinate Service (Amendment) Rules, 2023 (കരട് ചട്ടം) 8-10-2024-ലെ യോഗത്തിൽ സമിതി പരിഗണിച്ചു.

## അദ്ധ്യായം IV

### നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശങ്ങൾ

നിയമസഭാ ചട്ടം 235 (എ) പ്രകാരം സർക്കാർ സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണപദ്ധതി, യൂണിഫോം വിതരണം എന്നിവ സംബന്ധിച്ച് സമിതി 4-12-2024-ലെ യോഗത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## അദ്ധ്യായം V

## നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | XVII-വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 2023-24 | പൊതുഭരണ വകുപ്പ് | 2-7-2024 |
| 2 | XVII-വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 2022-23 (കാലതാമസ പത്രിക സഹിതം) | പൊതുവിദ്യാഭ്യാസ വകുപ്പ് | 2-7-2024 |
| 3 | XVII-വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 2021-22 (കാലതാമസ പത്രിക സഹിതം) | പൊതുവിദ്യാഭ്യാസ വകുപ്പ് | 2-7-2024 |
| 4 | XVII-വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 2023-24 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ്) | 11-7-2024 |
| 5 | XVII-വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 2023-24 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 11-7-2024 |
| 6 | XVII-വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 2022-23 (കാലതാമസപത്രിക സഹിതം) | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 8-10-2024 |

## അദ്ധ്യായം VI

(എ) 2024-25 സാമ്പത്തികവർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.

<table>
<tr><th>റിപ്പോർട്ട്</th><th>ആകെ ശിപാർശകൾ</th><th>മറുപടി ലഭിച്ച ഖണ്ഡികകളും വകുപ്പും</th><th>മറുപടി ലഭിക്കാനുള്ള ഖണ്ഡികകളും ബന്ധപ്പെട്ട വകുപ്പും</th></tr>
<tr><td rowspan="7">ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2024-25) ഫയൽ നമ്പർ : KLS/ 3564/2025 - Subc E1</td><td rowspan="7">149</td><td></td><td>ഖണ്ഡിക 1 മുതൽ 42 വരെ പൊതുവിദ്യാഭ്യാസവകുപ്പ്</td></tr>
<tr><td>43, 44, 45, 46, 47, 48, 49, 50, 51, 52, 59, 61, 69, 70, 90 ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ്</td><td rowspan="3">ഖണ്ഡിക 53 മുതൽ 58 വരെ, 60, 62, 63, 65, 66, 67, 68, 71 മുതൽ 89 വരെ, 91 ഉന്നതവിദ്യാഭ്യാസവകുപ്പ്</td></tr>
<tr><td>64 ഉന്നതവിദ്യാഭ്യാസ (അസാപ്) വകുപ്പ്</td></tr>
<tr><td>84 ഉന്നതവിദ്യാഭ്യാസ (ജി) വകുപ്പ്</td></tr>
<tr><td>ഖണ്ഡിക 92 ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്</td><td></td></tr>
<tr><td>-</td><td>ഖണ്ഡിക 93 മുതൽ 140 വരെ സാംസ്കാരികകാര്യവകുപ്പ്</td></tr>
<tr><td>145 കായിക യുവജനകാര്യ (എ) വകുപ്പ്</td><td>ഖണ്ഡിക 141, 142, 143, 144 146 മുതൽ 148 വരെ കായിക യുവജന കാര്യവകുപ്പ്</td></tr>
<tr><td></td><td></td><td></td><td>ഖണ്ഡിക 149 സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും പൊതുവിദ്യാഭ്യാസവകുപ്പ് (ധനാഭ്യർത്ഥന നം. XLVI )</td></tr>
</table>

(ബി) ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച മുൻവർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശങ്ങൾ.

**1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2021-22)**

(ഫയൽ നമ്പർ 12380/സബ്.സി.ഇ 1/2021/നി.സെ.)

ശിപാർശ (ഖണ്ഡിക നം.65)

2203-00-800-91—കേരള സംസ്ഥാന നൂതന അച്ചടി പരിശീലന കേന്ദ്രം - ധനസഹായം

ഫയർ പ്രൊട്ടക്ഷൻ സിസ്റ്റം സ്ഥാപിക്കുന്നതിനും പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി മൾട്ടിമീഡിയ അക്കാദമി സ്ഥാപിക്കുന്നതിനും സ്ഥാപനത്തിന്റെ ആധുനികവത്ക്കരണവുമായി ബന്ധപ്പെട്ട യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും പദ്ധതിയിനത്തിൽ 11 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിൽ സി-ആപ്റ്റിന് അധിക തുക അനുവദിക്കുവാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും സി-ആപ്റ്റിന് 2021-22, 2022-23 വർഷങ്ങളിൽ അനുവദിച്ച പ്ലാൻഫണ്ട് തുക ഉപയോഗിച്ച് സെന്ററിൽ ഫയർ പ്രൊട്ടക്ഷൻ സിസ്റ്റവും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി മൾട്ടിമീഡിയ അക്കാഡമിയും സ്ഥാപിച്ചിട്ടുണ്ട്.

(ഖണ്ഡിക 65-ന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് 30-9-2023-ലെ K3/210/2021/HEDN നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 10-6-2024-ലെ യോഗത്തിൽ അംഗീകരിച്ചു. കാലതാമസപത്രിക 18-3-2025-ന് സഭയിൽ സമർപ്പിച്ചു)

**2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2022-23)**

(ഫയൽ നമ്പർ 12982/സബ്.സി.ഇ 1/2022/ലെജി)

ശിപാർശ (ഖണ്ഡിക നം.66)

2205-00-101-94-34-1—ഫൈൻ ആർട്സ് കോളേജുകൾ, തിരുവനന്തപുരം, മാവേലിക്കര, തൃശ്ശൂർ -മറ്റുചെലവുകൾ-വെള്ളക്കരം

ഫൈൻ ആർട്സ് കോളേജിന്റെ വെള്ളക്കരം കുടിശ്ശിക സഹിതം അടച്ച് തീർക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 6 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഫൈൻ ആർട്സ് കോളേജുകളുടെ വെള്ളക്കരം കടിശ്ശിക സഹിതം അടച്ച് തീർക്കുന്നതിന് ബഡ്ജറ്റ് വിഹിതത്തിന് പുറമെ 5,78,000 രൂപ (അഞ്ചു ലക്ഷത്തി എഴുപത്തെട്ടായിരം രൂപ മാത്രം) അധികമായി സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ഖണ്ഡിക 66-ന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് 1-12-2023-ലെ ജെ1/330/2023/ ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 10-6-2024-ലെ യോഗത്തിൽ അംഗീകരിച്ചു. കാലതാമസപത്രിക 18-3-25-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ (ഖണ്ഡിക നം.125)</u>

2204-00-104-97—<u>കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുള്ള ധനസഹായം</u>

31 - <u>സഹായധനം - ശമ്പളം</u>

സ്പോർട്സ് കൗൺസിൽ ജീവനക്കാരുടെ ശമ്പളം, ഡി.എ., ഡി.എ. കുടിശ്ശിക, പെൻഷൻ പറ്റിയ ജീവനക്കാരുടെ ആനുകൂല്യങ്ങൾ, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 7.1421 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അധിക ഗ്രാന്റിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും ധനപരിമിതി കാരണം ആയത് അനുവദിച്ച് നൽകിയിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക നം.126)</u>

36—<u>സഹായധനം- ശമ്പളേതരം</u>

സ്പോർട്സ് ഹോസ്റ്റലുകളുടെ സുഗമമായ പ്രവർത്തനം, അസോസിയേഷനുകൾക്ക് ഗ്രാന്റ് അനുവദിക്കൽ, കായിക ഉപകരണങ്ങളുടെ വാങ്ങൽ, വനിതാ വോളിബോൾ അക്കാഡമി, വനിതാ ജംപ്സ് അക്കാഡമി, വാട്ടർ സ്പോർട്സ് അക്കാഡമി തുടങ്ങിയ പദ്ധതികൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 26.30 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും അധികതുക ആവശ്യപ്പെട്ട് സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നം.127)

സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അധിക ഗ്രാൻറിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും, ധനപരിമിതി കാരണം ആയത് അനുവദിച്ച് നൽകിയിട്ടില്ല.

ശിപാർശ (ഖണ്ഡിക നം.128)

2204-00-104-95—ദേശീയവും അന്തർദേശീയവുമായ കായിക മത്സരങ്ങളിൽ വിജയികൾക്ക് പ്രോത്സാഹന സമ്മാനത്തുക

ദേശീയ അന്തർദേശീയ മത്സരങ്ങളിൽ വിജയിച്ചുവരുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും അധികതുക ആവശ്യപ്പെട്ട് സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നം.129)

2204-00-104-91—ഡിപ്പാർട്ട്മെൻറ് സ്കൂളുകളിൽ കായിക വിനോദ വിഭാഗങ്ങളിൽ സൗകര്യങ്ങൾ സജ്ജീകരിക്കൽ (സ്പോർട്സ് സ്കൂളുകളും ഡിവിഷനുകളും)

05-1—ഓഫീസ് ചെലവുകൾ വെള്ളക്കരം

ജി.വി. രാജ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നിവിടങ്ങളിലെ വെള്ളക്കരത്തിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 6 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കായിക യുവജനകാര്യാലയം ഡയറക്ടർ അധിക തുകയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും, ധനപരിമിതി കാരണം ആയത് അനുവദിച്ച് നൽകിയിട്ടില്ല.

ശിപാർശ (ഖണ്ഡിക നം.130)

2204-00-104-90—സർക്കസ് പ്രോത്സാഹിപ്പിക്കുന്നതിന്

അവശ സർക്കസ് കലാകാരന്മാരുടെ 2021-22 വർഷത്തെ കുടിശ്ശിക അനുവദിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കായിക യുവജനകാര്യാലയം ഡയറക്ടർ അധികതുക ആവശ്യപ്പെട്ട് സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

(125 മുതൽ 130 വരെയുള്ള ഖണ്ഡികകളിന്മേൽ കായിക യുവജനകാര്യ വകുപ്പ് 18-3-2024-ലെ എ 2/375/2022/കാ.യു.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 8-10-2024-ലെ യോഗത്തിൽ അംഗീകരിച്ചു. കാലതാമസപത്രിക 2-7-2024-ന് സഭയിൽ സമർപ്പിച്ചു)

**3. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ടിലെ (2023-2024) ശിപാർശകളിൻമേൽ സ്വീകരിച്ച നടപടി റിപ്പോർട്ട്**

(ഫയൽ നമ്പർ 5135/സബ്.സി.ഇ 1/2023/ലെജി)

ശിപാർശ (ഖണ്ഡിക നം.68)

2203-00-103-99-06—ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം - വാടക, കരം, നികുതി

വിവിധ ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടങ്ങളുടെ വാടക കുടിശ്ശിക നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ 5 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2023-24 സാമ്പത്തികവർഷത്തിലെ ചെലവ് ബഡ്ജറ്റ് പ്രൊവിഷന് ഉള്ളിലായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(ഖണ്ഡിക 68-മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് 30-8-2024-ലെ ജെ2/114/2023/ ഉ.വി.വ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 8-10-2024-ലെ യോഗത്തിൽ അംഗീകരിച്ചു. കാലതാമസപത്രിക 18-3-2025-ന് സഭയിൽ സമർപ്പിച്ചു)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 1-51, 56, 63, 64, 72-78, 81-83, 87-127, 138 എന്നിവയിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ നടപടിപത്രികകൾ 10-6-24, 2-7-24 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശകളുടേയും ഗവൺമെന്റ് ലഭ്യമാക്കിയ മറുപടികളുടെയും വിശദാംശം 4-7-2024-ന് സഭയിൽ സമർപ്പിച്ച സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## അധ്യായം VII

### സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടിപത്രികകൾ റിപ്പോർട്ട് കാലയളവിൽ സമിതി പരിഗണിച്ചിട്ടില്ല.

വി. ശിവൻകുട്ടി,
*ചെയർപേഴ്സൺ,*
സബ്ജക്ട് കമ്മിറ്റി VI.

തിരുവനന്തപുരം,
2025 സെപ്റ്റംബർ 16.

945/2025.

## അനുബന്ധം

# 10-6-2024-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2024 ജൂൺ മാസം 10-ാം തീയതി തിങ്കളാഴ്ച സഭാസമ്മേളനത്തിനുശേഷം ഉച്ചയ്ക്ക് 12.40-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രിയുമായ ശ്രീ.വി.ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുമായ ഡോ.ആർ.ബിന്ദുവും താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. എം. എസ്. അരുൺ കുമാർ
3. ശ്രീ. ടി. വി. ഇബ്രാഹിം
4. ശ്രീ. ടി. ഐ. മധുസൂദനൻ
5. ശ്രീ. മുഹമ്മദ് മുഹസിൻ
6. ശ്രീ. കെ. എം. സച്ചിൻദേവ്
7. ശ്രീ. എം. വിജിൻ

നിയമസഭ സെക്രട്ടേറിയറ്റ്

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി ഇഷിത റോയ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
2. ശ്രീ. കെ. സുധീർ, ഡയറക്ടർ, കൊളീജിയറ്റ് വിദ്യാഭ്യാസം
3. ശ്രീമതി ഹെലീന തോമസ് വി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ഡോ. ഗിരീഷ് ചോലയിൽ, ജോയിന്റ് കമ്മീഷണർ, പരീക്ഷാ ഭവൻ
5. ശ്രീ. സുരേഷ് കുമാർ എസ്, രജിസ്ട്രാർ, സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം.
6. ശ്രീ. സുരേഷ് എസ്., സീനിയർ ഫിനാൻസ് ഓഫീസർ, സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം.

സമിതി ഗവൺമെന്റിൽ നിന്നും ലഭിച്ച കരട് ചട്ടം, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന പ്രകാരം തീരുമാനങ്ങളെടുക്കുകയും ചെയ്തു.

**I. കരട് ചട്ടങ്ങളുടെ പരിഗണന**

**The Kerala Education (Amendment) Rules, 2024**

(ഫയൽ നം.6639/സബ്.സി.ഇ 1/2024/നി.സെ.)

1959-ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം VI, ചട്ടം 3-ൽ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ പേര് മാറ്റം (alteration and correction) സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ളതാണെന്നും എന്നാൽ Substitution/Change of name എന്നിവ സംബന്ധിച്ച വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ ആയതു കൂടി ഉൾപ്പെടുത്തി കേരള വിദ്യാഭ്യാസ ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടമാണ് സമിതി മുൻപാകെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതെന്ന് പരീക്ഷാ ഭവൻ ജോയിന്റ് കമ്മീഷണർ സമിതിയിൽ വ്യക്തമാക്കി.

എന്നാൽ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ ഇഷ്ടാനുസരണം പേര് തിരുത്തുന്നതിലൂടെ നിയമ പ്രശ്നങ്ങളുണ്ടാകുമെന്നും പേര് തിരുത്താനായി നിലവിൽ ഈടാക്കുന്ന 30 രൂപ വർദ്ധിപ്പിക്കണമെന്നും ക്ലറിക്കൽ പിശകുകൾ സൗജന്യമായി തിരുത്തി നൽകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ക്ലറിക്കൽ പിശകുകൾ സ്കൂൾ രേഖകൾ പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തി നൽകാറുണ്ടെന്നും അതിന് ഗസറ്റ് വിജ്ഞാപനത്തിന്റെ ആവശ്യമില്ലായെന്നും ജനനതീയതി തിരുത്താനായി ഫീസിനത്തിൽ 500 രൂപയാണ് ഈടാക്കുന്നതെന്നും എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ പേര് തിരുത്തുന്നതിന് നിലവിൽ 30 രൂപയാണ് ഈടാക്കുന്നതെന്നും ആയത് വർദ്ധിപ്പിക്കണമെന്നും പരീക്ഷാ ഭവൻ ജോയിന്റ് കമ്മീഷണർ സമിതിയിൽ ആവശ്യപ്പെടുകയുണ്ടായി. ആയതിന്മേൽ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ പേര് തിരുത്തി നൽകുന്നതിന് നിലവിൽ ഈടാക്കുന്ന ഫീസായ 30 രൂപ എന്നത് 150 രൂപയാക്കുന്നതിന് വകുപ്പിന് ശിപാർശ നൽകാനും സമിതി തീരുമാനം കൈക്കൊണ്ടു.

തുടർന്ന് കരട് ചട്ടം പരിഗണിച്ച സമിതി, താഴെപ്പറയുന്ന ഭേദഗതി നിർദ്ദേശത്തോടെ ചട്ടം അംഗീകരിച്ചു.

ചട്ടം 2-ൽ "in chapter VI, for sub rule (4) of rule (3)" എന്നത് " in chapter VI, for sub rule (4) of rule 3" എന്ന് മാറ്റം വരുത്തുക.

## II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടിപത്രികകളുടെ പരിഗണന

1) 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നം.1925/സബ്.സി.ഇ 1/2018/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ 70-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരത്തിന്മേൽ ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ് 13-11-2023-ലെ കത്തു പ്രകാരം ലഭ്യമാക്കിയ നടപടിപത്രിക സമിതി അംഗീകരിച്ചു.

2) 2021-22 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നം.12380/സബ്.സി.ഇ 1/2021/നി.സെ.)

65-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ് 30-9-2023-ലെ കത്തു പ്രകാരം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റും കാലതാമസപത്രികയും സമിതി അംഗീകരിച്ചു.

3) 2022-23 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നം.12982/സബ്.സി.ഇ 1/2022/നി.സെ.)

66-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ ഉന്നതവിദ്യാഭ്യാസ (ജെ) വകുപ്പ് 1-12-2023-ലെ കത്തു പ്രകാരം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റും കാലതാമസ പത്രികയും സമിതി അംഗീകരിച്ചു.

4) 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നം.5135/സബ്.സി.ഇ 1/2023/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ താഴെപ്പറയുന്ന ശിപാർശ/ഖണ്ഡികകളിന്മേൽ പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, ആസൂത്രണ സാമ്പത്തിക കാര്യം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ നടപടി പത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ശിപാർശ നം. 1-41, 138

(റഫറൻസ് നം.പി2/247/2024/പൊവിവ; തീയതി 24-5-2024)

ശിപാർശ നം.42-51, 56, 63, 64

(റഫറൻസ് നം. B1/86/2023/HEDN; തീയതി 16-3-2024)

ശിപാർശ നം.77

(റഫറൻസ് നം. K3/94/2023/HEDN; തീയതി 4-5-2024)

ശിപാർശ നം.87

(റഫറൻസ് നം. P-RO/40/2023/PLGEA; തീയതി 15-11-2023)

**III. ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസ പത്രികകളുടെ പരിഗണന**

1. 2021-22 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തനറിപ്പോർട്ടിന്മേലുള്ള കാലതാമസ പത്രിക.

(ഫയൽ നം.737/സബ്.സി.ഇ 1/2022/നി.സെ.)

2. 2022-23 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസ പത്രിക.

(ഫയൽ നം.889/സബ്.സി.ഇ 1/2023/നി.സെ.)

മേൽപ്പറഞ്ഞ വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് 15-11-2023, 24-5-2024 തീയതികളിലെ കത്തു പ്രകാരം ലഭ്യമാക്കിയ കാലതാമസപത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(യോഗം ഉച്ചയ്ക്ക് ശേഷം 12.50 ന് പിരിഞ്ഞു)

## 2-7-2024-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2024 ജൂലൈ മാസം 2-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനുശേഷം രാത്രി 7.25-ന് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പു മന്ത്രിയുമായ ശ്രീ.വി.ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു.ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പു മന്ത്രിയുമായ ഡോ.ആർ.ബിന്ദുവും സന്നിഹിതയായിരുന്നു.

ഹാജരായ അംഗങ്ങൾ

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. ടി.വി ഇബ്രാഹിം
3. ശ്രീ. മുഹമ്മദ് മുഹസിൻ

നിയമസഭ സെക്രട്ടേറിയറ്റ്

ശ്രീ. ജയകുമാർ ജി, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. രാജൻ എൻ. ഖൊബ്രഗഡെ, അഡീഷണൽ ചീഫ് സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.
2. ശ്രീ. അജയൻ സി., അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.
3. ശ്രീ. സന്തോഷ് ആർ., ജോയിന്റ് സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.
4. ശ്രീ. ഇ. ദിനേശൻ, ഡയറക്ടർ, പുരാവസ്തു വകുപ്പ്.
5. ശ്രീമതി പാർവ്വതി എസ്., ഡയറക്ടർ-ഇൻ-ചാർജ്, പുരാരേഖ വകുപ്പ്.
6. ശ്രീ. ജയകുമാർ എസ്., കൺസർവ്വേഷൻ ഓഫീസർ, ആർക്കിയോളജി വകുപ്പ്.
7. ശ്രീ. ജ്യോതി എൻ., അക്കൗണ്ട്സ് ഓഫീസർ, എൻ.സി.സി.

സമിതി 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ടിന്മേൽ ഗവൺമെന്റിൽ നിന്നും ലഭിച്ച നടപടി പത്രികകളും, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവയുടെ കരടും പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയും പ്രകാരം തീരുമാനങ്ങളെടുക്കുകയും ചെയ്തു.

**I. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ പരിഗണന**

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നം.5135/സബ്.സി.ഇ 1/2023/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നത വിദ്യാഭ്യാസം, സാംസ്കാരികം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ നടപടി പത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക നമ്പർ 72,73

(റഫറൻസ് നം.ജെ1/177/2024/ഉവിവ:തീയതി.31-5-2024)

ഖണ്ഡിക നമ്പർ 74-76

(റഫറൻസ് നം.ജെ1/170/2024/ഉവിവ:തീയതി.31-5-2024)

ഖണ്ഡിക നമ്പർ 78

(റഫറൻസ് നം.എ 2/84/2023/ഉവിവ:തീയതി.27-5-2024)

ഖണ്ഡിക നമ്പർ 81, 82

(റഫറൻസ് നം.എ 2/82/2023/ഉവിവ:തീയതി.25-5-2024)

ഖണ്ഡിക നമ്പർ 83

(റഫറൻസ് നം.എ 1/114/2023/എച്ച്.ഇ.ഡി.എൻ: തീയതി.3-6-2024)

ഖണ്ഡിക നം. 119-122, 124, 125

(റഫറൻസ് നം.ബി2/120/2023/സാം.കാ.വ:തീയതി.29-5-2024)

ഖണ്ഡിക നം. 88-118, 123, 126, 127

(റഫറൻസ് നം.എ 3/58/2023/സാം.കാ.വ:തീയതി.26-6-2024)

**II കരട് റിപ്പോർട്ടുകളുടെ പരിഗണന**

സമിതി താഴെപ്പറയുന്ന റിപ്പോർട്ടുകളുടെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടുകൾ 4-7-2024-ന് സഭയിൽ സമർപ്പിക്കുന്നതിന് തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

(i) 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്;

(ii) 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

യോഗം രാത്രി 7.30- ന് അവസാനിച്ചു.

## 8-10-2024 -ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2024 ഒക്ടോബർ മാസം 08-ാം തീയതി ചൊവ്വാഴ്ച സഭാസമ്മേളനത്തിനുശേഷം വൈകുന്നേരം 4.35-ന് നിയമസഭാസമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുമായ ശ്രീ.വി.ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. എം. എസ്. അരുൺകുമാർ
3. ശ്രീ. ടി. വി. ഇബ്രാഹിം
4. ശ്രീ. ടി. ഐ. മധുസൂദനൻ
5. ശ്രീ. മുഹമ്മദ് മുഹസിൻ
6. ശ്രീ. കെ. എം. സച്ചിൻദേവ്
7. ശ്രീ. എം. വിജിൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. അജിത്കുമാർ വി.ഒ., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീമതി റാണി ജോർജ്, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യഭ്യാസ വകുപ്പ്.
2. ശ്രീ. എസ്. ഷാനവാസ്,

   ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
3. ശ്രീമതി ഹെലീന തോമസ്,

   അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
4. ശ്രീമതി മീനാംബിക എം.ഐ.,

   അഡീഷണൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

5. ശ്രീമതി വിജയശ്രീ എസ്.,

ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

6. ശ്രീ. ജയറാംകുമാർ ആർ.,

ജോയിന്റ് സെക്രട്ടറി, കായിക- യുവജനകാര്യ വകുപ്പ്.

7. ശ്രീമതി ഷിജി വി.,

ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്.

8. ശ്രീമതി ആശ എ.കെ.,

ഡെപ്യൂട്ടി സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

9. ശ്രീ. ഷാനവാസ് ഖാൻ ഇ.,

അഡീഷണൽ ഡയറക്ടർ, കായിക- യുവജനകാര്യ വകുപ്പ്.

10. ശ്രീമതി ശ്രീദേവി ചന്ദ്രൻ,

അസിസ്റ്റന്റ് സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ.

സമിതി, സമിതിയുടെ പരിഗണനയ്ക്കായി ഗവൺമെന്റിൽനിന്നും ലഭ്യമാക്കിയ കരട് ചട്ടം, ധനാഭ്യർത്ഥനകളുടെ പരിശോധനാ റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, വാർഷികപ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസപത്രികകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും ആയതിന്മേൽ താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## I. കരട് ചട്ടങ്ങളുടെ പരിഗണന

1. The Kerala Education (Amendment) Rules, 2024

(ഫയൽ നമ്പർ 15332/സബ്.സി.ഇ 1/2024/ലെജി.)

പ്രസ്തുത കരട് ചട്ടപ്രകാരം കൊണ്ടുവന്നിട്ടുള്ള ഭേദഗതിയെക്കുറിച്ച് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആരാഞ്ഞു. 1959-ലെ കേരള വിദ്യാഭ്യാസചട്ടങ്ങളിലെ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾക്ക് ബാധകമായ അധ്യായം XXXII -ലെ 4.1 പ്രകാരം ഹയർ സെക്കന്ററി പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ, ഹൈസ്കൂൾ പ്രധാനാധ്യാപകൻ എന്നീ തസ്തികകളിൽ 2:1 അനുപാതത്തിൽ നിയമനം നടത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം ഹൈസ്കൂൾ പ്രധാനാധ്യാപകന് പ്രിൻസിപ്പലായി നിയമനം നൽകണമെങ്കിൽ ഹയർ സെക്കന്ററിയിൽ പഠിപ്പിക്കാനുള്ള

വിഷയം ഉണ്ടായിരിക്കണമെന്നും കൂടാതെ പഠിപ്പിക്കാനുള്ള വിഷയം ഉണ്ടെങ്കിലും അതേവിഷയം പഠിപ്പിക്കുന്ന ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ ടി സ്കൂളിൽ ഉള്ളപക്ഷം പ്രഥമാധ്യാപകന് പ്രമോഷൻ നൽകേണ്ടതില്ലെന്നും ഇതുസംബന്ധിച്ച വ്യവസ്ഥകൂടി ഉൾപ്പെടുത്തി കേരള വിദ്യാഭ്യാസചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടമാണ് സമിതി മുൻപാകെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. സർക്കാർ എക്സിക്യൂട്ടീവ് ഉത്തരവ് മേൽപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും കെ.ഇ.ആർ.-ൽ ഭേദഗതി വരാത്തതിനാൽ കോടതി അംഗീകരിച്ചില്ലെന്നും അതിനാലാണ് ചട്ടം ഭേദഗതി ചെയ്യേണ്ട ആവശ്യകത ഉണ്ടായതെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

തുടർന്ന് സമിതി പ്രസ്തുത കരട് ചട്ടം പരിശോധിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു.

## 2. The Kerala Higher Secondary Education Subordinate Service (Amendment) Rules, 2023

(ഫയൽ നമ്പർ 16592/സബ്.സി.ഇ 1/2024/ലെജി.)

The Kerala Higher Secondary Education Subordinate Service സ്പെഷ്യൽ റൂളിലെ റൂൾ 3 പ്രകാരം അനുവദിച്ചിട്ടുള്ള 25% തസ്തികമാറ്റനിയമന ക്വാട്ടയിലേയ്ക്ക് എച്ച്.എസ്.എ., യു.പി.എസ്.എ. / എൽ.പി.എസ്.എ. എന്നീ വിഭാഗങ്ങൾക്ക് പുറമെ പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹയർ സെക്കന്ററി വിഭാഗത്തിൽനിന്നും അർഹരായ മിനിസ്റ്റീരിയൽ ജീവനക്കാർ, ലാബ് അസിസ്റ്റന്റുമാർ എന്നിവരെക്കൂടി തസ്തികമാറ്റ നിയമനത്തിൽ ഉൾപ്പെടുത്തി യഥാക്രമം 70:20:5:5 എന്ന അനുപാതത്തിൽ സബ് ക്വാട്ട അനുവദിച്ചുകൊണ്ടും തസ്തികമാറ്റ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്താനും സർക്കാർ ഉത്തരവിറക്കുകയും ആയതുസംബന്ധിച്ച കരട് ചട്ടം 27-4-2023 -ന് പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭ്യമാകുകയും പ്രസ്തുത കരട് ചട്ടം 7-6-2023 -ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. തുടർന്ന് പ്രസ്തുത കരട് ചട്ടത്തിന്മേൽ SRO No. 735/2023 ആയി വിജ്ഞാപനം പുറപ്പെടുവിച്ചതും സമിതിക്ക് ലഭ്യമാക്കിയിരുന്നു.

എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയിലെ പി.എസ്.സി. മുഖേനയുള്ള തസ്തികമാറ്റ നിയമനത്തിൽ മേൽപ്പറഞ്ഞ ചട്ടഭേദഗതി നിലവിൽ വന്നിട്ടുണ്ടെങ്കിലും ടി വിജ്ഞാപനത്തിൽ പി.എസ്.സി. നിർദ്ദേശിച്ച ചില മാറ്റങ്ങൾ സർക്കാരിന്റെ പരിഗണനയിലാണെന്നും ആയതുകൂടി പൂർത്തിയായാലേ എച്ച്.എസ്.എസ്.ടി. (ജൂനിയർ)-ലെ തസ്തികമാറ്റ ഒഴിവുകളിലേക്ക് പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിക്കാനാവുകയുള്ളുവെന്നും

എന്നാൽ തസ്തികമാറ്റ നിയമനവുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് ലഭിച്ച നിവേദനങ്ങളുടെയും അധ്യാപക സംഘടനകളുടെ ആവശ്യത്തിന്റെയും അടിസ്ഥാനത്തിൽ അധ്യാപകരുടെ സീനിയോറിറ്റി മറികടന്ന് സ്ഥാനക്കയറ്റം നല്കുന്നത് ഉചിതമല്ലായെന്നും കഴിഞ്ഞ രണ്ട് ദശാബ്ദമായി അധ്യാപകർ അനുഭവിച്ചുവരുന്ന സ്ഥാനക്കയറ്റ ആനുകൂല്യം നഷ്ടപ്പെടാൻ പാടില്ലെന്നുമുള്ള നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കന്ററി ജൂനിയർ അധ്യാപക നിയമനത്തിനായി നീക്കിവച്ചിട്ടുള്ള ബൈട്രാൻസ്ഫർ മുഖേന നികത്തേണ്ട 25% ഒഴിവുകൾ ഫീഡർ കാറ്റഗറിയിലെ അവരുടെ സീനിയോറിറ്റി അടിസ്ഥാനമാക്കിത്തന്നെ നികത്താമെന്ന് ഇതിന്മേൽ സർക്കാർ തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ടെന്ന് അറിയിച്ചുകൊണ്ടും ഇതിൻപ്രകാരം ചട്ടഭേദഗതി വരുത്തുന്നതിലേയ്ക്കായി സമിതിയുടെ അനുമതി തേടിക്കൊണ്ടും പൊതുവിദ്യാഭ്യാസ വകുപ്പ് 19-9-2024 തീയതിയായി സമിതിക്ക് സമർപ്പിച്ച കത്ത് പ്രസ്തുത യോഗത്തിൽ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി.

ചട്ടത്തിലെ 'സീനിയോറിറ്റി' എന്ന വാക്ക് ഒഴിവാക്കണമെന്നുള്ളതാണ് പി.എസ്.സി. യുടെ ആവശ്യമെന്നും പ്രസ്തുത വാക്ക് ഒഴിവാക്കുമ്പോൾ സീനിയർ അധ്യാപകർക്ക് അവസരം നഷ്ടപ്പെടുമെന്ന സാഹചര്യത്തിലാണ് ഇങ്ങനെയൊരു നിർദേശം മുന്നോട്ടുവയ്ക്കുന്നതെന്നും 2020 വരെ തസ്തികമാറ്റം മുഖേനയുള്ള നിയമനം സീനിയോറിറ്റി ലിസ്റ്റ് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ നേരിട്ടാണ് നടത്തിയിരുന്നതെന്നും അതുവരെയുള്ള എൻ.ജെ.ഡി. ഒഴിവുകൾ നികത്താനുണ്ടെന്നും 10 വർഷത്തോളം തസ്തികമാറ്റം മുഖേനയുള്ള നിയമനം നടന്നിരുന്നില്ലായെന്നും നേരത്തെയുണ്ടായിരുന്ന ചട്ടത്തിൽ ബൈട്രാൻസ്ഫർ നിയമനം എങ്ങനെ നടത്തണമെന്ന് വ്യക്തമാക്കാതെ അനുപാതം മാത്രമാണ് ഉൾപ്പെടുത്തിയിരുന്നതെന്നും പി.എസ്.സി. മുഖേന നിയമനം നടത്തുമ്പോൾ വകുപ്പിലെ സീനിയോറിറ്റിയെ ബാധിക്കുമെന്നും 2020 വരെ സീനിയോറിറ്റി അനുസരിച്ചാണ് പ്രൊമോഷൻ നല്കിയിരുന്നതെന്നും സീനിയോറിറ്റി മറികടന്ന് ടെസ്റ്റ് നടത്തി നിയമനം നടത്തുന്നത് ഒഴിവാക്കാനും പൊതുവിദ്യാഭ്യാസ ഡയറക്ടർ തന്നെ നിയമനം നടത്താനുമാണ് ടി വിഷയം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിയമനം നടത്തുമ്പോൾ എൻ.ജെ.ഡി. ഒഴിവുകൾ റാങ്ക് ലിസ്റ്റിലുള്ളവർക്കുതന്നെ ലഭിക്കുമെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി.

അധ്യാപകർക്ക് സർവീസിൽ പ്രവേശിച്ചാൽ മറ്റ് പരീക്ഷകളൊന്നും പാസാകാതെയാണ് പ്രൊമോഷൻ നൽകുന്നത്. ഇതു ശരിയല്ലെന്നും അധ്യാപന കഴിവുകൂടി പരിശോധിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടതിന്മേൽ, എച്ച്.എസ്.എസ്.ടി. (ജൂനിയർ) ആയി ബൈട്രാൻസ്ഫർ നിയമനം നടത്തുന്നതിനായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക്

അവരുടെ അധ്യാപനമികവ് മെച്ചപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി. നടത്തുന്ന ഒരു സ്പെഷ്യൽ ട്രെയിനിംഗ് പ്രോഗ്രാം പൂർത്തിയാക്കേണ്ടതുണ്ടെന്നത് ചട്ടത്തിൽത്തന്നെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

തുടർന്ന് സമിതി, എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയിലെ ബൈട്രാൻസ്ഫർ നിയമനം വകുപ്പുതലത്തിൽ നടത്തുന്നതിന് പുതിയ കരട് ചട്ടം കൊണ്ടുവരുന്നത് സംബന്ധിച്ച് വകുപ്പ് നൽകിയ വിശദീകരണം അംഗീകരിച്ച് ആയതിനുള്ള അനുമതി നൽകാനും അതോടൊപ്പം അപ്രകാരം തയ്യാറാക്കുന്ന കരട് ചട്ടം സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കുവാൻ വകുപ്പിനോട് ആവശ്യപ്പെടാനും തീരുമാനിച്ചു. കൂടാതെ ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽവരുന്ന സ്പെഷ്യൽ റൂൾസിൽ അധ്യാപകർക്ക് പ്രൊമോഷൻ നൽകുന്നതിനായി ടെസ്റ്റ് നടത്തുന്നതിനും ടീച്ചിംഗ് സ്കിൽ പരിശോധിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനായും സമിതി നിർദ്ദേശിച്ചു.

3. <u>2019-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല - ആദ്യ സ്റ്റാറ്റ്യൂട്ടുകൾ വിജ്ഞാപനം ചെയ്ത പകർപ്പിലെ വ്യത്യാസം പരിഹരിക്കുന്നത് സംബന്ധിച്ച്</u>

(ഫയൽ നമ്പർ 3030/സബ്.സി.ഇ 1/2013/നി.സെ.)

പ്രസ്തുത ഫയൽ വിഷയത്തിന്മേലുള്ള നടപടികൾ അവസാനിപ്പിക്കാൻ സമിതി തീരുമാനിച്ചു.

**II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി പത്രികകളുടെ പരിഗണന**

1. <u>2022-23 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 12982/സബ്.സി.ഇ 1/2022/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ 125 മുതൽ 130 വരെയുള്ള ഖണ്ഡികകളിലെ ശിപാർശയിന്മേൽ കായികയുവജനകാര്യ (എ) വകുപ്പ് 18-3-2024 -ലെ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് കാലതാമസ പത്രികസഹിതം സമിതി അംഗീകരിച്ചു.

2. <u>2023-24 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 5135/സബ്.സി.ഇ 1/2023/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ 68-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ് 30-8-2024 -ലെ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റും കാലതാമസപത്രികയും സമിതി അംഗീകരിച്ചു.

**III. ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികയുടെ പരിഗണന**

(ഫയൽ നമ്പർ 899/സബ്.സി.ഇ 1/2023/ലെജി.)

2022-23 സാമ്പത്തികവർഷം ലഭ്യമായ ബജറ്റ് വിഹിതം ചെലവഴിച്ചതിന്മേലുള്ള വാർഷിക പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടതിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് 6-8-2024 -ലെ കത്ത് പ്രകാരം ലഭ്യമാക്കിയ കാലതാമസപത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ അഖിലേന്ത്യാ പഠനപര്യടന പരിപാടിക്കായി രൂപരേഖ തയ്യാറാക്കുവാൻ സമിതി അംഗങ്ങളായ ശ്രീ. ടി.വി. ഇബ്രാഹിമിനെയും ശ്രീ. എം. വിജിനെയും സമിതി ചുമതലപ്പെടുത്തി.

യോഗം വൈകുന്നേരം 4.50 -ന് പിരിഞ്ഞു.

## 4-12-2024 -ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2024 ഡിസംബർ മാസം 4-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു.പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. ടി.ഐ. മധുസൂദനൻ
3. ശ്രീ. മുഹമ്മദ് മുഹസിൻ
4. ശ്രീ. കെ. എം. സച്ചിൻദേവ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീമതി റാണി ജോർജ്, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്

2. ശ്രീ. ഷാനവാസ് എസ്., ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്

3. ശ്രീമതി അനുലേഖ ഇ., സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ, സമഗ്ര ശിക്ഷാ കേരള

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം സമിതി സർക്കാർ സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണപദ്ധതി, യൂണിഫോം വിതരണം എന്നീ വിഷയങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

(ഫയൽ നം : 18543/സബ്.സി.ഇ 1/2024/ലെജി.)

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കി വരുന്ന ഉച്ചഭക്ഷണ പദ്ധതിയെക്കുറിച്ചും പദ്ധതിയുടെ നടത്തിപ്പ്, പദ്ധതിക്കായി അനുവദിക്കപ്പെടുന്ന തുക, പാചകത്തൊഴിലാളികളുടെ ഓണറേറിയം, നടപ്പു വർഷം അനുവദിച്ച (2024-25) ബജറ്റ് വിഹിതം, ഇതുവരെയുള്ള ഫണ്ട് വിനിയോഗം, പദ്ധതി നടത്തിപ്പിൽ അനുഭവപ്പെടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ, ഈ മേഖലയിൽ ഭാവിയിൽ സ്വീകരിക്കേണ്ട നടപടികൾ തുടങ്ങിയ വിഷയങ്ങളും അതോടൊപ്പം സ്കൂൾ യൂണിഫോം വിതരണം സംബന്ധിച്ചും സമഗ്രമായി ചർച്ച ചെയ്യപ്പെടേണ്ട വിഷയങ്ങളാണെന്ന് ആമുഖമായി പറഞ്ഞുകൊണ്ട് സമിതി ചെയർപേഴ്സൺ പദ്ധതി പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു.

നമ്മുടെ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 8 വരെയുള്ള ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് ഉച്ചഭക്ഷണവും യൂണിഫോമും സൗജന്യമായി ലഭ്യമാക്കണമെന്നത് കുട്ടികളുടെ അവകാശമായി അംഗീകരിക്കപ്പെട്ടതാണെന്നും 8 ലക്ഷത്തോളം കുട്ടികൾ ഗുണഭോക്താക്കളായുള്ള കൈത്തറി യൂണിഫോം പദ്ധതിയുടെ നിർവഹണത്തിനായി ഭരണാനുമതിപ്രകാരം 140 കോടി രൂപ അനുവദിക്കപ്പെട്ടിട്ടുണ്ടെന്നും 2024-25 സാമ്പത്തിക വർഷം കൈത്തറി യൂണിഫോം വിതരണത്തിനായി 25 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും ഉച്ചഭക്ഷണ വിതരണത്തിനുള്ള തുക ലഭ്യമാക്കുന്നതിൽ ചില പോരായ്മകൾ വന്നിട്ടുണ്ടെങ്കിലും മുടക്കംകൂടാതെ പദ്ധതി മുന്നോട്ടുപോകുന്നുണ്ടെന്നും എയിഡഡ് മാനേജ്മെന്റ് സ്കൂളുകളിൽ യൂണിഫോം വിതരണത്തിനുള്ള തുക നേരിട്ട് നൽകുകയും ഗവൺമെന്റ് സ്കൂളുകളിൽ യൂണിഫോമിനുള്ള കൈത്തറിത്തുണിയെടുത്ത് തയ്ക്കാനുള്ള സംവിധാനവുമാണ് ചെയ്തിരിക്കുന്നതെന്നും ചെയർപേഴ്സൺ വ്യക്തമാക്കി.

പദ്ധതിക്കുള്ള കേന്ദ്രവിഹിതം കൃത്യമായി ലഭ്യമാകുന്നുണ്ടോയെന്ന വിവരം സമിതിയംഗം ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് ആരാഞ്ഞതിന്മേൽ പദ്ധതിക്കായി ഒരു സാമ്പത്തിക വർഷം മൊത്തത്തിൽ അനുവദിക്കപ്പെടുന്ന കേന്ദ്ര-സംസ്ഥാന വിഹിതത്തിൽനിന്നും ആദ്യഘട്ടത്തിൽ അനുവദിച്ചുനൽകുന്ന തുകയുടെ 80 ശതമാനം ചെലവഴിച്ചശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കേന്ദ്രത്തിൽ ലഭ്യമാക്കിയാൽ മാത്രമെ അടുത്തവർഷത്തെ തുക ലഭ്യമാകുകയുള്ളൂവെന്നും ഇതിൽത്തന്നെ അനുവദിക്കപ്പെടുന്ന ആദ്യഗഡു ചെലവഴിച്ചശേഷം മാത്രമെ രണ്ടാംഗഡു അനുവദിക്കുകയുള്ളൂവെന്നും ലഭ്യമാകുന്ന കേന്ദ്രവിഹിതം ആദ്യംതന്നെ സംസ്ഥാന ട്രഷറിയിൽ അടയ്ക്കുകയും അതിനുശേഷം കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ഒരുമിച്ച് എസ്.എൻ.എ. അക്കൗണ്ടിലേക്ക് (Single Nodal Agency) എത്തുന്ന രീതിയിലാണ് കാര്യങ്ങൾ ക്രമീകരിച്ചിരിക്കുന്നതെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ വ്യക്തമാക്കി. കേന്ദ്ര വിഹിതം ലഭ്യമായശേഷം കാലതാമസംകൂടാതെ സംസ്ഥാന വിഹിതം ലഭ്യമാക്കി തുക താഴെത്തട്ടിലേക്ക് വിതരണം ചെയ്യാൻ കഴിഞ്ഞാൽ തുടർഗഡുക്കൾ കൃത്യമായി ലഭ്യമാകുമെന്നും എന്നാൽ യൂട്ടിലൈസേഷൻ 80 ശതമാനം പൂർത്തിയാകാത്ത ഘട്ടങ്ങളിൽ അടുത്ത ഗഡു ലഭ്യമാകുന്നതിലും കാലതാമസം നേരിടാറുണ്ടെന്നും പ്രസ്തുത പദ്ധതിക്ക് സംസ്ഥാനവിഹിതം 40% ആണെങ്കിലും നിലവിൽ സംസ്ഥാനം ചെലവിടുന്നത് 40 ശതമാനത്തിന് മുകളിലാണെന്നും ഏകദേശം 232 കോടി രൂപയിലധികം അധികവിഹിതമായി സംസ്ഥാന സർക്കാർ നൽകുന്നുണ്ടെന്നും പാചകത്തൊഴിലാളികളുടെ ഓണറേറിയം 1000 രൂപ എന്നതിൽ 600 രൂപ കേന്ദ്രവിഹിതവും (60%) 400 രൂപ സംസ്ഥാനവിഹിതവും (40%) എന്ന കണക്കിലാണ് അനുവദിക്കുന്നതെന്നും ഈ തുകയ്ക്ക് പാചകജോലി ചെയ്യാൻ പാചകത്തൊഴിലാളികൾ വിസമ്മതിക്കുന്നതിനാൽ 12000 രൂപ മുതൽ 13500 രൂപവരെ സംസ്ഥാന ഫണ്ട് അഡീഷണൽ ആതറൈസേഷൻ നൽകിക്കൊണ്ടാണ് പദ്ധതി മുന്നോട്ടുകൊണ്ടു പോകുന്നതെന്നും അതുപോലെ ആഴ്ചയിൽ രണ്ടുദിവസം പാലും മുട്ടയും നൽകുന്നതിനുള്ള ഫണ്ടുകൂടി അധികമായി നൽകുന്നുണ്ടെന്നും ഓണറേറിയം തുക 1000 രൂപ എന്നത് 14 വർഷമായിട്ടും വർധിപ്പിക്കാത്തതിനെ സംബന്ധിച്ച് ഒട്ടേറെ നിവേദനങ്ങളും റിപ്പോർട്ടുകളും അപേക്ഷകളും കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചെങ്കിലും ഇതുവരെ തുക വർദ്ധിപ്പിച്ചിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സംസ്ഥാനങ്ങൾ NEP (National Education Policy) നടപ്പാക്കിയാൽ മാത്രമേ പൊതുവിദ്യാഭ്യാസ മേഖലയിൽ ലഭിക്കേണ്ട കേന്ദ്ര വിഹിതം ലഭ്യമാക്കുകയുള്ളൂവെന്ന നിലപാടാണ് നിലവിൽ കേന്ദ്രം കൈക്കൊണ്ടിരിക്കുന്നത് എന്ന് സമിതി ചെയർപേഴ്സൺ യോഗത്തിൽ വെളിപ്പെടുത്തി.

പാചകത്തൊഴിലാളികൾക്ക് സംസ്ഥാനം നൽകേണ്ട വിഹിതത്തിൽ കുടിശ്ശികയുണ്ടോ എന്ന സമിതിയംഗത്തിന്റെ ചോദ്യത്തിന്, സംസ്ഥാന വിഹിതം കൃത്യമായി നൽകുന്നുണ്ടെന്ന് വകുപ്പുമന്ത്രി കൂടിയായ സമിതി ചെയർമാൻ വ്യക്തമാക്കി.

പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാന വിഹിതമായി നൽകേണ്ടതായ 40 ശതമാനത്തേക്കാൾ കൂടുതൽ തുക എല്ലാ മാസവും സംസ്ഥാനം ചെലവഴിക്കുന്നുണ്ടെങ്കിലും ഇപ്രകാരം അധികമായി ചെലവഴിക്കുന്ന തുകയുടെ കണക്ക് കേന്ദ്രത്തിനയയ്ക്കുന്ന 80 ശതമാനത്തിന്റെ കണക്കിൽ ഉൾപ്പെടുത്താൻ സാധിക്കുന്നതല്ലെന്നും എല്ലാ തുകയും എസ്.എൻ.എ. (single nodal agency) മുഖാന്തരമാണ് വിനിമയം നടത്തുന്നതെന്നും ഒരു മാസത്തെ തുക ലഭ്യമായിക്കഴിഞ്ഞാൽ ആ മാസത്തിന്റെ അവസാനത്തോടുകൂടി ഓരോ സ്കൂളിലെയും പ്രധാനാധ്യാപകൻ ഇതുസംബന്ധിച്ച കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറിൽ ബില്ലുകളെല്ലാം അപ്‌ലോഡ് ചെയ്യേണ്ടതുണ്ടെന്നും മൊത്തം ബില്ലുകൾ കൃത്യതയോടെയും സമയബന്ധിതമായും എല്ലാ സ്കൂളുകളിൽനിന്നും അപ്‌ലോഡ് ചെയ്തുകിട്ടാറില്ലെന്നും വകുപ്പ് അധികൃതരിൽനിന്നുള്ള നിരന്തര സമ്മർദ്ദത്തിലൂടെ മാത്രമാണ് കണക്കുകൾ ലഭ്യമാക്കുന്നതെന്നും ഈ വർഷം 12028 സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകുന്നുണ്ടെന്നും ഓരോ സ്കൂളിലേക്കും അനുവദിക്കപ്പെട്ട തുക നൽകുകയും അവർ അത് ചെലവഴിച്ച് കണക്കുകൾ കൃത്യമായി തയ്യാറാക്കി ബിൽ അപ്‌ലോഡ് ചെയ്യുകയും അതുപ്രകാരം മൊത്തം എക്സ്പെൻഡിച്ചർ 80 ശതമാനത്തിലേക്ക് എത്തിച്ച് കണക്കുകൾ കേന്ദ്രത്തിന് നൽകുകയും ചെയ്തെങ്കിൽ മാത്രമേ അടുത്ത ഗഡു ലഭ്യമാകുകയുള്ളൂവെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

ഇത്തരത്തിൽ അടുത്ത ഗഡുവിനായി 8-11-2024-ന് കേന്ദ്രത്തിലേക്ക് സമർപ്പിച്ച പ്രൊപ്പോസലിൽ സംസ്ഥാന വിഹിതം അനുവദിച്ചതിൽ 7176 രൂപയുടെ കുറവ് കണ്ടതിനാൽ കേന്ദ്രഫണ്ട് ലഭ്യമായില്ലെന്നും അത് കറക്ട് ചെയ്ത് നൽകിയാൽ മാത്രമേ അടുത്ത ഗഡു ലഭ്യമാക്കുകയുള്ളൂവെന്നും അതുകൂടാതെ പ്രത്യേക ഫണ്ടിംഗ് പാറ്റേണുകളുള്ള കംപോണന്റുകൾക്ക് പ്രത്യേകം എസ്.എൽ.എസ്.(State Link Scheme) ഓപ്പൺ ചെയ്തിട്ടില്ലെന്നുള്ള തടസ്സവാദവും കേന്ദ്രം ഉന്നയിച്ചിട്ടുണ്ടെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ വ്യക്തമാക്കി. പ്രസ്തുത വിഷയം ചീഫ് സെക്രട്ടറി പങ്കെടുത്ത മീറ്റിംഗിൽ സൂചിപ്പിച്ചിരുന്നുവെന്നും മറ്റെന്തെങ്കിലും രീതിയിൽ തുക അടച്ച് വിഷയം പരിഹരിക്കാൻ കഴിയുമോയെന്നുള്ളത് പരിശോധിക്കുന്നുണ്ടെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും സമിതിയിൽ വ്യക്തമാക്കി.

പി.റ്റി.എ., എല്ലാ സ്കൂളുകളിലും ശക്തമാണെന്നും, പി.റ്റി.എ., സ്കൂൾ സപ്പോർട്ടിംഗ് കമ്മിറ്റി എന്നിവയുടെ നേതൃത്വത്തിൽ പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ വിഭവങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഉച്ചഭക്ഷണ വിതരണം ഒരു തടസ്സവും കൂടാതെ നിലവിൽ

മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നുണ്ടെന്നും 500 കുട്ടികൾക്ക് ഉച്ചഭക്ഷണമുണ്ടാക്കുന്നതിന് വേണ്ടി ഒരു പാചകത്തൊഴിലാളിയുടെ സേവനം ഉപയോഗപ്പെടുത്തുക എന്നതാണ് ഗവൺമെന്റിന്റെ നയമെന്നും ഇക്കാര്യങ്ങളെല്ലാം ഒരു പരാതിയുംകൂടാതെ പി.റ്റി.എ. ഏറ്റെടുത്ത് നിർവ്വഹിക്കുന്നുണ്ടെന്നും ചെയർപേഴ്സൺ അറിയിച്ചു.

തുടർന്ന് സമിതി പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും 2-12-2024-ലെ കത്തു പ്രകാരം യോഗത്തിന്റെ പരിഗണനയ്ക്ക് ലഭ്യമാക്കുകയുണ്ടായ സ്കൂൾ ഉച്ചഭക്ഷണ പദ്ധതി കാര്യക്ഷമമായും മികവാർന്ന രീതിയിലും നടപ്പാക്കുന്നതിന് മുന്നോട്ടുവച്ച നിർദ്ദേശങ്ങളെ സംബന്ധിച്ചും യോഗത്തിൽ ചർച്ച ചെയ്തു.

എം.എൽ.എ.മാരുടെയും എം.പി.മാരുടെയും ഫണ്ട് മുഖേന പ്രത്യേക പരിഗണന അർഹിക്കുന്ന മേഖലകളായ തീരദേശ മേഖല, ഗോത്രമേഖല എന്നിവിടങ്ങളിലെ സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണമോ, ഉച്ചഭക്ഷണമോ നൽകുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണെന്ന് മുന്നോട്ടുവച്ച നിർദ്ദേശം പരിഗണിച്ച സമിതി, ഉച്ചഭക്ഷണ പരിപാടിയ്ക്ക് എം.എൽ.എ. ഫണ്ട് വിനിയോഗിക്കാൻ നിർദ്ദേശിക്കുന്നത് പ്രായോഗികമല്ലെന്നും എം.എൽ.എ. ഫണ്ട്, സ്കൂൾ പാചകപ്പുര, ഡൈനിംഗ് ഹാൾ എന്നിവയുടെ നിർമ്മാണത്തിനും മറ്റും സപ്പോർട്ടിംഗ് ഫണ്ടായി അനുവദിക്കാറുണ്ടെന്നും ഇത്തരത്തിൽ ആസ്തിവികസനത്തിനുമാത്രമെ ഈ ഫണ്ട് നൽകാൻ കഴിയുകയുള്ളുവെന്നും അഭിപ്രായപ്പെട്ടു.

സ്കൂളുകൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വേസ്റ്റ് മാനേജ്മെന്റ് സ്കീമുകൾ വകുപ്പ് തയ്യാറാക്കുന്നുണ്ടെന്നും ഭക്ഷണശേഷവും കൈകഴുകുമ്പോഴും മറ്റും ഭക്ഷണാവശിഷ്ടങ്ങൾ ഉണ്ടാകുമെന്നതിനാൽ ബയോവേസ്റ്റ് സംസ്കരണത്തിനായി കമ്പോസ്റ്റിംഗ് പിറ്റുകൾ ഉൾപ്പെടെ ചെറിയ രീതിയിലുള്ള വേസ്റ്റ് ഡിസ്പോസൽ യൂണിറ്റുകൾ അസറ്റായി കണക്കാക്കി ആസ്തിവികസന ഫണ്ടുപയോഗിച്ച് ചെയ്യാൻ സാധിക്കുമെന്നതിനാൽ വകുപ്പിൽനിന്നും ഇത്തരം പ്രൊപ്പോസലുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന് നിർദേശിച്ചിട്ടുണ്ടെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ യോഗത്തിൽ വ്യക്തമാക്കി. വേസ്റ്റ് മാനേജ്മെന്റ് സംവിധാനം സംബന്ധിച്ച കാര്യങ്ങൾ എം.എൽ.എ. ഫണ്ടിൽ മാത്രം ഉൾപ്പെടുത്താതെ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തം കൂടി ഉറപ്പുവരുത്തികൊണ്ട് ഇത്തരത്തിൽ കൂടുതൽ പദ്ധതികൾ ചെയ്യേണ്ടതായുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടതിന് നിലവിൽ വേസ്റ്റ് മാനേജ്മെന്റ് പ്രൊപ്പോസൽ പഞ്ചായത്തുകൾക്കാണ് നൽകിയിരിക്കുന്നതെന്ന് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

ആകെ 12028 സ്കൂളുകളുള്ളതിൽ 2200-ഓളം സ്കൂളുകളിൽ വിവിധ സ്ഥാപനങ്ങൾ, പഞ്ചായത്തുകൾ, പി.റ്റി.എ. എന്നിവരുടെ സഹകരണത്തോടെ പ്രഭാതഭക്ഷണം

നൽകുന്നുണ്ടെന്നും സി.എസ്.ആർ ഫണ്ട്., പി.റ്റി.എ. ഫണ്ട്, പൂർവവിദ്യാർഥി സംഘടനകളുടെ സാമ്പത്തിക സഹായം എന്നിവയെല്ലാം ഇതിനായി ഉപയോഗപ്പെടുത്തുന്നുണ്ടെന്നും പഞ്ചായത്തുകൾക്ക് ഇതിനായി തനത് ഫണ്ട് ഉപയോഗിക്കുന്നതിന് തടസ്സമില്ലെന്നും ഈ വർഷം എല്ലാവരെയും ഇക്കാര്യത്തിനായി വീണ്ടും സമീപിക്കുന്നതിന് ഡി.ഡി., ഡി.ഇ.ഒ. എന്നീ തസ്തികകളിലുള്ള ഉദ്യോഗസ്ഥരെ ഇക്കാര്യം ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും പ്രത്യേകിച്ചും ദുർബല വിഭാഗങ്ങൾ അധിവസിക്കുന്ന സ്ഥലങ്ങളിൽ ഈ പദ്ധതി കുറച്ചുകൂടി പ്രചാരത്തിൽ കൊണ്ടുവരുന്ന കാര്യം പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും യോഗത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ വ്യക്തമാക്കി. പ്രസ്തുത പദ്ധതികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഡി.ഡി., ഡി.ഇ.ഒ. എന്നിവരിൽനിന്നും തൽസ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്യാറുണ്ടെന്ന് സമിതി ചെയർമാൻ വ്യക്തമാക്കി.

പൊതുവിദ്യാഭ്യാസ രംഗത്ത് കേരളത്തിൽ നടപ്പാക്കുന്ന ഒട്ടേറെ പദ്ധതികൾ ദേശീയതലത്തിൽത്തന്നെ നടപ്പാക്കുന്നതിന്റെ ഭാഗമായി മറ്റ് സംസ്ഥാനങ്ങളോട് അവ നടപ്പിൽവരുത്തണമെന്ന് കേന്ദ്രം ആവശ്യപ്പെടുന്നുണ്ടെങ്കിലും നമുക്ക് അർഹതപ്പെട്ട പണം മാത്രം നൽകുന്നില്ലെന്നും കേരളത്തിൽ പ്രസ്തുത പദ്ധതികളിലെല്ലാം സോഷ്യൽ ഓഡിറ്റ് നടത്തുന്നുണ്ടെന്നും എല്ലാ വർഷവും ഏകദേശം 350 സ്കൂളുകളിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നുണ്ടെന്നും ഏതെങ്കിലും തരത്തിലുള്ള പരാതികൾ സ്കൂളുകളെക്കുറിച്ച് ഉണ്ടാകുമ്പോൾ അവയെ പ്രത്യേകമായി സെലക്ട് ചെയ്ത് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുകയും പരാതികൾ പരിഹരിച്ച് മുന്നോട്ടുപോകുകയും ചെയ്യുന്ന നിലപാടാണ് സ്വീകരിച്ചുവരുന്നതെന്നും സ്കൂളുകളിൽ ഉപയോഗിക്കുന്ന വെള്ളം, ഭക്ഷണ സാമ്പിളുകൾ എന്നിവ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടെന്നും പാചകത്തൊഴിലാളികൾക്ക് പ്രത്യേകം ട്രെയിനിംഗ് നൽകുന്നുണ്ടെന്നും ഇപ്രാവശ്യത്തെ സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ ഭാഗമായി പാചകത്തൊഴിലാളികളുടെ ഒരു പാചകമത്സരം സംഘടിപ്പിക്കുന്നതിനും സമ്മാനം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ടെന്നും ഇതുസംബന്ധമായുള്ള നിർദ്ദേശം കേന്ദ്ര പദ്ധതിയിലുള്ളതാണെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കഴിഞ്ഞ ബഡ്ജറ്റിൽ സ്കൂൾ ഗ്രേഡിംഗ് സംബന്ധിച്ച് പ്രതിപാദിച്ചിട്ടുള്ളതിനാൽ സ്ക്കൂളുകളിൽ ഗ്രേഡിംഗ് നടത്തുമ്പോൾ സ്കൂൾ ഹൈജീൻ, അക്കാദമിക്, അക്കാദമിക് ഇതരം, മറ്റ് നേട്ടങ്ങൾ, ഇൻഫ്രാസ്ട്രക്ചർ എന്നിങ്ങനെ ഇരുപതോളം മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി മാർക്ക് നൽകിക്കൊണ്ട് സ്കൂൾ ഗ്രേഡിംഗ് നടത്താൻ വകുപ്പ് തലത്തിൽ ആലോചിച്ചിട്ടുണ്ടെന്നും എന്നാൽ സ്കൂളുകളെ ഗ്രേഡ് ചെയ്യുമ്പോൾ ഏറ്റവും കുറഞ്ഞ ഗ്രേഡ് കിട്ടുന്ന സ്കൂളുകളിലേക്ക് കുട്ടികൾ വരാതിരിക്കുന്ന പ്രവണത ഉണ്ടാകില്ലേ എന്നും

അതേസമയം ഗ്രേഡിംഗിൽ താഴെത്തട്ടിൽ നിൽക്കുന്ന സ്കൂളുകളാണെങ്കിൽ അത്തരം സ്കൂളുകളെ പി.റ്റി.എ. ഉൾപ്പെടെ സഹായിച്ചുകൊണ്ട് മുൻനിരയിലെത്തിക്കാനുള്ള ശ്രമങ്ങൾ നടത്തും എന്നുമുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ടെന്നും ഇത്തരത്തിലുള്ള കാര്യങ്ങളെല്ലാം വിശദമായി ചർച്ച ചെയ്ത് തീരുമാനം കൈകൊള്ളേണ്ട വിഷയമാണിതെന്നും ചെയർമാൻ വ്യക്തമാക്കി.

സ്കൂളുകളെ കാറ്റഗറി തിരിച്ചശേഷം ഗ്രേഡിംഗ് നടത്തുമ്പോൾ വലിയ പ്രശ്നം ഉണ്ടാകാൻ സാധ്യതയില്ലെന്നും അപ്രകാരം ചെയ്യുന്നതായിരിക്കും ഉചിതമെന്നും സമിതി അഭിപ്രായപ്പെട്ടു.

മാനേജ്മെന്റുകളിൽനിന്നും ഗവൺമെന്റ് ഏറ്റെടുത്ത സ്കൂളുകൾക്ക് പ്രത്യേകം ഫണ്ട് നൽകേണ്ടതുണ്ടെന്നും അധ്യാപകനിയമനം മാത്രം ലക്ഷ്യംവച്ച് സ്കൂളുകൾ നടത്തുന്നത് ധാരാളം വിദ്യാർഥികളുടെ ഭാവിയെ ബാധിക്കുമെന്നും സ്കൂളുകളിൽ മോശപ്പെട്ട ഭൗതിക സാഹചര്യമാണുള്ളതെങ്കിൽ, അത് ബാധിക്കുന്നത് കുട്ടികളുടെ അധ്യയനത്തെയാണെന്നും, അടിസ്ഥാന ഭൗതികസാഹചര്യങ്ങൾ സ്കൂളുകളിൽ ഉണ്ടാകണമെന്നും സമിതി അഭിപ്രായപ്പെട്ടു. എന്നാൽ എസ്.സി/എസ്.ടി., തീരദേശമേഖലകൾ എന്നിവിടങ്ങളിലുള്ള സ്കൂളുകളിൽ 100 കുട്ടികൾ മാത്രമേയുള്ളുവെങ്കിലും അത്തരം സ്കൂളുകൾ പൂട്ടാൻ പാടില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

വർഷങ്ങൾക്കുമുമ്പേ പാചകജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരാണ് ഓരോ സ്കൂളുകളിലും ഇപ്പോഴുമുള്ള പാചകത്തൊഴിലാളികളെന്നും അവരിലേറെയും വളരെ പ്രായാധിക്യം ചെന്നവരാണെന്നും ജോലി നഷ്ടപ്പെടാതിരിക്കാനായി അവർ സഹായത്തിനായി ബന്ധുവിനെ കൊണ്ടുവരികയും പ്രായാധിക്യത്താൽ അവർ ജോലി രാജിവയ്ക്കുന്ന സ്ഥാനത്ത് അവരുടെ ബന്ധുവിനെ ജോലിയിൽ പ്രവേശിപ്പിക്കണമെന്നതാണ് പ്രായംചെന്ന പാചകത്തൊഴിലാളികളുടെ ആവശ്യമെന്നും പ്രായപരിധി സംബന്ധിച്ച് നിലവിൽ നിബന്ധനകളൊന്നുമില്ലാത്തതിനാൽ പാചകത്തൊഴിലാളികൾക്ക് സേവനത്തിൽ തുടരാനുള്ള ഉയർന്ന പ്രായപരിധി നിശ്ചയിക്കേണ്ടതാണെന്നും യോഗം വിലയിരുത്തി.

തുടർന്ന് സമിതി, പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിലും വകുപ്പ് മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചും ഉച്ചഭക്ഷണ പദ്ധതി കാര്യക്ഷമമായും മികവാർന്ന രീതിയിലും നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ സമിതിയുടെ ശിപാർശയ്ക്കായി വകുപ്പിന് നൽകാൻ തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

1. 2009-ൽ പ്രഖ്യാപിച്ച പാചകതൊഴിലാളികൾക്കുള്ള 1000 രൂപ എന്ന നിരക്കിൽ പ്രതിമാസ മാൻഡേറ്ററി വേതനം 5000 രൂപയായി ഉയർത്തുവാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താൻ സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2. സ്കൂളുകളിൽ ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിന് നിലവിൽ നിയോഗിച്ചിട്ടുള്ള തൊഴിലാളികളുടെ എണ്ണം അപര്യാപ്തമാണ്. 500 കുട്ടികൾക്ക് വരെ ഒരാളും 500-ന് മുകളിൽ രണ്ട് പേരും എന്ന കണക്കിലാണ് നിലവിൽ സംസ്ഥാനത്ത് ഉച്ചഭക്ഷണ പാചകതൊഴിലാളികളെ നിയമിക്കുന്നത്. ഇത് 250 കുട്ടികൾക്ക് ഒരാൾ എന്ന കണക്കിൽ പരമാവധി 4 തൊഴിലാളികൾ വരെ എന്ന രീതി നടപ്പിലാക്കുന്നതിന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

3. പ്രാദേശികമായ സഹകരണത്തോടെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് അതത് മേഖലയിലെ അർഹതപ്പെട്ട സ്കൂളുകളിൽ പ്രഭാത ഭക്ഷണം/ഉച്ചഭക്ഷണം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

(യോഗം രാവിലെ 11.55-ന് പിരിഞ്ഞു.)

## 17-2-2025-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2025 ഫെബ്രുവരി 17-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുമായ ഡോ. ആർ. ബിന്ദുവും താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തിരുന്നു:

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. എം. എസ്. അരുൺ കുമാർ
3. ശ്രീ. ടി. വി. ഇബ്രാഹിം
4. ശ്രീ. ടി. ഐ. മധുസൂദനൻ
5. ശ്രീ. കെ. എം. സച്ചിൻദേവ്
6. ശ്രീ. എം. വിജിൻ
7. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ (വീഡിയോ കോൺഫറൻസിംഗ് മുഖേന)

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി.

2. ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി.

3. ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി റാണി ജോർജ്, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്

2. ശ്രീമതി ഇഷിത റോയ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്

3. ശ്രീമതി ലതാകുമാരി എം. ബി., അഡീഷണൽ സെക്രട്ടറി, ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ്

4. ശ്രീ. സജീവ് കുമാർ എൽ. ആർ., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

5. ശ്രീമതി ആശ എ. കെ., ഡെപ്യൂട്ടി സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്

6. ശ്രീമതി പ്രീതി ലിയോനോൾഡ്, ഡെപ്യൂട്ടി സെക്രട്ടറി, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

7. ശ്രീ. സുധീർ കെ., ഡയറക്ടർ, കൊളീജിയേറ്റ് എഡ്യൂക്കേഷൻ

8. ഡോ. സത്യൻ എം., ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

9. ശ്രീ. പള്ളിയറ ശ്രീധരൻ, ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

10. ഡോ. എം. അബ്ദുൾ റഹ്മാൻ, ഡയറക്ടർ, എൽ.ബി.സ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി

11. ഡോ. ജയപ്രകാശ് ആർ. കെ., ഡയറക്ടർ, സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് (SCERT)

12. ശ്രീ. മുരുകൻ കാട്ടാക്കട, ഡയറക്ടർ, മലയാളം മിഷൻ

13. ഡോ. മ്യൂസ് മേരി ജോർജ്, ഡയറക്ടർ ആൻഡ് മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്

14. ഡോ. അരുൺകുമാർ വി. എ., ഡയറക്ടർ, ഐ.എച്ച്.ആർ.ഡി.

15. ശ്രീമതി ഷിബി ആർ. കെ., ഡയറക്ടർ (ഇൻ-ചാർജ്ജ്), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ്

16. ശ്രീ. എബ്രഹാം മാത്യു, സെക്രട്ടറി, കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്

17. ഡോ. ലിന അക്ക മാത്യു, രജിസ്ട്രാർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്

18. ശ്രീമതി വനജ പി. എസ്., രജിസ്ട്രാർ, ഉന്നതവിദ്യാഭ്യാസ കൗൺസിൽ

19. ശ്രീമതി ബിന്ദുകുമാരി കെ., രജിസ്ട്രാർ (ഇൻ-ചാർജ്ജ്), എ.പി.ജെ. അബ്ദുൾ കലാം ടെക്നിക്കൽ യൂണിവേഴ്സിറ്റി

20. ശ്രീ. സുരേഷ് കുമാർ എസ്., രജിസ്ട്രാർ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്

21. ശ്രീമതി സുനിത എ. പി., രജിസ്ട്രാർ, ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, കൊല്ലം

22. ഡോ. എ. ആർ. സുപ്രിയ, സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്രശിക്ഷാ കേരള

23. ഡോ. ജയപ്രകാശ്. പി., സീനിയർ ജോയിന്റ് ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

24. ശ്രീ. വിദ്യുത് കെ. എസ്., പ്രിൻസിപ്പാൾ, ഗവൺമെന്റ് ലോ കോളേജ്, കോഴിക്കോട്

25. ഡോ. ശ്യാംകുമാർ ആർ. എസ്., പ്രിൻസിപ്പാൾ, ഗവൺമെന്റ് ലോ കോളേജ്, തിരുവനന്തപുരം

26. ഡോ. സോണിയ കെ. ദാസ്, പ്രിൻസിപ്പൽ-ഇൻ-ചാർജ്, ഗവൺമെന്റ് ലോ കോളേജ്, തൃശ്ശൂർ

27. ഡോ. പി. സുരേഷ് കുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ്

28. ശ്രീ. ഇർഷാദ് കെ., അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്

29. ശ്രീ. സുരേഷ് ബാബു എ., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആൻഡ് ട്രെയിനിംഗ്

30. ശ്രീ. ഷെഫീക് അഹമ്മദ് സി. എം., സീനിയർ ഫിനാൻസ് ഓഫീസർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

31. ശ്രീ. തോമസ് പി. ജെ., സീനിയർ ഫിനാൻസ് ഓഫീസർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസം

32. ശ്രീ. വി. ജി. ഷണ്മുഖൻ, സീനിയർ ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് കൊളിജിയേറ്റ് എഡ്യൂക്കേഷൻ

33. ശ്രീ. ഗിരീഷ്കുമാർ പി. ജി., ഫിനാൻസ് ഓഫീസർ, കൊച്ചി ശാസ്ത്ര- സാങ്കേതിക സർവകലാശാല

34. ശ്രീ. മനോജ് ബാബു, ഫിനാൻസ് ഓഫീസർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ്

35. ശ്രീമതി ബിന്ദു എസ്., ഫിനാൻസ് ഓഫീസർ, കേരള ഇൻഫ്രാസ്ട്രച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ

36. ശ്രീമതി ശരണ്യ എം. എസ്., ഫിനാൻസ് ഓഫീസർ, ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, കൊല്ലം

37. ശ്രീ. ആർ. മഹാദേവൻ, ഫിനാൻസ് ഓഫീസർ, കേരള സർവകലാശാല

38. ശ്രീ. ബിജു മാത്യൂ, ഫിനാൻസ് ഓഫീസർ, മഹാത്മാഗാന്ധി സർവകലാശാല

39. ശ്രീ. രാജേഷ് കെ. പി., ഫിനാൻസ് ഓഫീസർ, കണ്ണൂർ സർവകലാശാല

40. ശ്രീമതി സിൽവി കൊടക്കാട്ട്, ഫിനാൻസ് ഓഫീസർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി

41. ശ്രീ. അൻവർ വി., ഫിനാൻസ് ഓഫീസർ, കാലിക്കറ്റ് സർവകലാശാല

42. ശ്രീ. മുരളീധരൻപിള്ള വി. എസ്., ഫിനാൻസ് ഓഫീസർ, ഐ.എച്ച്.ആർ.ഡി.

43. ശ്രീമതി സ്വാലിഹ എം. യു., ഫിനാൻസ് ഓഫീസർ, മലയാളം മിഷൻ

44. ശ്രീ. ഷിബു എബ്രഹാം, ഫിനാൻസ് ഓഫീസർ, കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സ്

45. ശ്രീ. റാൻസം ഷിമ്മി കെ. ഇ., ഫിനാൻസ് ഓഫീസർ, കമ്മീഷണറേറ്റ് ഫോർ എൻട്രൻസ് എക്സാമിനേഷൻസ്

46. ശ്രീമതി ശ്രീലത എം., ഫിനാൻസ് ഓഫീസർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള

47. ശ്രീ. സൂര്യനാരായണൻ എം.ഡി., ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

48. ശ്രീ. ടോജോ സെബാസ്റ്റ്യൻ, സീനിയർ സൂപ്രണ്ട്, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം

49. ശ്രീമതി വി. എസ്. ലേഖ, സീനിയർ സൂപ്രണ്ട്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

50. ശ്രീമതി മിനി ഡി., ഡെവലപ്മെന്റ് ഓഫീസർ, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ

51. ഡോ. സി. രാമകൃഷ്ണൻ, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ, വിദ്യാകിരണം മിഷൻ

52. ശ്രീ. സലിൽ എം., അക്കൗണ്ട്സ് ഓഫീസർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് (SIMC)

53. ശ്രീ. ശ്രീകുമാർ കെ., ജൂനിയർ സൂപ്രണ്ട്, ഡയറക്ടറേറ്റ് ഓഫ് ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ

54. ശ്രീ. ഗണേഷ്കുമാർ എം., അക്കാഡമിക് ഓഫീസർ, കേരള ഇൻഫ്രാസ്ട്രച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ

55. ശ്രീ. പ്രേംലാൽ, അസോസിയേറ്റ് പ്രൊഫസർ, മഹാത്മാഗാന്ധി സർവകലാശാല

56. ശ്രീമതി സൈദ കെ. എം., പ്ലാനിംഗ് ആൻഡ് ഡെവലപ്മെന്റ് ഓഫീസർ, കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകലാശാല

57. ശ്രീ. ബിജു ടി., സൂപ്രണ്ട്, ഡയറക്ടറേറ്റ് ഓഫ് കൊളീജിയേറ്റ് എഡ്യൂക്കേഷൻ

സമിതി 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച് ധനാഭ്യർത്ഥന നം. XVII -ന്റെ കീഴിൽ വരുന്ന പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, സാംസ്കാരികകാര്യം, ആസൂത്രണസാമ്പത്തിക കാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 2202, 2203 ശീർഷകങ്ങളിലെ കണക്കിനങ്ങൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകാൻ തീരുമാനിക്കുകയും ചെയ്തു:

## സാംസ്കാരികകാര്യ വകുപ്പ്

2202-05-102-86—<u>മലയാളം മിഷൻ</u>

മലയാളം മിഷൻ വിപുലീകരിക്കപ്പെടുകയും ഊർജ്ജസ്വലമാക്കുകയും ചെയ്തു കൊണ്ടിരിക്കുന്നതിന്റെ ഭാഗമായി പഠനവണ്ടി, കരിക്കുലം സിലബസ്, പ്രവാസി സാഹിത്യ സമ്മേളനം തുടങ്ങിയ പ്രോജക്ടുകൾക്ക് വേണ്ടിയും ജീവനക്കാരുടെ ശമ്പളം, വേതനം, വാഹനത്തിന്റെ അറ്റകുറ്റപ്പണി, ദൈനംദിന ഓഫീസ് ചെലവുകൾ, സ്റ്റേഷനറി എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2.82 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 55.16 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-05-102-92-36—<u>കേരള സ്റ്റേറ്റ് ബുക്ക്മാർക്കറ്റിംഗ് സൊസൈറ്റി ധനസഹായം</u>

ബുക്ക്മാർക്ക് ബുക്ക്കഫെ പദ്ധതി, ബുക്ക്മാർക്കിന് സ്വന്തമായി പബ്ലിക്കേഷൻ, ദൃശ്യവൽക്കരണം, ബുക്ക് വെന്റിംഗ് മെഷീൻ, അന്തർദേശീയ പുസ്തകമേള തുടങ്ങിയ ആവശ്യങ്ങൾക്കും കൂടാതെ ജീവനക്കാരുടെ ശമ്പളം, ഓഫീസുകളുടെ വാടക എന്നിവയ്ക്കായും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 2.50 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 25 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-05-102-96-36—<u>കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്</u>

ഡോ. ബി. ആർ അംബേദ്ക്കർ സമ്പൂർണ്ണ കൃതികളുടെ പ്രസിദ്ധീകരണ പദ്ധതി, പ്രാദേശിക കേന്ദ്രത്തിന്റെ പുതിയ കെട്ടിടത്തിന്റെ ഫർണിഷിംഗ്, വൈജ്ഞാനിക പുസ്തകനിർമ്മാണം എന്നിവയ്ക്കും വിജ്ഞാന മുദ്രണം പ്രസ്സിന് ബൈൻഡിംഗ് ഫോൽഡിംഗ് മെഷീൻ, പ്രോഗ്രാം കട്ടിംഗ് മെഷീൻ എന്നിവ വാങ്ങുന്നതിനും, ജീവനക്കാരുടെ ശമ്പള-അലവൻസുകളും മറ്റും നൽകുന്നതിനും, വാടക, വൈദ്യുത ചാർജ്ജ്, വാട്ടർ ചാർജ്ജ്, ദൈനംദിന ചെലവുകളും നിർവ്വഹിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 1.5576 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2202-05-102-97-36—<u>സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്</u>

36—<u>സഹായധനം - ശമ്പളേതരം</u>

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും, തളിര് മാസികയുടെ പ്രസിദ്ധീകരണത്തിനും, ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ 11-ാം ശമ്പള പരിഷ്കരണ പ്രകാരമുള്ള ശമ്പളവും കുടിശ്ശികയും നൽകുന്നതിനും, ദൈനംദിന പ്രവർത്തനങ്ങൾക്കും ബജറ്റിൽ അനുവദിച്ച തുകയ്ക്കുപുറമെ പദ്ധതിയിനത്തിൽ 25 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 1 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2202-05-102-98-36—<u>സംസ്ഥാന സർവ്വവിജ്ഞാന കോശം പ്രസിദ്ധീകരണ കേന്ദ്രം</u>

36—<u>സഹായധനം - ശമ്പളേതരം</u>

ലഘുവിജ്ഞാന കോശങ്ങൾ, പരിസ്ഥിതി വിജ്ഞാന കോശം, വൈക്കം സത്യാഗ്രഹം, കേരള വിജ്ഞാന കോശം, ദളിത് സാഹിത്യം, കേരളത്തിന്റെ പാരിസ്ഥിതിക ചരിത്രം തുടങ്ങിയവയുടെ പ്രസിദ്ധീകരണം, പരസ്യക്കൂലി, ജീവനക്കാരുടെ ശമ്പളം, പേ റിവിഷൻ കുടിശ്ശിക, മറ്റ് അത്യാവശ്യ ചെലവുകൾ എന്നിവയ്ക്കും റിവോൾവിംഗ് ഫണ്ടിൽ നിന്നും കടമെടുത്ത തുക തിരിച്ചടയ്ക്കുന്നതിനും അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 5.50 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 2.5959 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

## പൊതുവിദ്യാഭ്യാസ വകുപ്പ്

4202-01-202-79—<u>സ്കൂൾ വിദ്യാഭ്യാസം - നവീകരണം</u>

വിദ്യാഭ്യാസ കോംപ്ലക്സ് നിർമ്മാണം, ആധുനിക വൽക്കരണം, നവീകരണം എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-01-202-77—<u>സ്കൂൾ വിദ്യാഭ്യാസം - അടിസ്ഥാന സൗകര്യങ്ങൾ</u>

വസ്തു വാങ്ങുന്നതിനു വരുന്ന അധിക അപേക്ഷകൾ പരിഗണിക്കുന്നതിനും മുൻവർഷങ്ങളിൽ അനുവദിച്ച കെട്ടിടങ്ങളുടെ ബില്ലുകൾ മാറാനുള്ളതിനാലും ഈ ശീർഷകത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-71—<u>അക്കാദമിക് എക്സലൻസ്</u>

സംസ്കൃത വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, വായനയുടെ വസന്തം, കാസർഗോഡ് സ്പെഷ്യൽ ടി.ടി.ഐ. യിൽ ഹോസ്റ്റൽ, ലാബ് സ്കൂൾ എന്നിവ നിർമ്മിക്കുന്നതിനും, ഗവൺമെന്റ് സ്പെഷ്യൽ സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ അധ്യാപക

ശാക്തീകരണം, ടീച്ചർ എഡ്യൂക്കേഷൻ അധ്യാപനത്തിന്റേയും, പഠനത്തിന്റേയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഫോക്കസ് സ്കൂൾ, മോഡൽ സ്കൂൾ എന്നിവയ്ക്കും മറ്റുമായി പദ്ധതിയിനത്തിൽ 28.1178 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-70—<u>സ്കൂൾ വിദ്യാഭ്യാസം - വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ</u>

ഗവൺമെന്റ് പ്രീപ്രൈമറി ടീച്ചിംഗ് ട്രെയിനിങ്ങുമായി ബന്ധപ്പെട്ടും സംസ്ഥാന കായിക മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികളുടെ ഡി.എ. വർദ്ധിപ്പിക്കുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണത്തിനുമായി ഈ ശീർഷകത്തിൽ അധികമായി 19.1394 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-01-202-93—<u>അടിസ്ഥാന സൗകര്യം - സ്കൂൾ വിദ്യാഭ്യാസം</u>

സ്കൂളുകളുടെ അടിസ്ഥാന സൗകര്യത്തിനായും സംസ്ഥാനത്തെ സ്കൂളുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനും അധികമായി തുക ആവശ്യമുണ്ട്. ആയതിനാൽ 50 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-102-95 (01)—<u>ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ യൂണിഫോം വിതരണം</u>

2022-23 വർഷം 5 മുതൽ 8 വരെയുള്ള കുട്ടികൾക്കും 2023-24 വർഷം 6 മുതൽ 8 വരെയുള്ള കുട്ടികൾക്കും യൂണിഫോം അലവൻസ് നൽകുന്നതിന് ബജറ്റിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 177.3133 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-001-80 —<u>ബയോഡൈവേഴ്സിറ്റി ക്യാമ്പസ്</u>

പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി പദ്ധതിയിനത്തിൽ അനുവദിച്ച ബജറ്റ് വിഹിതം പുറമേ ഈ സാമ്പത്തിക വർഷം തന്നെ 54.10 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-61—<u>പൊതുവിദ്യാഭ്യാസ ഡയറക്ട്രേറ്റിനുള്ള സഹായം</u>

ജില്ല/ഉപജില്ലാതലകായിക മേളകളും സംസ്ഥാന ഒളിമ്പിക്സ് മാതൃകയിലുള്ള കായിക മത്സരങ്ങൾ, സംസ്ഥാന ഗ്രൂപ്പ് മത്സരങ്ങൾ എന്നിവയുടെ നടത്തിപ്പിനും വിദ്യാർത്ഥികളുടെ

ദേശീയതല പങ്കാളിത്തം ഉറപ്പുവരുത്തുക എന്നീ ആവശ്യങ്ങൾ നിറവേറ്റുന്നതിനും അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ 27.60 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-01-201-92—ഓട്ടിസം പാർക്കിന്റെ അടിസ്ഥാന സൗകര്യം

പദ്ധതിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കും കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 91 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-01-201-91—സ്കൂൾ അടിസ്ഥാന സൗകര്യങ്ങളുടെ ഉപജീവനത്തിനുള്ള ആകസ്മിക സഹായം

സംസ്ഥാനത്തെ സ്കൂൾ അടിസ്ഥാന സൗകര്യങ്ങളുടെ ഉപജീവനത്തിനുള്ള ആകസ്മിക സഹായത്തിനായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-001-78—ഭരണവും നിരീക്ഷണവും

ജീവനക്കാരുടെ കാര്യക്ഷമത മെച്ചപ്പെടുത്തൽ, നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള നിലവാരം മെച്ചപ്പെടുത്തുന്നതിനും വിദ്യാഭ്യാസ ഓഫീസർമാരുടെ ട്രെയിനിംഗ് എന്നിവയ്ക്ക് അധികതുക ആവശ്യമായതിനാൽ പദ്ധതിയിനത്തിൽ 1.15 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-004-95—കേരള വിദ്യാഭ്യാസ ചരിത്ര മ്യൂസിയവും പരിശീലന കേന്ദ്രവും

പരിശീലന കേന്ദ്രത്തിന്റേയും കേരള ചരിത്ര മ്യൂസിയത്തിന്റേയും പ്രാരംഭ നടപടികൾക്കും ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.04 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-101-75—സ്കൂൾ അടിസ്ഥാന സൗകര്യങ്ങളുടെ സുസ്ഥിരതയ്ക്കുവേണ്ടിയുള്ള അടിയന്തര സഹായം

അടിസ്ഥാന സൗകര്യങ്ങളുടെ സുസ്ഥിരതയ്ക്കു വേണ്ടി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-59—<u>മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കായുള്ള സ്ഥാപനങ്ങൾക്കുള്ള ധനസഹായം</u>

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന എൻ.ജി.ഒ, ബഡ്സ്, ഡി.സി.ആർ.എസ്. സ്കൂളുകൾക്ക് കൂടുതൽ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-001-85-01—<u>സ്കൂൾ വിദ്യാഭ്യാസം - നവീകരണം</u>

ഗ്രീൻ ഓഫീസ് പദ്ധതി എല്ലാ ഓഫീസുകളിലും നടപ്പിലാക്കുന്നതിനും, മാലിന്യ നിർമ്മാർജ്ജന പദ്ധതി സ്കൂളുകളിലേയ്ക്ക് വിപുലമായി നടപ്പിലാക്കുന്നതിനും ടി ശീർഷകത്തിൽ അനുവദിച്ച വിഹിതം പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ 18.9801 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-112-90-01—<u>പ്രധാനമന്ത്രി പോഷൺ ശക്തി നിർമ്മാൺ-കേന്ദ്രവിഹിതം</u>

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നിരക്കുകൾ 2024 ഡിസംബർ മാസം പരിഷ്കരിച്ചിട്ടുള്ള സാഹചര്യത്തിൽ ആനുപാതിക സംസ്ഥാന വിഹിതമായി നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 63.9200 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-112-90-(02)—<u>പ്രധാനമന്ത്രി പോഷൺ ശക്തി നിർമ്മാൺ - സംസ്ഥാന വിഹിതം</u>

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നിരക്കുകൾ 2024 ഡിസംബർ മാസം പരിഷ്കരിച്ചിട്ടുള്ള സാഹചര്യത്തിൽ ഈയിനത്തിൽ ആനുപാതിക സംസ്ഥാന വിഹിതമായി നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 18.95 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-112-89—<u>പ്രധാനമന്ത്രി പോഷൺ ശക്തി നിർമ്മാൺ-സംസ്ഥാനത്തിന്റെ അധിക സഹായം</u>

പൂർണ്ണമായും സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സപ്ലിമെന്ററി ന്യൂട്രീഷ്യൻ പദ്ധതിയുടെ ഭാഗമായുള്ള ചെലവുകൾ, പാചകതൊഴിലാളികൾക്ക് കേന്ദ്ര സംസ്ഥാന മാൻഡേറ്ററി വിഹിതത്തിനു പുറമേയുള്ള അധിക ഓണറേറിയം നൽകുന്നതിനും, സപ്ലൈകോയ്ക്ക് കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരമുള്ള നിരക്കായ മെട്രിക് ടണ്ണിന് 1500 രൂപയ്ക്ക് പുറമേ മെട്രിക് ടണ്ണിന് 650 രൂപാ വീതം അധിക കടത്ത് കൂലി നൽകുന്നതിനും, പാചകതൊഴിലാളികൾക്ക് ഏപ്രിൽ, മേയ് മാസങ്ങളിൽ സമാശ്വാസം നൽകുന്നതിനും, പാചക ചെലവിനത്തിൽ അധികമായി വഹിക്കുന്ന തുക നൽകുന്നതിനും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 156.16 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-104-99—<u>പരിശോധന</u>

സംസ്ഥാനത്തെ വിവിധ എ.ഇ.ഒ. ഓഫീസുകളിലെ ചെലവുകൾക്കായി പദ്ധതിയേതരയിനത്തിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, ഇലക്ട്രിസിറ്റി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നീ ഇനങ്ങളിൽ അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈയിനങ്ങളിൽ 55.68 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-102-99—<u>ഗവൺമെന്റേതര പ്രൈമറി സ്കൂളുകൾക്കുള്ള ധനസഹായം-ടീച്ചിംഗ് ഗ്രാന്റ്</u>

എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ അധ്യാപകർ ഉൾപ്പടെയുള്ള ജീവനക്കാരുടെ 2022 ഒക്ടോബർ മുതലുള്ള ശംബള അലവൻസുകളുടെയും മറ്റാനുകൂല്യങ്ങളുടെയും കുടിശ്ശിക നൽകുന്നതിന് നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ ഈയിനത്തിൽ 5.8274 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-102-93-02-4—<u>പി.ടി.എ. നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള സഹായം</u>

പി.ടി.എ. യുടെ നിയന്ത്രണത്തിലുള്ള സ്കൂളുകളിലെ പ്രീ-പ്രൈമറി അധ്യാപകർക്കും ആയമാർക്കും ഹൈക്കോടതിയിലെ വിവിധ റിട്ട് പെറ്റിഷനുകളുടെ വിധിന്യായ പ്രകാരം കുടിശ്ശിക തുക നൽകാനായുള്ളതിനാൽ അധികമായി 2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-001-99—ഡയറക്ടേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ

വിദ്യാഭ്യാസ ഡയറക്ടേറ്റിലെ പദ്ധതിയേതര ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ വിവിധ കണക്കിനങ്ങളിലായി 90.80 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-001-98—മുഖ്യ ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ

മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിന്റെ 2023 മുതലുള്ള കുടിശ്ശിക നൽകുന്നതിനും താരിഫ് വർദ്ധനവ് പ്രകാരമുള്ള ഇലക്ട്രിസിറ്റി ചാർജ്ജ്, വെള്ളക്കരം എന്നിവ ഒടുക്കുന്നതിനും അധികതുക ആവശ്യമായതിനാൽ ഈയിനങ്ങളിലായി 26.34 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-101-99—ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ - പരിശോധന

ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ഇലക്ട്രിസിറ്റി, വെള്ളക്കരം, ഉദ്യോഗസ്ഥരുടെ മെഡിക്കൽ - റീ-ഇംബേഴ്സ്മെന്റ്, എന്നിവയ്ക്ക് ബജറ്റിൽ അനുവദിച്ചിരിക്കുന്ന വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ഇനങ്ങളിൽ 39.11 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-106 -99—പാഠപുസ്തക പ്രസിദ്ധീകരണം

പാഠപുസ്തക ഓഫീസിലെ മുൻ വർഷങ്ങളിലെ പ്രിന്റിംഗ് ചാർജ്ജ്, വിതരണ ചാർജ്ജ് കുടിശ്ശിക, സാധന സാമഗ്രികൾ വാങ്ങൽ എന്നീ ചെലവുകൾക്കായി അധിക തുക ആവശ്യമാണ്. കൂടാതെ പദ്ധതിയേതര ഇനത്തിൽ വിവിധ കണക്കിനങ്ങളിൽ അനുവദിച്ച തുക അപര്യാപ്തമായതിനാലും ഈ ശീർഷകത്തിൽ 242.4753 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-108 -99—പരീക്ഷാ വിഭാഗം

പരീക്ഷാ വിഭാഗത്തിന് പദ്ധതിയേതര ചെലവുകൾക്കായി വിവിധ കണക്കിനങ്ങളിലായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ 42.6701 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-99—<u>സെക്കൻഡറി സ്കൂളുകൾ</u>

സംസ്ഥാനത്തെ ഗവൺമെന്റ് സെക്കൻഡറി സ്കൂളുകളിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകുന്നതിന് ഈയിനത്തിൽ അധികമായി 1.14 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-101-99-00-34-03—<u>സർക്കാർ ബധിര-മൂക-അന്ധ വിദ്യാലയങ്ങൾ മറ്റ് ചെലവുകൾ - മറ്റിനം</u>

മുൻ വർഷങ്ങളിലെ കുടിശ്ശികകൾ ഉൾപ്പെടെ വിതരണം ചെയ്യുന്നതിന് നിലവിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 79.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-101-99—<u>ലോവർ പ്രൈമറി സ്കൂളുകൾ</u>

സർക്കാർ ലോവർപ്രൈമറി സ്കൂളുകളിലെ അധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ 2023 മുതലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് കുടിശ്ശിക തുകകൾ പൂർണ്ണമായി വിതരണം ചെയ്യുന്നതിന് പ്രസ്തുത ഇനത്തിൽ അധികമായി 1.31 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-101-98—<u>അപ്പർ പ്രൈമറി സ്കൂളുകൾ</u>

സർക്കാർ അപ്പർപ്രൈമറി സ്കൂളുകളിലെ അധ്യാപകർ ഉൾപ്പടെയുള്ള ജീവനക്കാരുടെ 2023 മുതലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തുക വിതരണം ചെയ്യുന്നതിന് ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പ്രസ്തുത കണക്കിനത്തിൽ അധികമായി 2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-110-99—<u>ഗവൺമെന്റേതര സെക്കൻഡറി സ്കൂളുകൾക്കുള്ള സഹായം - ടീച്ചിംഗ് ഗ്രാന്റ്</u>

സർക്കാർ ഇതര സെക്കൻഡറി സ്കൂളുകളിലെ ജീവനക്കാരുടെ 2022 ഏപ്രിൽ മുതലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തുകകൾ പൂർണ്ണമായി വിതരണം ചെയ്യുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ 3.26 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-191-50—<u>കോർപ്പറേഷനുകൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ,</u>

കോർപ്പറേഷൻ മുഖാന്തരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 13 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-192-50—<u>മുനിസിപ്പാലിറ്റികൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ</u>

മുനിസിപ്പാലിറ്റി മുഖാന്തരം പ്രൈമറി സ്കൂളുകളിലെ കുട്ടികളുടെ സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ 30.35 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-196-50—<u>ജില്ലാ പഞ്ചായത്തിനുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ</u>

ജില്ലാ പഞ്ചായത്ത് മുഖാന്തരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിന് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 81.79 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2202-01-198-50—<u>വില്ലേജ് പഞ്ചായത്തിനുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ</u>

ഗ്രാമപഞ്ചായത്ത് മുഖാന്തരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 4.8833 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2202-02-191-50—<u>കോർപ്പറേഷനുകൾക്കുള്ള ധനസഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ</u>

കോർപ്പറേഷൻ മുഖാന്തരം സെക്കൻഡറി സ്കൂളുകളിലെ സ്കോളർഷിപ്പ് നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 49.40 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-192-50—മുനിസിപ്പാലിറ്റികൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

സെക്കൻഡറി സ്കൂളുകളിലെ സ്കോളർഷിപ്പ് തുക കുടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്യുന്നതിനായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ 57.02 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2202-02-196-50—ജില്ലാ പഞ്ചായത്തിനുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

ജില്ലാ പഞ്ചായത്ത് മുഖാന്തരം സെക്കൻഡറി സ്കൂളുകളിലെ സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 2.4224 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2202-02-107-94—ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ

പ്രസ്തുത സ്കോളർഷിപ്പ് പദ്ധതിപ്രകാരം വൊക്കേഷണൽ ഹയർ സെക്കൻഡറി, ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 35.90 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2202-02-109-74—ഹയർ സെക്കൻഡറി വിദ്യാഭ്യാസം വിദ്യാർത്ഥി കേന്ദ്രീകൃത പരിപാടി

ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം, അതിദാരിദ്ര വിഭാഗത്തിനുള്ള പ്രത്യേക പദ്ധതി എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ അധികമായി 2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-02-109-73—ഹയർ സെക്കൻഡറിവിദ്യാഭ്യാസ നവീകരണം

എൻ.ഐ.സി. യിൽ നിന്നുള്ള സപ്പോർട്ടിംഗ് സ്റ്റാഫിന് വേതനം നൽകുന്നതിന് ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ അധികമായി 1 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2202-02-001-94—<u>ഡയറക്ടറേറ്റ് ഓഫ് ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ (പ്ലസ് ടു)</u>

പ്ലസ്‌വൺ, പ്ലസ്ടു പരീക്ഷകളുടെ ചോദ്യപേപ്പർ അച്ചടിക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ ചെലവുകൾക്കായും, ജീവനക്കാരുടെ ചികിത്സാ ചെലവ് തുടങ്ങിയവയ്ക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ അധികമായി 12 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2202-02-001-92—<u>ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റ്</u>

റീജിയണൽ ഡെപ്യൂട്ടി ഡയറകടർ ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളത്തിനും മറ്റു ഓഫീസ് ചെലവുകൾക്കുമായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ അധികമായി 5 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2202-02-110-94—<u>എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകൾ - ടീച്ചിംഗ് ഗ്രാന്റ്</u>

എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലെ ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ അധികമായി 42 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-02-001-95-34-03—<u>വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം</u>

നിർബന്ധമായും വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട പാഠ്യ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായും പരീക്ഷാ ആവശ്യങ്ങൾക്കും ഹൗസിംഗ് ബോർഡിന് നൽകാനുള്ള വാടക കുടിശ്ശിക നൽകുന്നതിനും അധിക തുക ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൻ കീഴിലെ 34-3- മറ്റു ചെലവുകൾ - മറ്റിനം എന്ന കണക്കിനത്തിൽ പദ്ധതിയിനത്തിൽ 5 കോടി രൂപയും 06 എന്ന പദ്ധതിയേതരയിനത്തിൽ 6.8 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-02-109-78—<u>ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾ</u>

34-3—<u>മറ്റു ചെലവുകൾ - മറ്റിനം</u>

സ്പെഷ്യൽ സ്കൂളുകൾക്കുള്ള (ഗവൺമെന്റ്) ഡയറ്റ് ചാർജ്ജ്, ബോർഡിംഗ് ഗ്രാന്റ് എന്നിവയുടെ കുടിശ്ശിക നൽകുന്നതിന് അധിക തുക ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-02-110-95—എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾ - ടീച്ചിംഗ് ഗ്രാന്റ്

34-03—മറ്റു ചെലവുകൾ - മറ്റിനം

സ്പെഷ്യൽ സ്കൂളുകൾക്കുള്ള(എയ്ഡഡ്) ഡയറ്റ് ചാർജ്ജ്, ബോർഡിംഗ് ഗ്രാന്റ് എന്നിവയുടെ കുടിശ്ശിക നൽകാനുള്ളതിനാൽ അധിക തുക ആവശ്യമാണ്. ആയതിനാൽ ഈയിനത്തിൽ അധികമായി 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-80-004-91—സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആൻഡ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി.)

2025-26 സാമ്പത്തിക വർഷം ഹയർ സെക്കൻഡറി ഒന്നും രണ്ടും ക്ലാസുകളിലേയ്ക്കായി എൺപതോളം ടൈറ്റിൽ പാഠപുസ്തകങ്ങൾ, അനുബന്ധ സാമഗ്രികൾ തയ്യാറാക്കൽ, പാഠ്യപദ്ധതി തയ്യാറാക്കൽ, ശില്പശാല, അദ്ധ്യാപക പരിശീലനം എന്നിവ സംഘടിപ്പിക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായി നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-01-111-96(02)—സമഗ്ര ശിക്ഷാ കേരള പ്രോജക്ട് ഡയറക്ടേറ്റ്-സംസ്ഥാന വിഹിതം

കേന്ദ്ര വിഹിതമായ 60% ത്തിന് ആനുപാതികമായ 40% തുക സംസ്ഥാന വിഹിതമായി വകയിരുത്തേണ്ടതായിട്ടുള്ളതിനാൽ ഈയിനത്തിൽ 285 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-01-111-96(03)—സമഗ്രശിക്ഷാ കേരളം-സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടേറ്റ് സംസ്ഥാനത്തിന്റെ അധിക ധനസഹായം

സമഗ്ര ശിക്ഷാ കേരളം സ്റ്റേറ്റ് ഓഫീസ് നിർമ്മാണത്തിനും സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ ശംബളത്തിനും ജില്ലാ ഓഫീസുകളുടെ നവീകരണത്തിനും 3.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-01-111-96 (4)—സമഗ്രശിക്ഷാ കേരളം സംസ്ഥാന സർക്കാർ മുൻകൂറായി നൽകിയ തദ്ദേശ സ്വയംഭരണ വിഹിതം

ഈ പദ്ധതിയുടെ സംസ്ഥാന വിഹിതത്തിന്റെ 74 ശതമാനം തുക എലിമെന്ററി എഡ്യൂക്കേഷൻ എന്ന ഘടകത്തിനാണ്. ഈ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയാൽ മാത്രമേ കേന്ദ്രത്തിൽ നിന്നും ആദ്യ ഗഡു അനുവദിക്കുകയുള്ളൂ. ആകയാൽ ഈയിനത്തിൽ 244.2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-01-111-95-(01)—സമഗ്രശിക്ഷാ കേരളം അധ്യാപനം ശക്തിപ്പെടുത്തൽ (സ്റ്റാർസ്) സംസ്ഥാനങ്ങൾക്കുള്ള പഠനവും ഫലങ്ങളും

60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമായ ഈ പദ്ധതിയ്ക്ക് നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 383.27 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-01-111-95-(02)—സമഗ്രശിക്ഷാ - അധ്യാപനം ശക്തിപ്പെടുത്തൽ-സംസ്ഥാനങ്ങൾക്കുള്ള പഠനവും ഫലങ്ങളും

കേന്ദ്ര വിഹിതമായ 60% ത്തിന് ആനുപാതികമായ 40% സംസ്ഥാന വിഹിതമായി വകയിരുത്തിയാൽ മാത്രമേ കേന്ദ്ര ഫണ്ട് ലഭിക്കുകയുള്ളൂ എന്നതിനാൽ ഈയിനത്തിൽ 246.1096 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-80-004-89—സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ട്രെയിനിംഗ് (സീമാറ്റ്)കേരള

സിമാറ്റ് - കേരള കെട്ടിട സമുച്ചയത്തിന്റെ അറ്റകുറ്റപ്പണി, നവീകരണം പുതുതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പരിശീലന പരിപാടികൾ എന്നിവയ്ക്കായി 2.50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-02-102-93—മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുവേണ്ടിയുള്ള സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട്, പാങ്ങപ്പാറ

സ്ഥാപനത്തിലെ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ ആൻഡ് ഹോസ്റ്റൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിലേയ്ക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ഈയിനത്തിൽ 5.85 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-02-109-63—<u>സ്കൂൾ വിദ്യാഭ്യാസത്തിന്റെ സമഗ്രമായ നവീകരണത്തിനുള്ള പദ്ധതി</u>

വിദ്യാകിരണം മിഷന്റെ കീഴിലുള്ള 15 വാഹനങ്ങൾക്ക് വാടകയിനത്തിൽ അനുവദിച്ച തുകയും ദിവസവേതനത്തിനായി അനുവദിച്ച തുകയും പര്യാപ്തമല്ലാത്തതിനാൽ ഈ ഇനങ്ങളിൽ 42 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-01-800-77—<u>മഹിളാ സമഖ്യ പ്രോഗ്രാം</u>

8 മഹിളാ ശിക്ഷൺ കേന്ദ്രയുടെയും 6 ജില്ലാതല നിർവ്വഹണ യൂണിറ്റുകളുടെയും പ്രവർത്തനങ്ങൾക്കും ഫീൽഡുതല പ്രവർത്തനങ്ങൾക്കുമായി ബജറ്റ് വിഹിതത്തിനുപുറമേ 5.22 കോടി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## ഉന്നതവിദ്യാഭ്യാസ വകുപ്പ്

2203-00-103-99—<u>ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം</u>

കടപ്ലാമറ്റം, കുറിച്ചി എന്നീ ടെക്നിക്കൽ ഹൈസ്കൂളുകൾക്കായി സ്ഥലം ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ ഈ ശീർഷകത്തിൽ 10.18 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഈ ശീർഷകത്തിൻ കീഴിൽ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്, മറ്റു ചെലവുകൾ - വൈദ്യുതി ചെലവ് എന്നീ കണക്കിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ യഥാക്രമം 2.10 ലക്ഷം രൂപ, 11.88 ലക്ഷം രൂപ എന്നിങ്ങനെ തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2203-00-001-99—<u>സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടേറ്റ്</u>

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടേറ്റിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റും യാത്രാ ബത്തയും നൽകുന്നതിനായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 01-4 മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് എന്ന കണക്കിനത്തിൽ 1.51 ലക്ഷം രൂപയും 04-1 യാത്രാ ബത്ത എന്ന കണക്കിനത്തിൽ 2.50 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2203-00-001-97—<u>സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടേറ്റും അനുബന്ധ ഓഫീസുകളും പരീക്ഷാ വിഭാഗവും</u>

05-02—<u>ഓഫീസ് ചെലവുകൾ- വൈദ്യുതി ചെലവ്</u>

സാങ്കേതിക വിദ്യാഭ്യാസമേഖലാ കാര്യാലയങ്ങളിലെ വൈദ്യുത ബില്ലുകളുടെ കുടിശ്ശിക തുക നൽകുന്നതിന് അധിക തുക ആവശ്യമാണ്. ആയതിനാൽ തുകയ്ക്ക് പുറമെ 97,000 രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2203-00-105-99—<u>ഗവൺമെന്റ് പോളിടെക്നിക്കുകൾ</u>

വിവിധ സർക്കാർ പോളിടെക്നിക്കുകളുടെ കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക നൽകാനുള്ളതിനാൽ നികുതി ഇനത്തിൽ 3 ലക്ഷം രൂപയും വൈദ്യുത ബില്ലുകളുടെ കുടിശ്ശിക നൽകാനുള്ളതിനാൽ പ്രസ്തുത ഇനത്തിൽ 30 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2203-00-105-91—<u>ടെക്നിക്കൽ ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്തുകൊണ്ട് പോളിടെക്നിക്കു കൾ സ്ഥാപിക്കൽ</u>

വിവിധ അപ്ഗ്രേഡഡ് പോളിടെക്നിക്കുകളിലെ വൈദ്യുതി ബില്ലുകളുടെ കുടിശ്ശിക നൽകാനുള്ളതിനാൽ ഈ ശീർഷകത്തിൻ കീഴിൽ '34-2 മറ്റു ചെലവുകൾ-വൈദ്യുതി ചെലവ് ' എന്ന കണക്കിനത്തിൽ നിലവിലെ ബജറ്റ് വിഹിതത്തിന് പുറമേ 10 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2203-00-108-99—<u>പരീക്ഷകൾ - പരീക്ഷാ വിഭാഗം</u>

34-3—<u>മറ്റു ചെലവുകൾ- മറ്റിനം</u>

പരീക്ഷാ വിഭാഗത്തിന്റെ മറ്റിന ചെലവുകളിലെ പെൻഡിംഗ് ബില്ലുകൾ തീർപ്പാക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1.20 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2203-00-112-99—<u>എൻജിനീയറിംഗ് കോളേജ്, തിരുവനന്തപുരം</u>

01-4—<u>ശമ്പളം- മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്</u>

തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ബില്ലുകൾ തീർപ്പാക്കുന്നതിനായി നിലവിലെ ബജറ്റ് വിഹിതത്തിന് പുറമേ 3 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2203-00-112-88—<u>കണ്ണൂർ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജ്</u>

34-2—<u>മറ്റു ചെലവുകൾ- വൈദ്യുതി ചെലവ്</u>

കണ്ണൂർ എൻജിനീയറിംഗ് കോളേജിലെ വൈദ്യുതി ബില്ലുകളുടെ കുടിശ്ശിക നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്ക് അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 12.90 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2203-00-112-81—<u>പുതിയ എൻജിനീയറിംഗ് കോളേജുകൾ</u>

ഈ ശീർഷകത്തിൻ കീഴിൽ വെള്ളക്കരം, വൈദ്യുതി ചെലവ് ഇനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ വെള്ളക്കരം ഇനത്തിൽ 1 ലക്ഷം രൂപയും വൈദ്യുതി ചെലവ് ഇനത്തിൽ 2 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2205-00-101-94—<u>ഫൈൻ ആർട്സ് കോളേജുകൾ, തിരുവനന്തപുരം, മാവേലിക്കര, തൃശ്ശൂർ</u>

34-2—<u>മറ്റുചെലവുകൾ- വൈദ്യുതി ചെലവ്</u>

ഫൈൻ ആർട്സ് കോളേജുകളിലെ വൈദ്യുതി ബില്ലുകളുടെ കുടിശ്ശിക നൽകാനുള്ളതിനാൽ നിലവിലെ ബജറ്റ് വിഹിതത്തിന് പുറമേ 1.34 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2204-00-102-99—<u>നാഷണൽ കേഡറ്റ് കോർപ്സ്</u>

34-3—<u>മറ്റു ചെലവുകൾ – മറ്റിനം</u>

കേഡറ്റുകൾക്ക് റീഫ്രഷ്മെന്റ്/ ഓണറേറിയം/ വാഷിംഗ് അലവൻസ്, ട്രെയിനിംഗ് സംബന്ധമായ ചെലവുകൾ എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 48.24 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2205-00-105-96—<u>ലൈബ്രറി സയൻസിൽ സർട്ടിഫിക്കറ്റ് കോഴ്സ്</u>

കോഴ്സ് നടത്തിപ്പിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 42,000 രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2205-00-105-99—<u>കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ</u>

31—<u>സഹായധനം - ശമ്പളം</u>

ശമ്പളം, പെൻഷൻ കുടിശ്ശിക എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 4.5006 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

36—<u>സഹായധനം - ശമ്പളേതരം</u>

ലൈബ്രറികൾക്ക് പുസ്തക ഗ്രാന്റ്, ലൈബ്രേറിയൻ അലവൻസ് എന്നിവ അനുവദിക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 30.6941 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2203-00-800-91—<u>കേരള സംസ്ഥാന നൂതന അച്ചടി പരിശീലനകേന്ദ്രം - ധനസഹായം</u>

36—<u>സഹായധനം - ശമ്പളേതരം</u>

സെന്ററിന്റെ ഹെഡ് ഓഫീസ് കോംപ്ലക്സിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പാക്കേജിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിവിധ മെഷീനുകൾ വാങ്ങുന്നതിനുമായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 3.50 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2203-00-112-60—<u>ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എച്ച്.ആർ.ഡി.)</u>

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിലും പദ്ധതിയേതരയിനത്തിലും അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്നു സമിതി വിലയിരുത്തുന്നു. ആയതിനാൽ '31-സഹായധനം-ശമ്പളം' എന്ന കണക്കിനത്തിൽ 142.7279 കോടി രൂപയും '36-സഹായധനം-ശമ്പളേതരം' എന്ന കണക്കിനത്തിൽ 12.5041 കോടി രൂപയും പദ്ധതിയേതരയിനത്തിലും 35- മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം, 36- സഹായധനം ശമ്പളേതരം എന്നീ കണക്കിനങ്ങളിലായി 709.9640 കോടി രൂപ പദ്ധതിയിനത്തിലും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2203-00-112-58—<u>എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി (LBS)</u>

എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമൺ, പൂജപ്പുര, തിരുവനന്തപുരം സെന്ററിന് പുതിയ ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണം, കാസർഗോഡ് എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കായി 3 കോടി രൂപയും എൽ.ബി.എസ്. ഐ.ഐ.റ്റി-യ്ക്ക് ഭൂമി ഏറ്റെടുക്കലും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ആയതിലേയ്ക്ക് 35.51 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു. കൂടാതെ പ്രസ്തുത സെന്ററുകളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് അനുബന്ധ ചെലവുകളും നിർവ്വഹിക്കുന്നതിനായി 36-സഹായധനം-ശമ്പളേതരം എന്ന കണക്കിനത്തിൽ 10 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-04-001-93—<u>തുടർവിദ്യാഭ്യാസ കേന്ദ്രം</u>

മൂന്നാർ എഞ്ചിനീയറിംഗ് കോളേജിലെ ജീവനക്കാരുടെ ശമ്പള ചെലവിനായി പദ്ധതിയേതരയിനത്തിൽ 2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-103-92—<u>തിരുവനന്തപുരം ലോ കോളേജ്</u>

ഈ ശീർഷകത്തിൻ കീഴിൽ ടെലിഫോൺ ചാർജ്ജിനത്തിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തനിനാൽ 05-3-ടെലിഫോൺ ചെലവ് എന്ന കണക്കിനത്തിൽ 1 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-103-90—<u>എറണാകുളം ലോ കോളേജ്</u>

എറണാകുളം ലോ കോളേജിന് താഴെപ്പറയുന്ന കണക്കിനങ്ങളിൽ 2025-26 സാമ്പത്തിക വർഷം അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ താഴെപ്പറയും പ്രകാരം ഓരോന്നിലും തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

| ഇനം | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | 40,000 രൂപ |
| 02-5—ദിവസ വേതനം | 3,00,000 രൂപ |
| 04-1—യാത്രാ ബത്ത | 15,000 രൂപ |
| 04-4—അവധി യാത്രാനുകൂല്യം | 30,000 രൂപ |
| 05-2—വൈദ്യുതി ചെലവ് | 50,000 രൂപ |

2202-03-107-88-12—<u>ലോ കോളേജുകളിലെ അന്ധവിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും</u>

എറണാകുളം ലോ കോളേജിന് 12/2023 മുതലുള്ള മെസ് ഫീസ്, കോളേജ് ഫീസ്, എന്നീ ഇനങ്ങളിൽ തുക നൽകാനുള്ളതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-103-83—<u>തൃശ്ശൂർ ലോ കോളേജ്</u>

തൃശ്ശൂർ ലോ കോളേജിന് താഴെപ്പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ ഓരോന്നിനും നേരെ സൂചിപ്പിക്കുന്ന തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

| ഇനം | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 01-1—ശമ്പളം | 21.14 ലക്ഷം രൂപ |
| 2—ക്ഷാമബത്ത | 4.66 ലക്ഷം രൂപ |
| 3—വീട്ടുവാടക അലവൻസ് | 2.11 ലക്ഷം രൂപ |
| 04-1—യാത്രാബത്ത | 20,000 രൂപ |
| 4—അവധിയാത്ര ആനുകൂല്യം | 20,000 രൂപ |
| 05-2—വൈദ്യുതി ചെലവ് | 87,000 രൂപ |

2202-03-103-89—<u>കോഴിക്കോട് ലോ കോളേജ്</u>

കോഴിക്കോട് ലോ കേളേജിന് താഴെപ്പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഓരോന്നിനും നേരെ സൂചിപ്പിക്കുന്ന തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

| ഇനം | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 01 -1 —ശമ്പളം | 10 ലക്ഷം രൂപ |
| 2—ക്ഷാമബത്ത | 10 ലക്ഷം രൂപ |
| 3 —വീട്ടുവാടക | 2 ലക്ഷം രൂപ |
| 4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | 10,000 രൂപ |
| 02-5 —ദിവസ വേതനം | 30 ലക്ഷം രൂപ |
| 04-1—യാത്രാ ബത്ത | 20,000 രൂപ |
| 4—അവധി യാത്രാനുകൂല്യം | 67.507 ലക്ഷം രൂപ |
| 05-1—വെള്ളക്കരം | 1.50 ലക്ഷം രൂപ |
| 2—വൈദ്യുതി ചെലവ് | 2 ലക്ഷം രൂപ |
| 3—ടെലിഫോൺ | 20,000 രൂപ |
| 4—മറ്റിനങ്ങൾ | 25,000 രൂപ |
| 34-3—മറ്റുചെലവുകൾ-മറ്റിനം | 30,000 രൂപ |

2202-03-102-99—<u>കേരള സർവ്വകലാശാല</u>

<u>31—സഹായധനം - ശമ്പളം</u>

ശമ്പളം, പെൻഷൻ, അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനം, ശമ്പള പരിഷ്കരണ കുടിശ്ശിക, യു.ജി.സി. കുടിശ്ശിക, പെൻഷൻകാർക്കുള്ള ക്ഷാമബത്ത കുടിശ്ശിക എന്നിവ നല്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 95 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2203-00-102-90—<u>കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി</u>

(ഡോ. എ. പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി)

ഡോ. എ. പി. ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരിക്കുന്ന ഉപശീർഷകത്തിൽ തുക അപര്യാപ്തമായതിനാൽ ബന്ധപ്പെട്ട പദ്ധതിയിനത്തിൽ 8.5470 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കൂടാതെ, സർവ്വകലാശാല സ്കൂളുകളുടെ ചെലവുകൾക്കും, സർവ്വകലാശാലയുടെ വിദ്യാർത്ഥി നൈപുണ്യ വികസന പദ്ധതികൾ ഉൾപ്പടെ വിവിധ ഘടകങ്ങളുടെ സ്ഥാപക ചെലവുകൾക്കുമായി '36-സഹായധനം-ശംബളേതരം' എന്നതിൽ പദ്ധതിയിനത്തിൽ 5.3530 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ജീവനക്കാരുടെ ശമ്പള ചെലവുകൾക്കായി '31- സഹായധനം - ശമ്പളം' എന്ന ഉപശീർഷകം പുനഃസ്ഥാപിച്ച് ആയതിൽ 36.0720 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2203-00-112-72—<u>സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ്</u>

പ്രസ്തുത ശീർഷകത്തിലെ പദ്ധതിയിനത്തിൽപ്പെട്ട വിവിധ ഘടകങ്ങളുടെ ചെലവുകൾക്കായി നിലവിലെ ബജറ്റ് വിഹിതത്തിന് പുറമേ 8.2340 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-102-95—<u>ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി</u>

കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലും നടന്നുകൊണ്ടിരിക്കുന്ന വിദൂര വിദ്യാഭ്യാസത്തിന്റെ നടത്തിപ്പിനും, തുടർന്നുവരുന്ന പ്രോഗ്രാമുകൾക്ക് അനുസൃതമായി ജീവനക്കാരെ നിയമിക്കുന്നതിനും അവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സ്വയം പഠന സാമഗ്രികൾ, വിർച്വൽ കൗണ്ടറുകൾ എന്നിവ തയ്യാറാക്കുന്നതിനും മറ്റുമായി അധിക തുക ആവശ്യമായതിനാൽ പദ്ധതിയിനത്തിൽ 5.13 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.5544 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-102-97—<u>മഹാത്മാഗാന്ധി സർവകലാശാല</u>

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും ശമ്പള പരിഷ്കരണ കുടിശ്ശികയും മറ്റാനുകൂല്യങ്ങളും നൽകുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. 2025-26 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികൾ നടപ്പിലാക്കാൻ അധിക തുക ആവശ്യമാണ്. ആയതിനാൽ 31- സഹായധനം ശമ്പളം എന്ന കണക്കിനത്തിൽ 128.2485 കോടി രൂപയും പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി ബന്ധപ്പെട്ട ശീർഷകത്തിൽ പദ്ധതിയിനത്തിൽ 16.55 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-102-93—<u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല</u>

ജീവനക്കാരുടെ ശമ്പളവും, വിരമിച്ച ജീവനക്കാരുടെ പെൻഷനാനുകൂല്യങ്ങളും നൽകുന്നതിനും സർവ്വലാശാലയുടെ നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും, വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം, പഠന വകുപ്പുകൾക്കാവശ്യമായ ഫർണീച്ചറുകൾ, ലൈബ്രറി പുസ്തകങ്ങൾ, ജേണലുകൾ എന്നിവ വാങ്ങുന്നതിനും, ഓഫീസ് ഓട്ടോമേഷൻ പൂർത്തിയാക്കുന്നതിനും, സെന്റർ ഫോർ ഓൺലൈൻ കോഴ്സസ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി അധിക തുക ആവശ്യമാണ്. ആയതിനാൽ പദ്ധതിയേതരയിനത്തിൽ 119.4996 കോടി രൂപയും, പദ്ധതിയിനത്തിൽ 4.4 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2203-00-102-99—<u>കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല (കുസാറ്റ്)</u>

പ്രവേശന പരീക്ഷാ നടത്തിപ്പ് ചെലവുകൾ, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ, വാർഷിക ഇൻക്രിമെന്റ്, പെൻഷൻ, ഡി.എ.

അരിയർ, എന്നീ ഇനങ്ങളിലെ ചെലവുകൾക്കായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ സഹായധനം-ശമ്പളം എന്ന കണക്കിനത്തിൽ പദ്ധതിയേതരയിനത്തിൽ 114.3252 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനും, പശ്ചാത്തല അടിസ്ഥാന സൗകര്യ വികസനവും അവ സമയബന്ധിതമായി നടത്തുന്നതിനും, വിവിധ വകുപ്പുകളിലെ പഠന ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങളും കമ്പ്യൂട്ടറുകളും വാങ്ങുന്നതിനും, പരിസ്ഥിതി സൗഹൃദവും സുരക്ഷാനടപടികളും സർവ്വകലാശാലയിൽ നടപ്പാക്കുന്നതിനും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 8.85 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-102-77—<u>നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (ന്യുവാൽസ്)</u>

ന്യുവാൽസിന്റെ ക്യാമ്പസ് വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനുവേണ്ടി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 81.62 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-102-72—<u>തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല</u>

സർവ്വകലാശാലയിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ശമ്പളം, ഏഴാം യു.ജി.സി. ശമ്പള പരിഷ്കരണ കുടിശ്ശിക, പെൻഷൻ ഫണ്ട് കുടിശ്ശിക, നൽകുന്നതിനും വാഹന വാടക, ഇന്ധന ചെലവുകൾക്കുമായി അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 12.3145 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ക്യാമ്പസ് വികസനം, അക്കാദമിക് ഭരണവിഭാഗ കെട്ടിട നിർമ്മാണം, ലൈബ്രറി വികസനം, ഹോസ്റ്റൽ നിർമ്മാണം, താല്ക്കാലിക ക്ലാസ്സ് മുറികളും ഓഡിറ്റോറിയവും നിർമ്മാണം, ദേശീയ-അന്തർദേശീയ സെമിനാറുകൾ, അന്തർ സർവ്വകലാശാല സഹകരണം/ചെയറുകൾ, പ്രോജക്ടുകൾ എന്നിവയ്ക്കുമായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ '35-മൂലധന ആസ്തികളുടെ രൂപീകരണം' എന്ന ഉപശീർഷകത്തിൽ 15.2443 കോടി രൂപയും '36-സഹായധനം ശമ്പളേതരം' എന്ന ഉപശീർഷകത്തിൽ 6.4057 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4202-01-203-70—പബ്ലിക്ക് യൂണിവേഴ്സിറ്റി കാമ്പസ് നിർമ്മാണവും വികസനവും (മലയാളസർവ്വകലാശാലയുടെ പുതിയ കാമ്പസും ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റികളും)

പുതിയ കാമ്പസ് നിർമ്മാണവും വികസനവും അക്കാദമിക്-ഭരണവിഭാഗ കെട്ടിട നിർമ്മാണം എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 20 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-102-98—കോഴിക്കോട് സർവ്വകലാശാല

യു.ജി.സി. ശമ്പള പരിഷ്കരണ പ്രകാരവും, സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണ പ്രകാരവുമുള്ള ശമ്പളം, ശമ്പള കുടിശ്ശിക, പെൻഷൻ ആനുകൂല്യങ്ങൾ, ദിവസവേതന/കരാർ ജീവനക്കാരുടെ പരിഷ്കരിച്ച വേതനം എന്നീ ചെലവുകൾക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 85.6442 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സർവ്വകലാശാല പരീക്ഷാ നടത്തിപ്പുകൾക്കും അക്കാദമിക് പ്രവർത്തനങ്ങൾക്കും മറ്റ് ദൈനംദിന ആവശ്യങ്ങൾക്കുമായി മാറ്റിവച്ച സർവ്വകലാശാലയുടെ തനത് ഫണ്ടിലെ തുക തിരിച്ചടയ്ക്കുന്നതിനും, നവീകരണ/വികസന/ഭരണ/അക്കാദമിക പ്രവർത്തനങ്ങളിലൂന്നിയുള്ള പദ്ധതികൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 49.0101194 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-102-92—കണ്ണൂർ സർവ്വകലാശാല ധനസഹായം

അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനും അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലെ നിയമനങ്ങൾ നടത്തുന്നതിനും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. കൂടാതെ വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനും ഭരണാനുമതി ലഭിച്ച പദ്ധതികളുടെ നടത്തിപ്പിനുമായി കൂടുതൽ തുക ആവശ്യമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 3.75 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 40.9076 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-103-56—ഹയർ എഡ്യൂക്കേഷൻ കൗൺസിൽ

ഉന്നതവിദ്യാഭ്യാസ നിക്ഷേപനയരൂപീകരണത്തിന്റെ ഭാഗമായി ടാക്സ് ഫോഴ്സ് രൂപീകരണം, അന്തർദേശീയ കോൺക്ലേവുകൾ, ട്രാൻസ്ഫോർമേഷൻ ഇൻഷ്യേറ്റീവ് ഗ്ലോബൽ കോൺക്ലേവ്, അദ്ധ്യാപക പരിശീലന പരിപാടി, ഇ-ജേർണൽ കൺസോർഷ്യം, നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് എന്നിവ സംബന്ധിച്ച ചെലവുകൾ നിർവ്വഹിക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 32.303080 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-105-98—ഇറുഡൈറ്റ് - സ്കോളേഴ്സ് ഇൻ റസിഡൻസ് പ്രോഗ്രാം

പ്രമുഖ അക്കാദമിക വിദഗ്ധരെ ഉപയോഗിച്ച് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിന് ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-103-48—കേരളം - എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സൊല്യൂഷനും (കെ-റീപ്പ്) ഉന്നത വിദ്യാഭ്യാസത്തിലെ മികവുകളുടെ കേന്ദ്രങ്ങളും

കേരള - എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സൊല്യൂഷൻ (കെ-റീപ്പ്)നും ഉന്നത വിദ്യാഭ്യാസത്തിലെ മികവുകളുടെ കേന്ദ്രങ്ങളും വികസിപ്പിക്കുന്നതിന് ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 8.60 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-105-97-02—അധിക വൈദഗ്ധ്യം ആർജിക്കുന്നതിനുള്ള പദ്ധതി (എ.എസ്.എ.പി.)

അസാപ്പിന്റെ സ്കിൽ പാർക്കിന്റെ നിർമ്മാണത്തിനും പരിപാലനത്തിനും, തൊഴിൽ നൈപുണ്യ പരിശീലനങ്ങൾക്കും, ഇന്റേൺഷിപ്പ്, പ്ലേസ്മെന്റ് സഹായം എന്നിവയ്ക്കായും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 4.90 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-103-57—രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ (ആർ.യു.എസ്.എ) (60% സി.എസ്.എസ്)

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം PM-USHA പദ്ധതിയെ റൂസ പദ്ധതിയുടെ തുടർച്ചയായി കണ്ട് നിലവിലെ റൂസ പദ്ധതിക്കുള്ള അലോട്ട്മെന്റിൽ നിന്ന് പി.എം. ഉഷ

പദ്ധതിക്ക് തുക അനുവദിച്ച് നൽകാവുന്നതാണ്. റൂസ/പി.എം. ഉഷ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഈ പദ്ധതി 31-3-2026-ൽ പൂർത്തിയാക്കേണ്ടതിനാൽ അധിക തുക വകയിരുത്തേണ്ടതുണ്ട്. ആയതിനാൽ പദ്ധതിയിനത്തിൽ 517.44 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-80-800-45—<u>കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വൽ സയൻസ് ആന്റ് ആർട്ട്</u>

കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വൽ സയൻസ് & ആർട്സിലെ അക്കാഡമിക് ആവശ്യങ്ങൾക്കുവേണ്ടിയും, പർച്ചെയ്സ്, സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം, സോളാർ പവർ ജനറേഷൻ സിസ്റ്റം, വീൽ ചെയർ, സൗഹൃദ കാമ്പസ് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കുമായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ 36-സഹായധനം-ശമ്പളേതരം എന്ന കണക്കിനത്തിൽ പദ്ധതിയേതരയിനത്തിൽ 2.6899 കോടി രൂപയും 35-മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം എന്ന കണക്കിനം ഉൾപ്പെടുത്തി ആയതിൽ 18.70 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

(യോഗം ഉച്ചയ്ക്കുശേഷം 12.15-ന് പിരിഞ്ഞു.)

## 20-2-2025-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2025 ഫെബ്രുവരി 20-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ പ്രത്യേക ക്ഷണിതാക്കളായി രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പു മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാനും താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തിരുന്നു.

1. ശ്രീ. കെ. എം. സച്ചിൻദേവ്
2. ശ്രീ. എം. എസ്. അരുൺകുമാർ (വീഡിയോ കോൺഫറൻസിംഗ് മുഖേന)
3. ശ്രീ. മുഹമ്മദ് മുഹസിൻ (വീഡിയോ കോൺഫറൻസിംഗ് മുഖേന)

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി

2. ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ഡോ. രാജൻ എൻ. ഖോബ്രഗഡെ, അഡീഷണൽ ചീഫ് സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്

2. ഡോ. ദിവ്യ എസ്. അയ്യർ, ഡയറക്ടർ, സാംസ്കാരികകാര്യ വകുപ്പ്

3. ശ്രീ. സജീവ് കുമാർ എൽ. ആർ., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

4. ശ്രീ. ഇ. ദിനേശൻ, ഡയറക്ടർ, പുരാവസ്തു വകുപ്പ്

5. പ്രൊഫ. ശിശുബാലൻ എസ്., ഡയറക്ടർ, ശ്രീനാരായണ അന്തർദേശീയ പഠന തീർത്ഥാടന കേന്ദ്രം

6. ശ്രീമതി പാർവതി എസ്., ഡയറക്ടർ (ഇൻ ചാർജ്), പുരാരേഖ വകുപ്പ്

7. ശ്രീമതി മഞ്ജുള ദേവി പി. എസ്., ഡയറക്ടർ (ഇൻ ചാർജ്), മ്യൂസിയം-മൃഗശാല വകുപ്പ്

8. ശ്രീമതി സുധ ബി., ജോയിന്റ് സെക്രട്ടറി, പൊതുഭരണ വകുപ്പ്

9. ശ്രീമതി രജനി എം., ജോയിന്റ് സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്

10. ശ്രീ. ജയറാം കുമാർ ആർ., ജോയിന്റ് സെക്രട്ടറി, കായികവും യുവജനകാര്യവും വകുപ്പ്

11. ശ്രീ. എസ്. ശ്രീനിവാസൻ, സെക്രട്ടറി, മാർഗി

12. ശ്രീ. സി. അജോയ്, സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

13. ശ്രീമതി ലീന ലിറ്റി ഡി., സെക്രട്ടറി, കേരള സംസ്ഥാന യുവജന കമ്മീഷൻ

14. ശ്രീ. വി. ജയപ്രകാശ്, സെക്രട്ടറി, കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ

15. ശ്രീ. അജയകുമാർ എ. വി., സെക്രട്ടറി, കേരള ഫോക്‌ലോർ അക്കാഡമി

16. ശ്രീ. ബഷീർ ചുങ്കത്തറ, സെക്രട്ടറി, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി

17. ഡോ. പ്രമോദ് പയ്യന്നൂർ, മെമ്പർ സെക്രട്ടറി, ഭരത് ഭവൻ

18. ശ്രീ. പ്രസന്ന കുമാർ വി. ഡി., മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്

19. ശ്രീ. പി. എസ്. മനേഷ്, മെമ്പർ സെക്രട്ടറി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ

20. ശ്രീ. സന്തോഷ് ആർ., അഡീഷണൽ ഡയറക്ടർ, സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് ഡയറക്ടറേറ്റ്

21. ശ്രീ. പ്രിയദർശനൻ പി. എസ്., എക്സിക്യൂട്ടീവ് ഡയറക്ടർ, വാസ്തുവിദ്യാ ഗുരുകുലം & മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ

22. ശ്രീ. എസ്. നാസർ, ചെയർമാൻ, ജവഹർ ബാലഭവൻ, കൊല്ലം

23. ശ്രീ. ഒ. കെ. രാജൻ, എക്സിക്യൂട്ടീവ് ഓഫീസർ, ജവഹർ ബാലഭവൻ, തിരുവനന്തപുരം

24. ശ്രീമതി ശുഭ എം. സി., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ

25. ശ്രീ. പി. രാജേന്ദ്രൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ

26. ശ്രീ. കെ. വി. ശ്രീനാഥ്, രജിസ്ട്രാർ, സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്

27. ശ്രീ. ഷാജി സാമുവൽ വി., ഡെപ്യൂട്ടി രജിസ്ട്രാർ, കേരള കലാമണ്ഡലം

28. ശ്രീമതി പി. കെ. മിനി, മാനേജർ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ

29. ശ്രീമതി ബിന്ദുമോൾ കെ. എസ്., മാനേജർ (ഇൻ-ചാർജ്), കേരള ലളിതകലാ അക്കാദമി

30. ശ്രീ. എ. സോളമൻ, ലെയ്സൻ ഓഫീസർ, ഗുരുഗോപിനാഥ് നടന ഗ്രാമം

31. ശ്രീ. സുബ്രഹ്മണ്യൻ ടി. വി., സൂപ്രണ്ട്, തുഞ്ചൻ സ്മാരക ട്രസ്റ്റ്, തിരൂർ

32. ശ്രീമതി രഞ്ജിനി കെ. എസ്., ഫിനാൻസ് ഓഫീസർ, കേരള സ്റ്റേറ്റ് യൂത്ത് കമ്മീഷൻ, തിരുവനന്തപുരം

33. ശ്രീമതി മായ റാണി വി., ഫിനാൻസ് ഓഫീസർ, മ്യൂസിയം-മൃഗശാല വകുപ്പ്

34. ശ്രീമതി ബി. എസ്. ദീപ, ഫിനാൻസ് ഓഫീസർ, കായികവും യുവജനകാര്യവും ഡയറക്ടറേറ്റ്

സമിതി 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നം.XVII ന്റെ കീഴിൽ വരുന്ന കായിക യുവജനകാര്യം, സാംസ്കാരികകാര്യം, പൊതുഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 2204, 2205, 4202 എന്നീ ശീർഷകങ്ങൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

## കായിക യുവജനകാര്യ വകുപ്പ്

4202-03-102-95—സ്പോർട്സ് എഞ്ചിനീയറിംഗ്

പ്ലാൻ ഫണ്ട് 50% വെട്ടിക്കുറച്ചതിനാൽ ബില്ലുകൾ കെട്ടിക്കിടക്കുന്ന സാഹചര്യത്തിൽ പദ്ധതിയിനത്തിൽ അധിക തുക ആവശ്യമുണ്ട്. ആയതിനാൽ പദ്ധതിയിനത്തിൽ 40 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-03-102-94—സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ

പദ്ധതി വിഹിതം 50% വെട്ടിക്കുറച്ചതിനാൽ പെൻഡിംഗ് ബില്ലുകൾ തീർപ്പാക്കേണ്ടതിനാൽ പദ്ധതിയിനത്തിൽ 7.20 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-03-102-83—ഗ്രാമീണ കളിസ്ഥലം

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 124 കളിക്കളങ്ങൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ആദ്യ ഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി ബജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 44 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-001-99—കായികയുവജനകാര്യ ഡയറക്ടറേറ്റ്

04-01—യാത്രാ ചെലവുകൾ-യാത്രാബത്ത

യാത്രാ ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-104-89—സിവിൽ സർവീസ് ടൂർണമെന്റ് നടത്തിപ്പിനുള്ള ധനസഹായം

കിറ്റ്, ഡയറ്റ് അലവൻസ്, കാഷ് അവാർഡ് തുക എന്നിവ വർദ്ധിപ്പിച്ചതിനാലും കൂടുതൽ ഇനങ്ങൾ സംസ്ഥാന മീറ്റിൽ ഉൾപ്പെടുത്തിയതിനാലും ബഡ്ജറ്റിലെ നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 33 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-104-91—ഡിപ്പാർട്ടുമെന്റ് സ്കൂളുകളിൽ കായിക വിനോദ വിഭാഗങ്ങളിൽ സൗകര്യങ്ങൾ സജ്ജീകരിക്കൽ (സ്പോർട്സ് സ്കൂളുകളും ഡിവിഷനുകളും)

05-1—ഓഫീസ് ചെലവുകൾ- വെള്ളക്കരം

ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ വെള്ളക്കരത്തിനായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 71.21 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-101-94—സ്പോർട്സ് സ്കൂളുകളിലെയും ഡിവിഷനുകളിലെയും വിദ്യാർത്ഥികൾക്കുള്ള ധനസഹായം

സ്പോർട്സ് സ്കൂളുകളിലെയും സ്പോർട്സ് ഡിവിഷനുകളിലെയും വിദ്യാർത്ഥികൾക്കുള്ള ധനസഹായത്തിനായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 4.87 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-104-97—കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുള്ള ധനസഹായം

സ്പോർട്സ് ഹോസ്റ്റലുകളുടെ സുഗമമായ പ്രവർത്തനം, അസോസിയേഷനുകൾക്ക് ഗ്രാന്റ് അനുവദിക്കൽ, കായിക ഉപകരണങ്ങൾ, ഓപ്പറേഷൻ ഒളിമ്പ്യ, ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക് ഗ്രാൻ്, ജീവനക്കാർക്ക് പുതുക്കിയ ഡി.എ, ഡി.എ കുടിശ്ശിക,

പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൻ കീഴിലെ 31-സഹായധനം-ശമ്പളം എന്ന കണക്കിനത്തിൽ 7 കോടി രൂപ നോൺപ്ലാൻ ഇനത്തിലും 36-സഹായധനം-ശമ്പളേതരം എന്ന കണക്കിനത്തിൽ പ്ലാനിനത്തിൽ 23.85 കോടി രൂപയും നോൺപ്ലാൻ ഇനത്തിൽ 13 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനി യോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-103-98—<u>യൂത്ത് വെൽഫെയർ ബോർഡ്</u>

സഹായധനം-ശമ്പളം എന്നശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 2.42 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-103-68—<u>കേരള സംസ്ഥാന യൂത്ത് കമ്മീഷൻ</u>

കേരള സംസ്ഥാന യൂത്ത് കമ്മീഷനിലെ ജീവനക്കാരുടെ ശമ്പളം, കമ്മീഷൻ അംഗങ്ങളുടെ ഓണറേറിയം, യാത്രാബത്ത, ടെർമിനൽ സറണ്ടർ തുടങ്ങിയ ചെലവുകൾക്കായി പദ്ധതിയേതരയിനത്തിൽ അനുവദിച്ച തുക പര്യാപ്തമല്ല. കമ്മീഷൻ ചെയർപേഴ്സൺ/സെക്രട്ടറി എന്നിവരുടെ ഔദ്യോഗിക വാഹനങ്ങളുടെ വാടക, ഓഫീസിലെ ദൈനംദിന ചെലവ്, വൈദ്യുത ചാർജ്, കംമ്പ്യൂട്ടർ പ്രിന്റർ എന്നിവയുടെ സർവ്വീസ്, കമ്മീഷൻ മീറ്റിംഗ് എന്നിവയുടെ ചെലവുകൾക്കും അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ കമ്മീഷന്റെ 31-സഹായധനം -ശമ്പളം എന്നതിൽ നോൺ-പ്ലാൻ ഇനത്തിൽ 51.63 ലക്ഷം രൂപയും 36-സഹായധനം-ശമ്പളേതരം എന്ന കണക്കിനത്തിൽ പദ്ധതിയിനത്തിൽ 1.0009 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 29.12 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## <u>സാംസ്കാരികകാര്യ വകുപ്പ്</u>

2205-00-102-80—<u>നാട്ടരങ്ങ്</u>

'ഒരു ജില്ലയിൽ ഒരു നാട്ടരങ്ങ് ' നിർമ്മിക്കുന്ന പദ്ധതിയിൻ പ്രകാരം നിലവിൽ നിർമ്മാണത്തിലിരിക്കുന്ന നാട്ടരങ്ങുകളുടെ നിർമ്മാണ പ്രവൃത്തികൾക്കായി അനുവദിച്ച ബജറ്റ് വിഹിതത്തിന് പുറമേ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-800-29—സമം - ലിംഗസമത്വത്തിനായൊരു സാംസ്കാരിക മുന്നേറ്റം

'സമം' എന്ന പദ്ധതിക്ക് സാംസ്കാരിക വകുപ്പിന്റെയും മറ്റ് അനുബന്ധ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-800-30 —'മഴമിഴി' നവമാധ്യമ കലാപരിപാടികൾ

നാടൻ കലകൾ അവതരണ കലകൾ എന്നിവയുടെ അവതരണത്തിനും പ്രദർശനത്തിനും ഓൺലൈനായും ഓഫ്ലൈനായും പ്ലാറ്റ്ഫോമുകൾ ലഭ്യമാക്കുന്ന പദ്ധതിക്ക് ബജറ്റിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-04-800-83—ഫ്രീഡം മെമ്മോറിയൽ പാർക്ക്

ഇന്ത്യയുടെ 75-ാം സ്വാതന്ത്ര്യ വാർഷികത്തിന്റെ സ്മരണയ്ക്കായി ആസാദി കാ അമൃത് മഹോത്സവ് എന്ന പേരിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികളുടെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ സ്വാതന്ത്ര്യ സമര സേനാനികളുടെ സ്മരണയ്ക്കായി സ്മാരക പാർക്കുകൾ നിർമ്മിക്കുന്ന പദ്ധതിക്ക് ഭൂമി കണ്ടെത്തൽ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാകയാൽ 13 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-04-800-84—കലാകാരന്മാർക്കുള്ള അഭയ കേന്ദ്രം (ഹോം സ്റ്റേ)/ കലാ ഗ്രാമം.

ആലപ്പുഴ ജില്ലയിലെ സാംസ്കാരിക സമുച്ചയത്തിനായി കണ്ടെത്തിയ ഭൂമിയിൽ സമുച്ചയത്തിന്റെ ഭാഗമായി നിർമ്മിക്കുന്ന അഭയകേന്ദ്രത്തിന്റെ നിർമ്മാണ ചെലവിലേയ്ക്ക് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാകയാൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-49—സാംസ്കാരിക ഡയറക്ടറേറ്റിന്റെ നവീകരണം, അടിസ്ഥാന സൗകര്യവികസനം, സാംസ്കാരിക സമുച്ചയങ്ങളുടെ പരിപാലനം

ഭിന്നശേഷിക്കാർ ഉൾപ്പടെയുള്ള എല്ലാവരുടേയും തനതായ ആവശ്യങ്ങൾ നിറവേറ്റുന്നതിനുതകുന്ന ആധുനികവത്ക്കരിച്ച ഫ്രണ്ട് ഓഫീസ് സംവിധാനം സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിൽ ഒരുക്കുന്നതിനും കിഫ്ബി ഫണ്ട് ഉപയോഗിച്ച് ജില്ലകളിൽ

നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയങ്ങൾ വകുപ്പിന് കൈമാറുമ്പോൾ അവയുടെ അറ്റകുറ്റപ്പണികൾ, ദൈനംദിന ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിനും മറ്റുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 80 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-45—<u>ശതാബ്ദി ആഘോഷങ്ങൾ - വൈക്കം സത്യാഗ്രഹവും ആലുവ സർവ്വമത സമ്മേളനവും</u>

വൈക്കം സത്യാഗ്രഹത്തിന്റേയും ആലുവ സർവ്വമത സമ്മേളനത്തിന്റേയും ചരിത്രപരമായ പ്രാധാന്യം മാനിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ശതാബ്ദി ആഘോഷങ്ങൾ എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാകയാൽ 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-04-800-80—<u>ദക്ഷിണമേഖല സാംസ്കാരിക കേന്ദ്രം, പിണറായി</u>

പിണറായിയിൽ സ്ഥാപിക്കുന്ന പ്രസ്തുത സാംസ്കാരിക കേന്ദ്രത്തിലൂടെ സാംസ്കാരിക വിനിമയ പ്രാദേശിക പ്രകടന കലകൾ, കരകൗശല കലകളെ പ്രോത്സാഹിപ്പിക്കുക എന്നിവ ലക്ഷ്യമിടുന്ന പ്രസ്തുത പദ്ധതിക്കായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാകയാൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-67—<u>അശരണരും രോഗബാധിതരുമായ കലാ സാംസ്കാരിക പ്രവർത്തകർക്കുള്ള അടിയന്തര ചികിത്സയ്ക്കുള്ള സാമ്പത്തിക സഹായം</u>

ഈ പദ്ധതിയിൻ കീഴിൽ ലഭ്യമാകുന്ന അപേക്ഷകരുടെ എണ്ണം കൂടുന്നതിനാൽ നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 10 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-25—<u>സാംസ്കാരിക സ്ഥാപനങ്ങളിൽനിന്നും വിരമിച്ച ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതി</u>

വിവിധ സാംസ്കാരിക സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പ്രതിമാസ പെൻഷൻ, അനുബന്ധ ആനുകൂല്യങ്ങൾ, വിരമിക്കൽ ആനുകൂല്യങ്ങൾ, പെൻഷൻ പരിഷ്കരണ കുടിശ്ശിക എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ 2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

4202-04-190-99—<u>കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ</u>

കെ.എസ്.എഫ്.ഡി.സി-യുടെ കീഴിലുള്ള വിവിധ തീയേറ്ററുകളുടെ ആധുനികവത്ക്കരണം/ അപ്ഗ്രേഡേഷൻ, കേന്ദ്രീകൃത ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കൽ, സി-സ്പേസ് ഒ.റ്റി.റ്റി. പ്ലാറ്റ്ഫോമിന്റെ പ്രവർത്തനവും പരിപാലനവും, ജീവനക്കാരുടെ പരിശീലന പരിപാടി തുടങ്ങിയവയ്ക്കായി വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50.10 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-65-33—<u>മലയാള ചലച്ചിത്രങ്ങൾക്കുള്ള സബ്സിഡി- സബ്സിഡികൾ</u>

മലയാള ചലച്ചിത്രങ്ങൾക്കുള്ള സബ്സിഡി തുകയ്ക്ക് ആനുപാതികമായി സിനിമകൾക്ക് സബ്സിഡി നൽകാനും മുൻകാലങ്ങളിലുള്ള സബ്സിഡി കുടിശ്ശിക നൽകാനുള്ളതിനാലും ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മിക്കുന്ന ചിത്രങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്നതിനാലും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 8 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-90—<u>കേരള സംഗീത നാടക അക്കാദമി</u>

കേരള സംഗീത നാടക അക്കാദമിക്ക് കീഴിൽ നടത്താൻ ഉദ്ദേശിക്കുന്ന പരിപാടികൾക്കും, നവീകരണ പ്രവർത്തനങ്ങൾക്കുമായി നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ 6.29 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.0840 കോടി രൂപയും നിലവിലെ ബജറ്റ് വിഹിതത്തിനു പുറമെ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

അന്താരാഷ്ട്ര നാടകോത്സവം

ലോക നാടകത്തിന്റെ ഏറ്റവും നവീനമായ പ്രവണതകളും സങ്കേതങ്ങളും കേരളീയർക്ക് പരിചയപ്പെടുത്തുന്ന അന്താരാഷ്ട്ര നാടകോത്സവം കടുത്ത സാമ്പത്തിക ബാധ്യതയാണ് ഇത് സംഘടിപ്പിക്കുന്നതിലൂടെ അക്കാദമിക്ക് ഉണ്ടാകുന്നത്. കോവിഡ് പശ്ചാത്തലത്തിൽ മുൻ വർഷത്തെ അന്താരാഷ്ട്ര നാടകോത്സവം നടത്താൻ സാധിച്ചിരുന്നില്ല. ആയതിനാൽ 2205-00-102-34 എന്ന ശീർഷകം പുനഃസ്ഥാപിച്ച് ആയതിൽ 3 കോടി രൂപ പദ്ധതിയിനത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-97-36—<u>കേരള സാഹിത്യ അക്കാദമി ധനസഹായം</u>

സാംസ്കാരിക രംഗത്ത് കൂടുതൽ വ്യാപകമായ പ്രവർത്തനങ്ങൾ ആവശ്യമായിവരുന്ന സാഹചര്യത്തിൽ പദ്ധതിയിനത്തിൽ കൂടുതൽ തുക ആവശ്യമാണ്. ജീവനക്കാരുടെ ഡി.എ വർദ്ധന, പെൻഷനാനുകൂല്യങ്ങൾ, 11-ാം ശമ്പളപരിഷ്കരണം എന്നിവ നൽകുന്നതിനായും ഡിജിറ്റൈസേഷൻ എന്നിവയ്ക്കായും അധിക തുക ആവശ്യമുണ്ട്. ആയതിനാൽ പദ്ധതിയിനത്തിൽ 8.55 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.74 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-91—<u>കേരള ലളിതകലാ അക്കാദമി</u>

കോഴിക്കോട് ആർട്ട് ഗ്യാലറി നിർമ്മാണം, കിളിമാനൂർ രാജാരവിവർമ്മ സ്മാരക നിലയം, കലാവസ്തുക്കളുടെ സ്റ്റോറേജ് നിർമ്മാണം, ഇന്റർനാഷണൽ പെയിന്റേഴ്സ് ക്യാമ്പ് എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 5 കോടി രൂപയും ജീവനക്കാരുടെ ശമ്പളം, വേതനം, ഗ്യാലറികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ദൈനംദിന ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 1.75 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-74—<u>കേരള നാടൻകല അക്കാഡമി</u>

മ്യൂസിയത്തിൽ എത്തുന്ന സന്ദർശകരുടെ സൗകര്യാർത്ഥം ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനും, കാളൻ സ്മാരകത്തിന്റെ രണ്ടാം നിലയിൽ ഒരു ഗസ്റ്റ് റൂം പണിയുന്നതിനും ജിവനക്കാരുടെയും സെക്രട്ടറിയുടെയും ശമ്പളം, ചെയർമാൻ, വൈസ് ചെയർമാൻ എന്നിവരുടെ ഓണറേറിയം, യാത്രാപ്പടി, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കുമായി ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ 1 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2205-00-101-97—<u>കേരള കലാമണ്ഡലം</u>

കേരള കലാമണ്ഡലത്തിൽ നടന്നുവരുന്ന വിവിധ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, 7-ാം യു.ജി.സി. ശമ്പള പരിഷ്കരണത്തിന്റെയും, 11-ാം ശമ്പള പരിഷ്കരണത്തിന്റെയും കുടിശ്ശിക, കറണ്ട് ചാർജ് എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 13.12 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 6.82 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-68—<u>വാസ്തുവിദ്യാ ഗുരുകുലം</u>

പാരമ്പര്യ വാസ്തുവിദ്യാ, ചുമർചിത്രരചന സുസ്ഥിര സാങ്കേതിക വിദ്യ എന്നിവയുടെ സംരക്ഷണവും പ്രചാരണവും, ഓഫീസ് മന്ദിര നവീകരണം, ആസ്ഥാന മന്ദിര നിർമ്മാണം, ജീവനക്കാരുടെ ശമ്പളം, പേ റിവിഷൻ കുടിശ്ശിക, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ 15.70 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-66—<u>കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി</u>

മലയാള സിനിമാ മ്യൂസിയത്തിന്റെ നിർമ്മാണം, അന്താരാഷ്ട്ര ചലച്ചിത്രോത്സവം, അന്താരാഷ്ട്ര ഡോക്യുമെന്ററി ആന്റ് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, സിനിമാ രംഗത്തെ വനിതകൾക്കായുള്ള തൊഴിൽ പരിശീലന പദ്ധതി, അക്കാദമിയിലെ ജീവനക്കാരുടെ ശമ്പളം, വേതനം, കേരള സംസ്ഥാന ചലച്ചിത്ര അവാർഡ്, ജെ.സി. ഡാനിയേൽ അവാർഡ് എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ശമ്പളം ഇനത്തിൽ 80 ലക്ഷം രൂപയും ശമ്പളേതരയിനത്തിൽ 1.25 കോടി രൂപയും ശമ്പളേതരയിനത്തിൽ 5.25 കോടി രൂപ പദ്ധതിയിനത്തിലും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-75—<u>അന്താരാഷ്ട്ര ചലച്ചിത്രമേള</u>

അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് അനുവദിച്ചിരിക്കുന്ന വിഹിതം അര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-82—<u>തിരുവനന്തപുരം ഭാരത് ഭവൻ</u>

സ്വാതി തിരുനാൾ ചെയർ ആന്റ് യേശുദാസ് ഡിജിറ്റൽ ലൈബ്രറിക്കായും പദ്ധതി വിഹിതത്തിലെ മുഴുവൻ സാംസ്കാരിക അവതരണങ്ങളുടെ നടത്തിപ്പിനായും, ജീവനക്കാരുടെ ശമ്പളം, വൈദ്യുതി ചെലവ്, വെള്ളക്കരം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായും ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 4.7585 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 33.93285 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-76—ഗുരു ഗോപിനാഥ് നടനഗ്രാമം, വട്ടിയൂർക്കാവ്

കലാപരിശീലന വിഭാഗങ്ങളുടെ സുഗമമായ നടത്തിപ്പിന് കെട്ടിട നിർമ്മാണവും ഹോസ്റ്റൽ നിർമ്മാണവും അത്യന്താപേക്ഷിതമാകയാൽ പദ്ധതിയിനത്തിൽ 1 കോടി രൂപയും സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിനും വിദ്യാർത്ഥികൾക്ക് വേണ്ട വിധം സൗകര്യവും നല്ല രീതിയിൽ പരിശീലനവും നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ 25 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-101-96—ജവഹർ ബാലഭവൻ

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 5 ബാലഭവനുകളുടെ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 2.20 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 3.754 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-55—കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം, തോന്നയ്ക്കൽ

ആശാൻ സൗധവും ലൈബ്രറി മന്ദിരവും, ആശാൻ ഡോക്യുമെന്ററി നിർമ്മാണം, പ്രവേശന കവാടം, ചുറ്റുമതിൽ നിർമ്മാണം, ആശാൻ കാവ്യഭൂമി പൂർത്തീകരണം മാനുസ്ക്രിപ്റ്റ് മ്യൂസിയം, കെട്ടിടം ശീതികരിക്കലും നവീകരിക്കലും, ആശാൻ ജന്മവാർഷികാഘോഷം - ആശാൻചരമദിനാചരണം എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 15 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-86-36—കഥകളി പരിശീലനം - മാർഗി

സ്കൂൾ തലത്തിൽ പഠിക്കുന്ന കുട്ടികൾക്ക് കഥകളി, കൂടിയാട്ടം, ചെണ്ട, മദ്ദളം തുടങ്ങിയവയിൽ സൗജന്യ പരിശീലനം, മാർഗ്ഗിയിൽ ഉപരിപഠനത്തിന് വരുന്നവർക്ക് വിദഗ്ധ പരിശീലനം, സായിഗ്രാമത്തിലെ അനാഥ കുട്ടികൾക്ക് കഥകളി, ചെണ്ട പരിശീലനം, ശ്രീചിത്രാ ഹോമിലെ പെൺകുട്ടികൾക്ക് സൗജന്യമായി നങ്ങ്യാർകൂത്തിൽ പരിശീലനം തുടങ്ങിയ ആവശ്യങ്ങൾക്കായി അധിക തുക ആവശ്യമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 25 ലക്ഷം രൂപയും വേതനം, വെള്ളക്കരം, വൈദ്യുതി ചെലവ് എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 60 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-63—<u>മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി</u>

ഗ്രാന്റിൽ കുറവ് വന്നതുകാരണം മന്ദഗതിയിലായതും നിർത്തിവച്ചതുമായ അക്കാഡമിയുടെ നിരവധി പ്രവർത്തനങ്ങൾ തുടങ്ങുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി പദ്ധതിയിനത്തിൽ 1.37 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 97.58 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-40—<u>വൈലോപ്പിള്ളി സംസ്കൃതി ഭവൻ</u>

(വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം) തിരുവനന്തപുരം

സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യത്തിനും വികസനത്തിനും ഓഫീസ് ചെലവുകൾക്കും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി അധിക തുകയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ പദ്ധതിയിനത്തിൽ 9.95 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 62.50 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-32—<u>ശ്രീനാരായണ അന്തർദേശീയ പഠനകേന്ദ്രം, ചെമ്പഴന്തി</u>

സാംസ്കാരിക വകുപ്പ് നവകേരള നിർമ്മിതിയുടെ ഭാഗമായി ആവിഷ്കരിച്ച സാംസ്കാരിക പദ്ധതിയായ ശ്രീനാരായണഗുരു വിശ്വദർശന സംഗമം സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി പഠനക്ലാസ്സ്, സാംസ്കാരിക പരിപാടി, സാംസ്കാരിക ഘോഷയാത്ര, കലാപരിപാടി തുടങ്ങിയവയ്ക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 10 ലക്ഷം രൂപയും കൂടാതെ പദ്ധതിയേതര ചെലവുകൾക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുതയിനത്തിൽ 8.77 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-31—<u>കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്</u>

അധിക ഭരണ ചെലവുകൾ നിറവേറ്റുന്നതിനായി പദ്ധതിയേതരയിനത്തിൽ 76.50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-103-85—<u>പൈതൃക പഠന കേന്ദ്രം</u>

പദ്ധതി-പദ്ധതിയേതരയിനങ്ങൾക്കായി ആകെ 2,41,66,124 രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ

40 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 11.66 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-101-89-36—തുഞ്ചൻ സ്മാരക ട്രസ്റ്റ്, തിരൂർ, മലപ്പുറം

തുഞ്ചൻ സ്മാരകത്തിലെ പഴക്കം ചെന്ന കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ, മലയാള ഭാഷ സാഹിത്യ മ്യൂസിയം, പുസ്തക പുര നിർമ്മാണം എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 3.6 കോടി രൂപയും ജീവനക്കാരുടെ വേതനം, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-103-91—എറണാകുളത്തെ പുരാവസ്തു മ്യൂസിയം

എറണാകുളം ജില്ലയിലെ ഹിൽപാലസ് മ്യൂസിയത്തിൽ വിവിധ സംരക്ഷണ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനും ജില്ലയിലെ മറ്റ് സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണ പ്രവർത്തികൾക്കും കൂടുതൽ തുക ആവശ്യമായതിനാൽ പദ്ധതിയിനത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-103-89—പുരാവസ്തു കെട്ടിടങ്ങൾ

പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ട 192 സ്മാരകങ്ങളിൽ സംരക്ഷണ പ്രവൃത്തികൾ ആവശ്യമായ സ്മാരകങ്ങളുടെ സംരക്ഷണം നിർവ്വഹിക്കുന്നതിന് ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1.50 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2205-00-103-99-05—പുരാവസ്തു വകുപ്പ്

മ്യൂസിയങ്ങളിൽ എത്തുന്ന സന്ദർശകരുടെ എണ്ണം കൂടിവരുന്നതിനാലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ തുറന്നു കൊടുത്തതിനാലും വെള്ളത്തിന്റെ ഉപയോഗം വളരെയധികം കൂടിയതിനാൽ ഈ ശീർഷകത്തിൻ കീഴിൽ 05-1 ഓഫീസ് ചെലവുകൾ – വെള്ളക്കരം എന്ന ഇനത്തിൽ 1 ലക്ഷം രൂപയും ഏറ്റവും വലിയ പുരാവസ്തു മ്യൂസിയമായ ഹിൽപാലസ് മ്യൂസിയത്തിൽ പുതുതായി ട്രാൻസ്ഫോമർ സ്ഥാപിച്ചതിനാലും നവീകരണം പൂർത്തിയാക്കിയ പല മ്യൂസിയങ്ങളിലും ഡിസ്പ്ലേ സംവിധാനം പ്രവർത്തിക്കുന്നതിനാലും 05-2 വൈദ്യുതി ചെലവ് എന്ന ഇനത്തിൽ 6.5 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2205-00-104-91—<u>ആർക്കൈവൽ സ്റ്റഡി ആന്റ് റിസർച്ച് സെന്റർ</u>

പുരാരേഖ വകുപ്പ് നിർമ്മിക്കുന്ന ഇന്റർ നാഷണൽ ആർക്കൈവ്സ് ആൻഡ് ഹെറിറ്റേജ് സെന്ററിന്റെ പൂർണ്ണമായുള്ള സജ്ജീകരണ പ്രവർത്തനങ്ങൾക്ക് നിലവിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 6.35 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2205-00-104-99—<u>കേരള സംസ്ഥാന പുരാരേഖ</u>

സംസ്ഥാന പുരാരേഖ വകുപ്പിന്റെ വിവിധ ഓഫീസുകളിലെ വാടക, കരം, നികുതി എന്നീ ഇനങ്ങളിലെ ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 4.73 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2205-00-107-93—<u>മ്യൂസിയങ്ങളുടെയും ഗ്യാലറികളുടെയും ആധുനികവൽക്കരണവും മ്യൂസിയം ക്യാമ്പസിന്റെ വികസനവും</u>

മ്യൂസിയങ്ങളുടെയും ഗ്യാലറികളുടെയും ആധുനികവൽക്കരണത്തിനായും നവീകരണത്തിനായും മ്യൂസിയം കാമ്പസിന്റെ വികസനത്തിനായും അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 7.96 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2205-00-107-91—<u>എ.കെ.ജി. സ്മാരക മ്യൂസിയം</u>

കണ്ണൂർ ജില്ലയിലെ പെരളശ്ശേരിയിൽ പുതിയതായി സ്ഥാപിക്കുന്ന എ.കെ.ജി സ്മൃതി മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 15.03 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2205-00-107-89—<u>ശ്രീചിത്രാ ആർട്ട് ഗ്യാലറി</u>

മ്യൂസിയം മൃഗശാല വകുപ്പിന്റെ തിരുവനന്തപുരം ഡയറക്ടറേറ്റിൽ പുതിയതായി സ്ഥാപിച്ച രാജാരവിവർമ്മ ആർട്ട് ഗ്യാലറിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വകയിരുത്തിയ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

4202-04-106-95—കേരള സ്റ്റേറ്റ് മ്യൂസിയം സ്ഥാപിക്കൽ

മൃഗശാല വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന തൃശ്ശൂർ മ്യൂസിയം മൃഗശാലയിലെ മൃഗങ്ങൾ പുത്തൂർ മൃഗശാലയിലേയ്ക്ക് മാറ്റി പാർപ്പിക്കുന്ന മുറയ്ക്ക് ഒഴിവ് വരുന്ന സ്ഥലത്ത് പുതുതായി കേരള സംസ്ഥാന മ്യൂസിയം സ്ഥാപിക്കുന്നതിന് വകയിരുത്തിയ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2205-00-107-99—ആർട്ട് മ്യൂസിയം ഉൾപ്പെടെയുള്ള മ്യൂസിയം

തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നിവിടങ്ങളിലെ മ്യൂസിയം, മൃഗശാല, ഗാർഡൻ, കണ്ണൂരിലെ തെയ്യം മ്യൂസിയം, എ.കെ.ജി. മ്യൂസിയം എന്നിവിടങ്ങളിലെ വൈദ്യുതി ചെലവ് വാടക, കരം, നികുതി എന്നീ ചെലവുകൾക്കായി വകയിരുത്തിയ തുക പര്യാപ്തമല്ല. ആയതിനാൽ 05(2) വൈദ്യുതി ചെലവ് എന്ന കണക്കിനത്തിൽ 21 ലക്ഷം രൂപയും 06-വാടക, കരം, നികുതി എന്ന കണക്കിനത്തിൽ 10 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

24 —സാധനസാമഗ്രികൾ

മൃശാലയിലെ മൃഗങ്ങൾക്ക് ആവശ്യമായി വരുന്ന മരുന്നുകൾ, ഭക്ഷണം നൽകുന്നതിനു വേണ്ട പാത്രങ്ങൾ എന്നിവയ്ക്കായി ബജറ്റ് വിഹിതം അനുവദിച്ചിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(യോഗം വൈകുന്നേരം 3.30-ന് പിരിഞ്ഞു.)

## 25-2-25-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI -ന്റെ ഒരു യോഗം 2025 ഫെബ്രുവരി 25-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ സമിതി ചെയർപേഴ്സൺ വീഡിയോ കോൺഫറൻസിംഗ് മുഖേനയും സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദുവും പ്രത്യേക ക്ഷണിതാവായ രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും നേരിട്ടും പങ്കെടുത്തു. കൂടാതെ എക്സ്-ഒഫീഷ്യോ

അംഗമായ മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാനും താഴെപ്പറയുന്ന സമിതിയംഗങ്ങളും വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്തിരുന്നു.

1. ശ്രീ. മുഹമ്മദ് മുഹസിൻ

2. ശ്രീ. എം. വിജിൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി

2. ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി

സമിതി, 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

(യോഗം ഉച്ചയ്ക്കുശേഷം 2.45-ന് പിരിഞ്ഞു.)

## 4-3-2025 - ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2025 മാർച്ച് 4-ാം തീയതി ചൊവ്വാഴ്ച സഭാസമ്മേളനത്തിനുശേഷം രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ ചെയർപേഴ്സണും, പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുമായ ശ്രീ.വി.ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതി ചെയർപേഴ്സൺ വീഡിയോകോൺഫറൻസിംഗ് മുഖേനയും സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുമായ ഡോ. ആർ. ബിന്ദുവും താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ നേരിട്ടും ഹാജരായിരുന്നു.

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

2. ശ്രീ. ടി. വി. ഇബ്രാഹിം

3. ശ്രീ. ടി. ഐ. മധുസൂദനൻ

4. ശ്രീ. മുഹമ്മദ് മുഹസിൻ

5. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

6. ശ്രീ. കെ. എം. സച്ചിൻദേവ്

7. ശ്രീ. എം. വിജിൻ

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി

2. ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി രാധിക പി. ബി., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
2. ശ്രീമതി സ്മിത സാം, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. അനിൽ കുമാർ വി. എസ്., അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
4. ശ്രീമതി ബിന്ദു സി., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. രാകേഷ് എസ്. പി., അണ്ടർ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
6. ശ്രീമതി റിന്ന്സബ എം. ഇസ്മായിൽ, അണ്ടർ സെക്രട്ടറി, നിയമ വകുപ്പ്

സമിതി, 2025-ലെ സർവകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ, 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ എന്നിവ ഖണ്ഡം ഖണ്ഡമായി പരിഗണിച്ചു. സമിതി യോഗം ബില്ലുകളിന്മേൽ വകുപ്പ് കൊണ്ടുവന്ന ഔദ്യോഗിക ഭേദഗതികൾ ഉൾപ്പെടെ ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും തുടർന്ന് താഴെപ്പറയുന്ന ഭേദഗതികളോടെ ബില്ലുകൾ അംഗീകരിക്കുകയും ചെയ്തു.

**1. The University Laws (Amendment) Bill, 2025**

Clause 2

*In Clause 2, which proposes to amend the Kerala University Act, 1947,—*

(1) in sub-clause (a), clauses (33) to (40) proposed to be inserted after clause (32) of section 2 of the Act, the words " of the Act" apperaring at the end of each clause shall be omitted.

(2) in sub-clause (c), in sub-section(7) proposed to be substituted in section 8 of the Act, for the word "duties", the word "functions" shall be substituted.

(3) in sub-clause (d), in the proviso to sub-section (13) proposed to be substituted in section 10 of the Act, for the word "difference", the words "difference of opinion" shall be substituted.

(4) in sub-clause (e), in sub-section (3) proposed to be substituted in section 11 of the Act, for the word "professor", the words "Associate Professor" shall be substituted.

(5) in sub-clause (h), in section 21 of the Act, under the heading "Other Members",—

(a) in sub-item (iii) of item (a) proposed to be substituted, for the words "University teacher", the words "teacher of the University" shall be substituted;

(b) in item (d) proposed to be substituted, for the words "Vice Chancellor", the words "Syndicate" shall be substituted;

(6) in sub-clause (i), in item (xxiiie) of section 23 proposed to be inserted, for the words "to exercise powers and functions", the words "to exercise the powers and perform the functions" shall be substituted.

(7) in sub-clause (l), in sub-section (2) of section 25A proposed to be inserted in the Act,—

(a) in clause (e), for the word "two", the word "three" shall be substituted;

(b) in clause (g), for the words and symbol “two external experts, outside the University”, the words “two experts from outside the University” shall be substituted.

(8) in sub-clause (n), in section 28, proposed to be substituted in the Act,

(a) in sub-section (1), for the words “department of study”, the words “department of study or discipline”shall be substituted;

(b) in the proviso to sub-section (3), for the words “lesser experience”, the words “less than ten years of regular service” shall be substituted.

(c) in section 28A proposed to be inserted in the Act,—

(i) in sub-section (2), for the words “Chairperson shall have minimum” the words, “the Chairperson shall be a teacher with a minimum of ” shall be substituted;

(ii) in sub-section (3), for the words “Expert Committee shall have minimum” the words, “Expert Committee shall be teachers with a minimum of ” shall be substituted;

(iii) in the proviso, to sub-section (3), for the words “may also”, the word “shall”shall be substituted;

(iv) in sub-section (4), the word “external” shall be omitted.

(9) in sub-clause (v), in sub-section (2) of section 45 of the Act, for the words “Kerala Bank”the words “Kerala State Co-operative Bank Limited” shall be substituted.

(10) in sub-clause(y),—

(a) in sub-section(2) of section 53A proposed to be inserted, for clause (c), the following clause shall be substituted, namely:—

“(c) Heads of the department from all departments including single faculty departments and department of Physical Education;”

(11) in sub-clause (z), in section 57, for sub-section (10) the following sub-section shall be substituted, namely:—

"(10) Any person aggrieved by any appointment under this section may make a complaint to the Vice-Chancellor within thirty days from the date of issuance of the appointment order and the Vice Chancellor shall dispose of the complaint in the manner prescribed by the Statutes within sixty days from the date of filing complaint.

(11) If he is not satisfied with the decision of Vice-Chancellor, he may prefer an appeal to the Appellate Tribunal within thirty days from the date of the order of the Vice-Chancellor and the decision of the Appellate Tribunal shall be final."

(12) The Committee recommends to add 'sub-clause (ya)'after sub-clause (y) and by the clause so added, proposes the following amendments in section 56 of the Principal Act, namely :-—

"in section 56 of the Principal Act;—

(i) in sub-section (1), for the words "within such a time", the words "at any time of the year" shall be substituted;

(ii) proviso to sub-section (2) shall be omitted.".

Clause 3

**In Clause 3, which proposes to amend the Calicut University Act, 1975,—**

(1) in sub-clause (a), clauses (33) to (40) proposed to be inserted after clause (32) of section 2 of the Act, the words "of the Act" appearing at the end of each clause shall be omitted.

(2) in sub-clause (c), in sub-section (7) of section 8 proposed to be substituted, for the word "duties" the word "functions" shall be substituted.

(3) in sub-clause (d), in the proviso to sub-section (13) proposed to be substituted in section 10 of the Act, for the word "difference" the words, "difference of opinion" shall be substituted.

(4) in sub-clause (e), in sub-section (3) proposed to be substituted in section 11 of the Act, for the word "Professor" the words "Associate Professor" shall be substituted.

(5) in sub-clause (h), in section 21 of the Act, in item (d) proposed to be substituted, for the words “Vice Chancellor” the word “Syndicate” shall be sustituted.

(6) in sub-clause (i), in section 23,—

(a) in item (xva) proposed to be substituted, for the word “granted” the word, “awarded” shall be substituted;

(b) in item (xxiiib) proposed to be inserted, for the words “as may be prescribed in this Act and as may be prescribed in the Statutes”, the words, “as may be prescribed in this Act and the Statutes” shall be substituted;

(c) in item (xxiiie) proposed to be inserted, for the words “to exercise power and functions” the words, “to exercise the powers and perform the functions” shall be substituted;

(7) in sub-clause (1), section 25A proposed to be inserted in the Act,—

(a) in sub-section (2),—

(i) in clause (e), for the word “two” the word, “three” shall be substituted;

(ii) in clause (g), for the words and symbol " two external experts, outside the University" the words, "two experts from outside the University" shall be substituted.

(b) in sub-section (3), for the first sentence, the following sentence shall be substituted, namely:—

"The Vice-Chancellor shall be the Chairperson and the Director of Research shall be the Convenor of the Research Council."

(8) in sub-clause (n), in section 28,—

(a) in sub-section (1), for the words "department of study" the words "department of study or discipline" shall be substituted.

(b) in sub-section (3),—

(i) for the words " shall be a teacher" the words, "shall be teachers" shall be substituted;

(ii) in the proviso to sub-section (3) proposed to be substituted in the Act, for the words “ lesser experience" the words, “less than ten years of regular service" shall be substituted.

(c) in section 28A proposed to be inserted in the Act,—

(i) in sub-section (2) for the words “Chairperson shall have" the words, “the Chairperson shall be a teacher with a" shall be substituted;

(ii) in sub -section (3), for the word “Expert Committee shall have” the words, “Expert Committee shall be teachers with a” shall be substituted;

(iii) in the proviso to sub-section (3), for the words “may also” the word “shall” shall be substituted;

(iv) in sub-section (4),the word “external” shall be omitted.

(9) in sub-clause (v), in sub-section (2) of section 45 of the Act, for the words “Kerala Bank” the words, “Kerala State Co-operative Bank Limited” shall be substituted.

(10) in sub-clause (y) in sub-section (2) of section 53A proposed to be inserted, for clause (c),the following clause shall be substituted namely:—

“(c)Heads of the departments from all departments including single faculty departments and department of Physical Education;”.

(11) in sub-clause (z), for sub-section (10) of section 57, the following sub-section shall be substituted, namely:—

“(12) Any person aggrieved by any appointment under this section may make a complaint to the Vice-Chancellor within thirty days from the date of issuance of the appointment order and the Vice Chancellor shall dispose of the complaint in the manner prescribed by the Statutes within sixty days from the date of filing complaint.

(13) If he is not satisfied with the decision of Vice-Chancellor, he may prefer an appeal to the Appellate Tribunal within thirty days from the date of the order of the Vice-Chancellor and the decision of the Appellate Tribunal shall be final.”

(12) in sub-clause(zc), in sub-section (2) of section 68U proposed to be inserted, for the words “memorandum of understanding on agreement” the words, “memorandum of understanding or agreement”shall be substituted.

(13) The Committee recommends to add 'sub-clause (ya)' after sub-clause (y) and by the clause so added, proposes the following amendments in section 56 of the Principal Act, namely:—

“in section 56 of the Principal Act;—

(i) in sub-section (1), for the words “within such a time”, the words “at any time of the year” shall be substituted;

(ii) Proviso to sub-section (2) shall be omitted.

Clause 4

**In Clause 4, which proposes to amend the Mahatma Gandhi University Act, 1985—**

(1) in sub-clause (a), in section2,—

(a) in clause (35) proposed to be inserted, for the figures, letter and words “53A of the Act” the figures and letter “55A” shall be substituted;

(b) in clauses (36),(37) and (38) proposed to be inserted, for the words and figures " as per the provisions of Chapter X of this Act” the words and figures, “under section 122” shall be substituted;

(c) in clauses (39), (40),(41) and (42) proposed to be inserted, the words, “of the Act” shall be omitted.

(2) in sub-clause (b), in sub-section (7) of section 8 proposed to be substituted, for the word “duties” the word, “functions” shall be substituted.

(3) in sub-clause (c), in the proviso to sub-section (17) proposed to be substituted in section 10 of the Act, for the word “difference” the words “difference of opinion” shall be substituted.

(4) in sub-clause (d), in sub-section (3) proposed to be substituted in section 11 of the Act, for the word “Professor” the words “Associate Professor” shall be substituted.

(5) in sub-clause (e), for item (3a) proposed to be inserted in section 17 of the Act, the following item shall be substituted, namely:—

“(3a) Not more than five members nominated by the Government from the field of Higher Education of whom one shall be a woman and one shall be from Scheduled Caste or Scheduled Tribe communities.”.

(6) in sub-clause(h), in section 21 of the Act,—

(a) in item (c) proposed to be substituted, for the words “Vice Chancellor” the word “Syndicate” shall be substituted;

(b) in item (d), for the words “referred to the item” the words, “referred to in item” shall be substituted.

(7) in sub-clause (i), in the third proviso to section 22 proposed to be substituted, for the word and symbol “co-terminous” the word and symbol "co-terminus" shall be substituted.

(8) in sub-clause (j), in item (xxxivb) of section 23 proposed to be inserted, for the words “as may be prescribed in this Act and as may be prescribed in the Statutes” the words, “prescribed in this Act and the Statutes” shall be substituted;

(9) in sub-clause (m), in section 25A proposed to be inserted in the Act,—

(a) in sub-section (2),—

(i) in clause (e), for the word “two” the word, “three” shall be substituted;

(ii) in clause (g), for the words and symbol “two external experts, outside the University” the words “two experts from outside the University” shall be substituted;

(b) in sub-section (3), for the first sentence, the following sentence shall be substituted, namely:—

"The Vice-Chancellor shall be the Chairperson and the Director of Research shall be the Convenor of the Research Council."

(10) in sub-clause (o), in section 28,—

(a) in sub-section (1), for the words "department of study" the words "department of study or discipline" shall be substituted;

(b) in sub-section (2), for the words "Chairperson shall have a minimum" the words "the Chairperson shall be a teacher with a minimum" shall be substituted;

(c) in sub-section (3),—

(i) for the words "shall have" the words, "shall be teachers with" shall be substituted;

(ii) in the proviso to sub-section (3) proposed to be substituted in the Act, for the words "lesser experience" the words, "less than ten years of regular service" shall be substituted.

(d) in section 28A proposed to be inserted in the Act,—

(i) in sub-section (2) for the words "Chairperson shall have minimum" the words "the Chairperson shall be a teacher with a minimum of " shall be substituted;

(ii) in sub-section (3),—

(a) for the words "Expert Committee shall have minimum" the words "Expert Committee shall be teachers with a minimum of" shall be substituted;

(b) in the proviso, for the words "may also" the word, "shall" shall be substituted.

(iii) in sub-section (4), the word "external" shall be omitted.

(11) in sub-clause (v), in sub-section (2) of section 46 of the Act, for the words "Kerala Bank" the words "Kerala State Co-operative Bank Limited" shall be substituted.

(12) in sub-clause (x), in sub-section (2) of section 55A proposed to be inserted, for clause (c), the following clause shall be substituted, namely:—

"(c) Heads of the departments from all departments including single faculty departments and department of Physical Education;".

(13) in sub-clause (y), for sub-section (9) of section 59, the following sub-section shall be substituted, namely:—

"(9) Any person aggrieved by any appointment under this section may make a complaint to the Vice-Chancellor within thirty days from the date of issuance of the appointment order and the Vice-Chancellor shall dispose of the complaint in the manner prescribed by the Statutes within sixty days from the date of filing complaint.

"(10) if he is not satisfied with the decision of Vice-Chancellor, he may prefer an appeal to the Appellate Tribunal within thirty days from the date of the order of the Vice-Chancellor and the decision of the Appellate Tribunal shall be final.".

(14) The Committee recommends to add sub-clause (xa) after sub-clause(x) and by the clause so added, proposes the following amendments in section 58 of the Principal Act, namely:—

" in section 58 of the Act,—

(i) in sub-section (1), for the words "within such a time", the words "at any time of the year" shall be substituted;

(ii) proviso to sub-section (2) shall be omitted".

<u>Clause 5</u>

**In clause 5, which proposes to amend the Sree Sankaracharya University of Sanskrit Act, 1994,—**

(1) in sub-clause (a), in section 2, in clauses (x), (y), (z) and (za) proposed to be inserted, the words "of the Act" shall be omitted.

(2) in sub-clause (b) in sub-section (7) of section 9 proposed to be substituted, for the words "perform such other duties" the words, "perform such other functions" shall be substituted.

(3) in sub-clause (c), in section 12,—

under the heading “Nominated Members”,—

(i) in item (ii) proposed to be substituted, for the words “Four educationalists”, the words, “Five educationalists” shall be substituted.

(ii) for item (iv), proposed to be substituted, the following item shall be substituted, namely:—

“(iv) One Dean of faculty nominated by the syndicate according to the seniority for a period of two years based on rotation.”;

(4) in sub-clause (g),—

(a) in clause (g) of sub-section (2) of section 18A proposed to be inserted, for the words “two external experts, outside the University”, the words, “three experts from outside the University” shall be substituted;

(b) in sub-section (3), for the first sentence the following sentence shall be substituted, namely:—

“The Vice- Chancellor shall be the Chairperson and the Director of Research shall be the Convenor of the Research Council.”

(5) in sub-clause (i), in the proviso to sub-section (7) of section 26 proposed to be substituted, for the word “difference” the words “difference of opinion” shall be substituted.

(6) in sub-clause (j), in sub-section (3) proposed to be substituted in section 27 of the Act, for the word “Professor”, the words “Associate Professor” shall be substituted.

(7) The Committee recommends to add sub-clause (ka) after sub-clause(k) and by the clause so added, proposes the following amendments in section 33 of the Principal Act, namely:—

“(ka) in section 33,—

in sub-section (4) of section 33 of the Act, after the words “or Nationalised Bank”, the words, “Kerala State Co-operative Bank Limited” shall be inserted.

Clause 6

**In clause 6, which proposed to amend the Kannur University Act, 1996,—**

(1) in sub-clause (a), in clauses (xxxiv), (xxxv), (xxxvi), (xxxvii), (xxxviii), (xxxix), (xL) and (xLi), the words "of the Act" shall be omitted.

(2) in sub-clause (b) in sub-section (7) of section 8 proposed to be substituted, for the word "duties" the word, "functions" shall be substituted.

(3) in sub-clause (c) in the proviso to sub-section (1) proposed to be substituted in section 11 of the Act, for the word, "difference" the words, "difference of opinion" shall be substituted.

(4) in sub-clause (d), in sub-section (3) proposed to be substituted in section 13 of the Act, for the word "Professor" the words "Associate Professor" shall be substituted.

(5) in sub-clause (e), for the item (iiia) proposed to be inserted in section 19 of the Act, the following item shall be substituted, namely:—

"(iiia) Not more than five members nominated by the Government from the field of Higher Education of whom one shall be a woman and one shall be from Scheduled Caste or Scheduled Tribe communities.".

(6) in sub-clause (h), in section 23 of the Act,

(a) in item (c) proposed to be substituted, for the words "referred to in the item" the words, "referred to in item" shall be substituted;

(b) in item (d) proposed to be substituted, for the words "Vice Chancellor" the word "Syndicate" shall be substituted.

(7) in sub-clause (i), in the third proviso to section 24 proposed to be substituted, for the word and symbol "co-terminous" the word and symbol, "co-terminus" shall be substituted.

(8) in sub-clause (j) in item (xxxivb) of section 25 proposed to be inserted, for the words "as may be prescribed in this Act and the Statutes" the words "prescribed in the Act and the Statutes" shall be substituted.

(9) in sub-clause (m) in clause (g) of sub-section (2) of section 27(A), for the words and symbol “two external experts, outside the University” the words “three experts from outside the University” shall be substituted.

(10) in sub-clause (o),

(a) in section 30,—

(i) in sub-section (1), for the words “department of study” the words “department of study or discipline” shall be substituted.

(ii) in sub-section (2) for the words “the Chairperson shall have” the words “the Chairperson shall be a teacher with” shall be substituted;

(iii) in sub-section (3),—

(a) for the words “shall have” the words “be teachers with” shall be substituted.

(b) in the proviso, for the words “lesser experience” the words “less than ten years of regular service” shall be substituted.

(b) in section 30A proposed to be inserted in the Act,—

(i) in sub-section (2), for the words “shall have a minimum” the words “shall be a teacher with a minimum” shall be substituted.

(ii) in sub-section (3),—

(a) for the words “Expert Committee shall have” the words “Expert Committee shall be teachers with” shall be substituted.

(b) in the proviso to sub-section (3), for the words “may also” the word “shall” shall be substituted.

(iii) in sub-section (4), the word “external” shall be omitted.

(11) in sub-clause (s) in section 33A proposed to be inserted,—

(a) in sub-section (7), for the words “directions from time to time” the words “directions issued from time to time” shall be substituted.

(b) in sub-clause (8), the word “every” shall be omitted.

(12) in sub-clause (w), in sub-section (2) of section 48 of the Act, for the words “Kerala Bank” the words “Kerala State Co-operative Bank Limited” shall be substituted.

(13) in sub-clause (y), in sub-section (2) of section 58A proposed to be inserted, for clause (c), the following clause shall be substituted, namely:—

“(c) Heads of the departments from all departments including single faculty departments and department of Physical Education;”

(14) in sub-clause (z), for sub-section (9) of section 62 proposed to be substituted, the following sub-section shall be substituted, namely:—

“(9) Any person aggrieved by any appointment under this section may make a complaint to the Vice-Chancellor within thirty days from the date of issuance of the appointment order and the Vice Chancellor shall dispose of the complaint in the manner prescribed by the Statutes within sixty days from the date of filing complaint.

(10) If he is not satisfied with the decision of Vice-Chancellor, he may prefer an appeal to the Appellate Tribunal within thirty days from the date of the order of the Vice-Chancellor and the decision of the Appellate Tribunal shall be final.”

(15) The Committee recommends to add 'sub clause (xa)' after sub-clause (x) and by the clause so added, proposes following amendments in section 58 of the Principal Act, namely:—

“ in section 58 of the Act,—

(a) in sub-section (1), for the words “within such a time”, the words “at any time of the year” shall be substituted;

(b) proviso to sub-section (2) shall be omitted.”

Clause 7

**In clause 7,**

(a) in sub-section (1), the words “or till a new Syndicate, Academic Council, Boards of Studies and Faculty are constituted, under this Act whichever is earlier” shall be omitted.

(b) in sub-section (2), the words “or till a new Syndicate and Academic Council are constituted, under this Act whichever is earlier” shall be omitted.

**2. 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ**

<u>3-ാം ഖണ്ഡം</u>

(i) 2-ാം ഉപഖണ്ഡത്തിൽ "വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്" എന്നീ വാക്കുകൾക്കു പകരം "വ്യവഹരിക്കപ്പെടുകയും ചെയ്യാവുന്നതുമാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) 3-ാം ഉപഖണ്ഡത്തിന്റെ നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നിരുന്നാലും, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയല്ലാതെ ആസ്ഥാന കാമ്പസ് അല്ലാത്ത കാമ്പസുകൾ സർവ്വകലാശാല സ്ഥാപിക്കാൻ പാടുള്ളതല്ല.".

<u>4-ാം ഖണ്ഡം</u>

4-ാം ഖണ്ഡത്തിന്റെ,—

(i) ആരംഭ വാചകത്തിന് മുന്നിലുള്ള "(1)" എന്ന ബ്രാക്കറ്റുകളും അക്കവും വിട്ടുകളയേണ്ടതാണ്;

(ii) (ബി) ഇനത്തിന്റെ മൂന്നാം ക്ലിപ്ത നിബന്ധനയ്ക്ക് പകരം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, സർവ്വകലാശാല സ്ഥാപിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി വായ്പ ലഭിക്കുന്നതിന് തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ സ്ഥാപിതമായ ഒരു ബാങ്കിനോ ധനകാര്യ സ്ഥാപനത്തിനോ പണയപ്പെടുത്താവുന്നതും എന്നാൽ അങ്ങനെയുള്ള ഭൂമി മറ്റേതെങ്കിലും ആവശ്യങ്ങൾക്കായോ ഏതെങ്കിലും വ്യക്തിക്കോ പണയപ്പെടുത്താൻ പാടില്ലാത്തതുമാണ്.";

(iii) (എച്ച്) ഇനത്തിൽ "സംവരണം ചെയ്യേണ്ടതും" എന്നീ വാക്കുകൾക്കു പകരം "സംവരണം ചെയ്യുകയും" എന്നീ വാക്കുകളും "ബാധകമാക്കേണ്ടതുമാണ്" എന്ന വാക്കിനു പകരം "ബാധകമാക്കുകയും ചെയ്യുക" എന്നീ വാക്കുകളും ചേർക്കേണ്ടതാണ്;

(iv) (ഐ) ഇനത്തിൽ "പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട" എന്നീ വാക്കുകൾക്കു പകരം "പട്ടികജാതി പട്ടിക ഗോത്രവർഗ്ഗങ്ങളിൽപ്പെട്ട" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

5-ാം ഖണ്ഡം

(2)-ാം ഉപഖണ്ഡം (സി) ഇനത്തിൽ, "(2013-ലെ 18-ാം കേന്ദ്ര ആക്ടോ)" എന്നീ ബ്രാക്കറ്റുകൾക്കും അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും വാക്കുകൾക്കും പകരം "(2013-ലെ 18-ാം കേന്ദ്ര ആക്റ്റ്)" എന്നീ ബ്രാക്കറ്റുകളും അക്കങ്ങളും ചിഹ്നങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.

12-ാം ഖണ്ഡം

(i) (1)-ാം ഉപഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധനയ്ക്കു പകരം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, നിർണ്ണയിക്കപ്പെട്ട അക്കാദമിക് യോഗ്യതയോ നിലവാരമോ ഇല്ലാത്ത ഏതെങ്കിലും വ്യക്തിയെ ഏതെങ്കിലും പഠന കോഴ്സിലേയ്ക്ക് പ്രവേശിപ്പിക്കുന്നതിനോ ബിരുദമോ മറ്റ് അക്കാദമിക ബഹുമതിയോ നൽകുന്നതിന് ആവശ്യമായ ഏറ്റവും കുറഞ്ഞ നിലവാരത്തെക്കാൾ താഴ്ന്ന അക്കാദമിക റിക്കാർഡുള്ളതോ ആയ ഏതെങ്കിലും വിദ്യാർത്ഥിയെ സർവ്വകലാശാലയുടെ പ്രവേശന പട്ടികയിൽ നിലനിർത്തുന്നതിനോ ഉള്ള ബാധ്യത സർവ്വകലാശാലയ്ക്ക് ഉണ്ടായിരിക്കുന്നതല്ല.";

(ii) (3)-ാം ഉപഖണ്ഡം (ii) ഇനത്തിൽ, "പരീക്ഷയിലേയ്ക്ക് നയിക്കുന്ന" എന്നീ വാക്കുകൾക്ക് പകരം "പരീക്ഷയ്ക്ക് തൊട്ടുമുൻപുള്ള" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

24-ാം ഖണ്ഡം

(2)-ാം ഉപഖണ്ഡം (ജി) ഇനത്തിൽ, "ഒരു വർഷത്തേക്കുള്ള ഗവേഷണ" എന്നീ വാക്കുകൾക്ക് പകരം "ഒരു വർഷം ഗവേഷണം പൂർത്തീകരിച്ച" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

26-ാം ഖണ്ഡം

(4)-ാം ഉപഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(5) (2)-ാം ഉപവകുപ്പിന്റെ (സി), (ഡി) എന്നീ ഖണ്ഡങ്ങൾ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി അവർ നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതി മുതൽ രണ്ട് വർഷക്കാലമായിരിക്കുന്നതാണ്.".

27-ാം ഖണ്ഡം

(1)-ാം ഉപഖണ്ഡത്തിൽ, "സമ്പത്തിനെ" എന്ന വാക്കിന് പകരം "സാമ്പത്തിക കാര്യങ്ങളെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

42-ാം ഖണ്ഡം

നിലവിലെ വ്യവസ്ഥ (1)-ാം ഉപഖണ്ഡമായി അക്കമിടേണ്ടതാണ്.

54-ാം ഖണ്ഡം

(i) (1)-ാം ഉപഖണ്ഡത്തിൽ, "എതെങ്കിലും കാരണത്താൽ" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ് ;

(ii) (2)-ാം ഉപഖണ്ഡത്തിൽ "സർക്കാർ" എന്ന വാക്കിന് ശേഷം "ചട്ടങ്ങളാൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

56-ാം ഖണ്ഡം

(4)-ാം ഉപഖണ്ഡം (ഇ) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ഇ) ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും സംഗതിക്കും.".

59-ാം ഖണ്ഡം

(3)-ാം ഉപഖണ്ഡം വിട്ടുകളയേണ്ടതാണ്.

61-ാം ഖണ്ഡം

(2)-ാം ഉപഖണ്ഡം (എ) ഇനത്തിൽ "5-ാം വകുപ്പ് പ്രകാരം ഒടുക്കേണ്ട ഫീസും" എന്നീ അക്കവും ചിഹ്നവും വാക്കുകളും വിട്ടുകളയേണ്ടതാണ്.

62-ാം ഖണ്ഡം

(i) നിലവിലുള്ള വ്യവസ്ഥ (1)-ാം ഉപഖണ്ഡമായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1)-ാം ഉപഖണ്ഡത്തിൽ,—

"വിജ്ഞാപനം" എന്ന വാക്കിന് പകരം "ഉത്തരവ്" എന്ന വാക്ക് ചേർക്കേണ്ടതുമാണ് ;

(ii) ക്ലിപ്തനിബന്ധനയിൽ "വിജ്ഞാപനവും" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്;

(iii) (1)-ാം ഉപഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:

"(2) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഏതൊരു ഉത്തരവും അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്. ".

പട്ടിക

പട്ടികയിലെ (3)-ാം കോളത്തിൽ "സർവ്വകലാശാലകൾ" എന്ന വാക്കിന് പകരം "സർവ്വകലാശാല" എന്ന വാക്ക് ചേർക്കേണ്ടതാണ്.

പ്രസ്തുത ബില്ലുകളിലെ വ്യവസ്ഥകളിന്മേൽ സമിതി അംഗങ്ങളായ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, സർവ്വശ്രീ ടി. വി. ഇബ്രാഹിം, രാഹുൽ മാങ്കൂട്ടത്തിൽ എന്നിവർ വിയോജിപ്പ് രേഖപ്പെടുത്തുകയും ആയത് സംബന്ധിച്ച കുറിപ്പ് സമിതിക്ക് സമർപ്പിക്കുകയും ചെയ്തു.

(യോഗം ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

## 19-3-2025-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI ന്റെ ഒരു യോഗം 2025 മാർച്ച് 19-ാം തീയതി ബുധനാഴ്ച സഭാസമ്മേളനത്തിനുശേഷം വൈകുന്നേരം 6.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ, സമിതി ചെയർപേഴ്സൺ വീഡിയോ കോൺഫറൻസിംഗ് മുഖേനയും സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു, മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാൻ, പ്രത്യേക ക്ഷണിതാവായ ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും നേരിട്ടും യോഗത്തിൽ പങ്കെടുത്തിരുന്നു.

1. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ.എം.എസ്.അരുൺ കുമാർ
3. ശ്രീ.ടി.വി.ഇബ്രാഹിം
4. ശ്രീ.ടി.ഐ. മധുസൂദനൻ
5. ശ്രീ.മുഹമ്മദ് മുഹസിൻ
6. ശ്രീ.രാഹുൽ മാങ്കൂട്ടത്തിൽ

7. ശ്രീ.കെ.എം.സച്ചിൻദേവ്

8. ശ്രീ. എം. വിജിൻ

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി ഇഷിത റോയ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്

2. ശ്രീമതി രാധിക പി. ബി., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്

3. ശ്രീമതി സ്മിത സാം, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

4. ശ്രീ. അനിൽ കുമാർ വി. എസ്., അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്

5. ശ്രീ. ജയറാംകുമാർ ആർ., ജോയിന്റ് സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്

6. ശ്രീ. രാകേഷ് എസ്. പി., അണ്ടർ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്

7. ശ്രീമതി റിനുബ എം. ഇസ്മായിൽ, അണ്ടർ സെക്രട്ടറി, നിയമ വകുപ്പ്

സമിതി, 2024-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ, എന്നിവ ഖണ്ഡം ഖണ്ഡമായി പരിഗണിച്ചു. പ്രസ്തുത ബില്ലുകളിന്മേൽ യോഗത്തിൽ വകുപ്പ് കൊണ്ടുവന്ന ഔദ്യോഗിക ഭേദഗതികൾ ഉൾപ്പെടെ ബില്ലുകളിലെ വ്യവസ്ഥകൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയും തുടർന്ന് സമിതി താഴെപ്പറയുന്ന ഭേദഗതികളോടെ ബില്ലുകൾ അംഗീകരിക്കുകയും ചെയ്തു.

## 2024-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ

ദീർഘശീർഷകവും പീഠികയും

ദീർഘശീർഷകത്തിലും പീഠികയിലും ബില്ലിലെ മറ്റ് ഖണ്ഡങ്ങളിലും "സ്പോർട്ട്സ് " എന്ന വാക്ക് വരുന്നിടത്തെല്ലാം അതിനു പകരമായി "സ്പോർട്സ് " എന്ന വാക്ക് ചേർക്കുക.

നിയമപ്രഖ്യാപന വാക്യം

നിയമപ്രഖ്യാപന വാക്യത്തിലെ "എഴുപത്തിയഞ്ചാം" എന്നത് "എഴുപത്തിയാറാം" എന്ന് ചേർക്കുക.

ഖണ്ഡം 1

(1) ഉപഖണ്ഡം (1)-ൽ “2024” എന്നീ അക്കങ്ങൾക്ക് പകരം “2025” എന്നീ അക്കങ്ങൾ ചേർക്കുക.

(2) (1)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്നത് ഖണ്ഡം (2) ആയി ചേർക്കേണ്ടതും ശേഷിക്കുന്ന ഖണ്ഡങ്ങൾ പുനരക്കം ചെയ്യുകയും ചെയ്യുക, അതായത്:—

“2. ഒരു പദപ്രയോഗത്തിന് പകരം മറ്റ് പദപ്രയോഗം ചേർക്കൽ.—2000-ലെ കേരള സ്പോർട്ട്സ് ആക്റ്റിൽ (2001-ലെ 2) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ശീർഷകത്തിലും ദീർഘശീർഷകത്തിലും പീഠികയിലും പ്രധാന ആക്റ്റിലെ മറ്റ് വകുപ്പുകളിലും "സ്പോർട്ട്സ് " എന്ന വാക്ക് വരുന്നിടത്തെല്ലാം അതിനു പകരം “സ്പോർട്സ് ” എന്ന വാക്ക് ചേർക്കേണ്ടതാണ്.”

പുനരക്കം ചെയ്ത ഖണ്ഡം 3

ഖണ്ഡത്തിലെ “ (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക)” എന്ന വാക്കുകളും ബ്രാക്കറ്റും ഒഴിവാക്കുക.

പുനരക്കം ചെയ്ത ഖണ്ഡം 5

ഉപഖണ്ഡം (i) പ്രകാരം പ്രധാന ആക്റ്റിൽ കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന (vi എ) ഇനത്തിൽ "ഇലക്ട്രോണിക് രൂപത്തിലുള്ള സ്പോർട്ട്സ് ഗെയിമുകൾ" എന്നീ വാക്കുകൾക്ക് പകരം "ഇലക്ട്രോണിക് രൂപത്തിലുള്ള സ്പോർട്സ് " എന്നീ വാക്കുകൾ ചേർക്കുക.

പുനരക്കം ചെയ്ത ഖണ്ഡം 6

പ്രധാന ആക്റ്റിലെ 3-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ "എക്സ് -ഒഫിഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൽ ചേർക്കാനുദ്ദേശിക്കുന്ന,—

1. (ബിഎഫ്) ഇനത്തിൽ "പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് സെക്രട്ടറി" എന്നീ വാക്കുകൾക്കു പകരം "പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറി " എന്നീ വാക്കുകൾ ചേർക്കുക.

2. (ബിജി) ഇനത്തിൽ "ആരോഗ്യ വകുപ്പ് സെക്രട്ടറി" എന്നീ വാക്കുകൾക്കു പകരം "ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് സെക്രട്ടറി" എന്നീ വാക്കുകൾ ചേർക്കുക.

<u>പുനരക്കം ചെയ്ത ഖണ്ഡം 8</u>

1. ഉപഖണ്ഡം (iii) പ്രകാരം പ്രധാന ആക്റ്റിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന (ബിഎ) ഖണ്ഡത്തിന്റെ വിശദീകരണത്തിൽ, " കേരള സ്പോർട്ട്സ് ഫൗണ്ടേഷൻ" എന്നീ വാക്കുകൾക്ക് പകരം " സ്പോർട്സ് കേരള ഫൗണ്ടേഷൻ" എന്നീ വാക്കുകൾ ചേർക്കുക.

2. (iv)-ാം ഉപഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന,—

(i) (ഇഇ) ഖണ്ഡത്തിൽ, " ഏകോപിപ്പിച്ചുകൊണ്ട്" എന്ന വാക്കിന് പകരം "സഹകരിച്ചു കൊണ്ട്" എന്ന വാക്ക് ചേർക്കുക.

(ii) (ഇജി) ഖണ്ഡം താഴെ പറയും പ്രകാരം മാറ്റുക,

"(ഇജി) സ്പോർട്ട്സ് അരീനകൾ, സ്പോർട്ട്സ് ടർഫുകൾ, വെൽനസ് സെന്ററുകൾ മുതലായവയ്ക്ക്, തത്സമയം പ്രാബല്യമുള്ള മറ്റേതെങ്കിലും നിയമത്തിന്റെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിൽ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നിർമ്മാണത്തിനും പ്രവർത്തനത്തിനും ഉള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുക" .

(iii) (ഇഡബ്ല്യു) ഖണ്ഡത്തിൽ, "2011-ലെ സ്പോർട്ട്സ് ഡവലപ്മെന്റ് കോഡിലെ" എന്നീ അക്കങ്ങൾക്കും ചിഹ്നത്തിനും വാക്കുകൾക്കും പകരം "2011-ലെ നാഷണൽ സ്പോർട്സ് ഡവലപ്മെന്റ് കോഡ് ഓഫ് ഇന്ത്യയിലെ" എന്ന അക്കങ്ങളും ചിഹ്നവും വാക്കുകളും ചേർക്കുക.

(iv) (ഇഇസഡ്ബി) ഖണ്ഡത്തിൽ, " ഗ്രീൻ സ്പോർട്ട്സ് വിഭാഗത്തിൽപ്പെടുന്ന ഗോൾഫ്, ബില്ല്യാർഡ്സ്, സ്നൂക്കർ, സ്ക്വാഷ്" എന്നീ വാക്കുകൾക്ക് പകരം "ബില്ല്യാർഡ്സ്, സ്നൂക്കർ, സ്ക്വാഷ്, ഗ്രീൻ സ്പോർട്സ് വിഭാഗത്തിൽപ്പെടുന്ന ഗോൾഫ്" എന്നീ വാക്കുകൾ ചേർക്കുക.

3. (v)-ാം ഉപഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന (എച്ച്ഡി) ഖണ്ഡത്തിൽ, " ഏകോപിപ്പിച്ചുകൊണ്ട് " എന്ന വാക്കിന് പകരം "സഹകരിച്ചുകൊണ്ട്" എന്ന വാക്ക് ചേർക്കുക.

4. (vi)-ാം ഉപഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ പുതുതായി ചേർക്കുകയും നിലവിലുള്ള (vii)-ാം ഉപഖണ്ഡം (ix)-ാം ഉപഖണ്ഡമായി പുനരക്കം ചെയ്യുകയും ചെയ്യുക, അതായത്,—

"(vii) (എൻ) ഖണ്ഡം വിട്ടുകളയേണ്ടതാണ് ;

(viii) (ഒ) ഖണ്ഡം വിട്ടുകളയേണ്ടതാണ്."

<u>പുനരക്കം ചെയ്ത ഖണ്ഡം 9</u>

പുനരക്കം ചെയ്ത (9)-ാം ഖണ്ഡത്തിനു ശേഷം താഴെ പറയുന്നത് ഖണ്ഡം 10 ആയി ചേർക്കുകയും ശേഷിക്കുന്നവ യഥാക്രമം 11, 12 എന്നീ ഖണ്ഡങ്ങളായി പുനരക്കം ചെയ്യുകയും ചെയ്യുക.

“10. 31-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിന്റെ 31-ാം വകുപ്പ് (1എ) ഉപവകുപ്പ് (viii)-ാം ഖണ്ഡത്തിൽ "ബന്ധപ്പെട്ട ജില്ലയിൽ നിന്നുള്ളവർക്കു മാത്രമായി" എന്നീ വാക്കുകൾക്കു ശേഷം "സംസ്ഥാന സ്പോർട്സ് സംഘടനാ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.”

<u>പുനരക്കം ചെയ്ത ഖണ്ഡം 12</u>

പ്രധാന ആക്ടിലെ 49-ാം വകുപ്പിന് ശേഷം പുതുതായി ചേർക്കാൻ ഉദ്ദേശിക്കുന്ന പട്ടികയിൽ,—

(i) ക്രമനമ്പർ 1-ൽ “പട്ടികഗോത്ര വിഭാഗങ്ങൾ” എന്നീ വാക്കുകൾക്ക് പകരം “പട്ടികജാതി പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങൾ” എന്നീ വാക്കുകൾ ചേർക്കുക.

(ii) ക്രമനമ്പർ 4-ൽ “ കേരള ഗ്രാന്റ് പ്രിക്സ്” എന്നീ വാക്കുകൾക്ക് പകരം “ കേരള ഗ്രാന്റ് പ്രി” എന്നീ വാക്കുകൾ ചേർക്കുക.

(iii) ക്രമനമ്പർ 4-നു ശേഷം താഴെപ്പറയുന്ന ഇനങ്ങൾ പുതുതായി ചേർക്കുകയും നിലവിലുള്ള ക്രമനമ്പർ 5, ക്രമനമ്പർ 7 ആയി പുനരക്കം ചെയ്യുകയും ചെയ്യുക.

“5. സ്പോർട്സ് താരങ്ങളുടെ ക്ഷേമത്തിനായുള്ള കാര്യങ്ങൾ.

6. അവശതയനുഭവിക്കുന്ന സ്പോർട്സ് താരങ്ങൾക്ക് ക്ഷേമത്തിനായുള്ള കാര്യങ്ങൾ.”

## 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

<u>ഖണ്ഡം 2</u>

2-ാം ഖണ്ഡം പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1986-ലെ കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല ആക്റ്റിൽ,—

(1) (എ) ഉപഖണ്ഡം പ്രകാരം 3-ാം വകുപ്പിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന,—

(എ). (28)-ാം ഖണ്ഡത്തിൽ "പ്രകാരമുള്ള" എന്ന വാക്കിന് പകരം " പ്രകാരം രൂപീകരിച്ച" എന്നീ വാക്കുകൾ ചേർക്കുക.

(ബി). (30)-ാം ഖണ്ഡത്തിൽ "സ്ഥാപിക്കുന്ന" എന്ന വാക്കിന് മുന്നിലുള്ള "സർവ്വകലാശാല" എന്ന വാക്ക് ഒഴിവാക്കുക.

(2) (ബി) ഉപഖണ്ഡം പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന 9-ാം വകുപ്പിന്റെ, (5)-ാം ഉപവകുപ്പിൽ "വ്യക്തിയെക്കൊണ്ടോ വ്യക്തികളെക്കൊണ്ടോ" എന്നീ വാക്കുകൾക്ക് പകരം "ഉന്നതവിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയോ ഉദ്യോഗസ്ഥരെയോ" എന്നീ വാക്കുകൾ ചേർക്കുക.

(3) (ഡി) ഉപഖണ്ഡം പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന, 12-ാം വകുപ്പിന്റെ,—

(എ). (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "ഏതൊരാളും" എന്ന വാക്കിന് പകരം "യാതൊരാളും" എന്ന വാക്ക് ചേർക്കുക.

(ബി). (3)-ാം ഉപവകുപ്പിൽ, "പ്രൊഫസർ" എന്ന വാക്കിന് പകരം "അസോസിയേറ്റ് പ്രൊഫസർ" എന്നീ വാക്കുകൾ ചേർക്കുക.

(4) (ഇ) ഉപഖണ്ഡപ്രകാരം പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന, 17-ാം വകുപ്പിൽ,—

(എ). " സിൻഡിക്കേറ്റ്.-" എന്ന മാർജിനൽ ശീർഷകത്തിന് ശേഷം വരുന്ന "(1)" എന്ന ബ്രാക്കറ്റുകളും അക്കവും വിട്ടുകളയുക.

(ബി). "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (ii)-ാം ഇനത്തിൽ "മൂന്ന് " എന്ന വാക്കിന് പകരം "അഞ്ച്" എന്ന വാക്കും "സ്ത്രീയും" എന്ന വാക്കിന് പകരം "വനിതയും" എന്ന വാക്കും ചേർക്കുക.

(സി). "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ (i)-ാം ഇനത്തിൽ "അതിൽ" എന്ന വാക്കിന് പകരം "അവരിൽ" എന്ന വാക്ക് ചേർക്കുക.

(5) (ജി) ഉപഖണ്ഡപ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന 19-ാം വകുപ്പിൽ "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ,—

(എ). (iii)-ാം ഇനത്തിൽ "അംഗങ്ങൾ" എന്ന വാക്കിന് പകരം "പേർ" എന്ന വാക്ക് ചേർക്കുക.

(ബി). (iv)-ാം ഇനത്തിൽ "അംഗങ്ങൾ" എന്ന വാക്കിന് പകരം "പേർ" എന്ന വാക്ക് ചേർക്കുക.

(സി). (v)-ാം ഇനത്തിൽ "അംഗങ്ങൾ" എന്ന വാക്കിന് പകരം "പേർ" എന്ന വാക്ക് ചേർക്കുക.

(6) (ഐ) ഉപഖണ്ഡം പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 24 എ വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ, ഒന്നാം വാക്യത്തിന് പകരം താഴെ പറയുന്ന വാക്യം ചേർക്കുക, അതായത്,—

"ഗവേഷണ കൗൺസിലിന്റെ ചെയർപേഴ്സൺ വൈസ്-ചാൻസലർ ആയിരിക്കുന്നതും കൺവീനർ റിസർച്ച് ഡയറക്ടർ ആയിരിക്കുന്നതുമാണ്." .

(7) (ജെ) ഉപഖണ്ഡം പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 26 എ വകുപ്പിൽ (3)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "അദ്ധ്യാപകരെയും പരിഗണിക്കാം" എന്നീ വാക്കുകൾക്ക് പകരം "അദ്ധ്യാപകരെ പരിഗണിക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

(8) (കെ) ഉപഖണ്ഡം പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 30 ഡി വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ (എച്ച്) ഖണ്ഡത്തിൽ "വ്യവസായി" എന്ന വാക്കിന് പകരം "വ്യവസായികൾ" എന്ന വാക്ക് ചേർക്കുക.

(9) (കെ) ഉപഖണ്ഡത്തിന് ശേഷം താഴെപ്പറയുന്നത് ഉപഖണ്ഡം (എൽ) ആയി ചേർക്കേണ്ടതും നിലവിലുള്ള (എൽ) മുതൽ (എൻ) വരെയുള്ള ഉപഖണ്ഡങ്ങൾ യഥാക്രമം (എം) മുതൽ (ഒ) വരെയുള്ള ഉപഖണ്ഡങ്ങളായി പുനരക്ഷരം ചെയ്യുകയും ചെയ്യുക. അതായത്:—

"(എൽ) 32-ാം വകുപ്പിൽ (2)-ാം ഉപവകുപ്പിൽ, "അല്ലെങ്കിൽ 1882-ലെ ഇൻഡ്യൻ ട്രസ്റ്റ് ആക്റ്റുമൂലം അധികാരപ്പെടുത്തിയ സെക്യൂരിറ്റികളിൽ" എന്നീ വാക്കുകൾക്ക് ശേഷം "അല്ലെങ്കിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തത്തിൽ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്".

(10) പുനരക്ഷരം ചെയ്ത (ഒ) ഉപഖണ്ഡം പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന,—

(എ) 53 എ വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ "അവ നടപ്പിലാക്കുന്ന രീതിയും" എന്നീ വാക്കുകൾക്ക് പകരം "പ്രോഗ്രാമും" എന്ന വാക്കും "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം "നിർണ്ണയിക്കപ്പെടാവുന്നതാണ്" എന്ന വാക്കും ചേർക്കുക.

(ബി) 53 സി വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ "അവ നടപ്പിലാക്കുന്ന രീതിയും" എന്നീ വാക്കുകൾക്ക് പകരം "പ്രോഗ്രാമും" എന്ന വാക്ക് ചേർക്കുക.

<u>ഖണ്ഡം 3</u>

3-ാം ഖണ്ഡം പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ,—

(1) (എ) ഉപഖണ്ഡം പ്രകാരം 2-ാം വകുപ്പിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന,—

(എ). (വൈ) ഖണ്ഡത്തിൽ "പ്രകാരമുള്ള" എന്ന വാക്കിന് പകരം "പ്രകാരം രൂപീകരിച്ച" എന്നീ വാക്കുകൾ ചേർക്കുക.

(ബി). (ഇസഡ് ബി) ഖണ്ഡത്തിൽ "സ്ഥാപിക്കുന്ന" എന്ന വാക്കിന് മുന്നിലുള്ള "സർവ്വകലാശാല" എന്ന വാക്ക് ഒഴിവാക്കുക.

(2) (സി) ഉപഖണ്ഡം പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന ആക്റ്റിന്റെ 13-ാം വകുപ്പിൽ, "നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ (ii)-ാം ഇനത്തിൽ "രണ്ടുപേർ" എന്ന വാക്കിന് പകരം "മൂന്നു പേർ" എന്നീ വാക്കുകൾ ചേർക്കുക.

(3) (എഫ്) ഉപഖണ്ഡം പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന 18-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പിൽ, 1-ാം വാക്യത്തിന് പകരം താഴെപ്പറയുന്ന വാക്യം ചേർക്കുക, അതായത്,—

"ഗവേഷണ കൗൺസിലിന്റെ ചെയർപേഴ്സൺ വൈസ്-ചാൻസലർ ആയിരിക്കുന്നതും റിസർച്ച് ഡയറക്ടർ കൺവീനർ ആയിരിക്കുന്നതുമാണ്.".

(4) (എച്ച്) ഉപഖണ്ഡത്തിൽ "23" എന്നീ അക്കങ്ങൾക്കു പകരം "22" എന്നീ അക്കങ്ങളും പ്രസ്തുത ഉപഖണ്ഡപ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 23 എ, 23 ബി എന്നിവ യഥാക്രമം 22 എ, 22 ബി എന്നും മാറ്റുക.

(എ) അപ്രകാരം പുനരക്കം ചെയ്ത 22 എ വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ (എച്ച്) ഖണ്ഡത്തിൽ "വ്യവസായി" എന്ന വാക്കിന് പകരം "വ്യവസായികൾ" എന്ന വാക്ക് ചേർക്കുക.

(ബി) അപ്രകാരം പുനരക്കം ചെയ്ത 22 ബി വകുപ്പിൽ,—

(i) (3)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനയിൽ "അദ്ധ്യാപകരെയും പരിഗണിക്കാവുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം "അദ്ധ്യാപകരെ പരിഗണിക്കേണ്ടതാണ് " എന്നീ വാക്കുകൾ ചേർക്കുക.

(ii) (4)-ാം ഉപവകുപ്പിൽ "ഏറ്റവും കുറഞ്ഞത്" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്.

(5) (ഐ) ഉപഖണ്ഡം പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന 27-ാം വകുപ്പിലെ, (5)-ാം ഉപവകുപ്പിൽ "വ്യക്തിയെക്കൊണ്ടോ വ്യക്തികളെക്കൊണ്ടോ" എന്നീ വാക്കുകൾക്ക് പകരം "ഉന്നതവിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയോ ഉദ്യോഗസ്ഥരേയോ" എന്നീ വാക്കുകൾ ചേർക്കുക.

(6) (ജെ) ഉപഖണ്ഡപ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന 30-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനയ്ക്കുശേഷം താഴെപ്പറയുന്ന വിശദീകരണം ചേർക്കുക. "വിശദീകരണം-ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി "അപ്പലേറ്റ് ട്രൈബ്യൂണൽ" എന്നാൽ 1974-ലെ കേരള സർവ്വകലാശാല ആക്റ്റിലെ (1974-ലെ 17) 65-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ എന്നർത്ഥമാകുന്നു."

(7) (കെ) ഉപഖണ്ഡം പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന 31-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ "പ്രൊഫസർ" എന്ന വാക്കിന് പകരം "അസോസിയേറ്റ് പ്രൊഫസർ" എന്നീ വാക്കുകൾ ചേർക്കുക.

(എൽ) ഉപഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം (എം) ആയി ചേർക്കുകയും അതിനുശേഷം നിലവിലുള്ള (എം) മുതൽ (പി) വരെയുള്ള ഉപഖണ്ഡങ്ങൾ (എൻ) മുതൽ (ക്യൂ) വരെയുള്ള ഉപഖണ്ഡങ്ങളായി പുനരക്ഷരം ചെയ്യുകയും ചെയ്യുക.

(എം) 41-ാം വകുപ്പിന്റെ 8-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക, അതായത്:—

"(9) സർവ്വകലാശാല ഫണ്ടിലുള്ള തുക സർക്കാരിന്റെ അംഗീകാരത്തോടുകൂടി സർവ്വകലാശാല നിശ്ചയിക്കാവുന്ന അങ്ങനെയുള്ള ബാങ്കുകളിൽ സൂക്ഷിക്കുകയോ അങ്ങനെയുള്ള രീതിയിൽ നിക്ഷേപിക്കുകയോ ചെയ്യേണ്ടതാണ്."

(8) പുനരക്ഷരം ചെയ്ത (ക്യൂ)ഉപഖണ്ഡം പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന,—

(എ). 55 എ വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ "അവ നടപ്പിലാക്കുന്ന രീതിയും" എന്നീ വാക്കുകൾക്ക് പകരം "പ്രോഗ്രാമും" എന്ന വാക്കും "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം "നിർണ്ണയിക്കപ്പെടാവുന്നതാണ്" എന്ന വാക്കും ചേർക്കുക.

(ബി). 55 സി വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ "അവ നടപ്പിലാക്കുന്ന രീതിയും" എന്നീ വാക്കുകൾക്ക് പകരം "പ്രോഗ്രാമും" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 4

4-ാം ഖണ്ഡം പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 2015-ലെ എ.പി.ജെ. അബ്ദുൽ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ,—

(1) (എ) ഉപഖണ്ഡം പ്രകാരം 2-ാം വകുപ്പിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന,— (എ) (ഇസഡ് റ്റി) ഉപഖണ്ഡത്തിൽ "പ്രകാരമുള്ള" എന്ന വാക്കിന് പകരം "പ്രകാരം രൂപീകരിച്ച" എന്നീ വാക്കുകൾ ചേർക്കുക.

(ബി) (ഇസഡ് ഡബ്ല്യൂ) ഉപഖണ്ഡത്തിൽ "സ്ഥാപിക്കുന്ന" എന്ന വാക്കിന് മുന്നിലുള്ള "സർവ്വകലാശാല "എന്ന വാക്ക് ഒഴിവാക്കുക.

(2) (ബി) ഉപഖണ്ഡം പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന 11-ാം വകുപ്പിന്റെ,—

(i) (5)-ാം ഉപവകുപ്പിൽ "വ്യക്തിയെക്കൊണ്ടോ വ്യക്തികളെക്കൊണ്ടോ" എന്നീ വാക്കുകൾക്ക് പകരം "ഉന്നതവിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയോ ഉദ്യോഗസ്ഥരേയോ," എന്നീ വാക്കുകൾ ചേർക്കുക.

(ii) (7)-ാം ഉപവകുപ്പിൽ "കർത്തവ്യങ്ങൾ " എന്ന വാക്കിന് പകരം "ചുമതലകൾ" എന്ന വാക്ക് ചേർക്കുക.

(3) (ഡി) ഉപഖണ്ഡം, (ii)-ാം ഇനം പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന ആക്റ്റിന്റെ 15-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ "പ്രൊഫസർ" എന്ന വാക്കിനു പകരം "അസോസിയേറ്റ് പ്രൊഫസർ" എന്നീ വാക്കുകൾ ചേർക്കുക.

(4) (എഫ്) ഉപഖണ്ഡം പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 35 എ വകുപ്പിൽ,—

(എ) (2)-ാം ഉപവകുപ്പിലെ (എച്ച്) ഖണ്ഡത്തിൽ "വ്യവസായി", എന്ന വാക്കിന് പകരം "വ്യവസായികൾ" എന്ന വാക്ക് ചേർക്കുക.

(ബി) (3)-ാം ഉപവകുപ്പിന് പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കുക, അതായത്,—

"(3) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ചെയർപേഴ്സൺ വൈസ്-ചാൻസലർ ആയിരിക്കേണ്ടതും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപകൻ ഡയറക്ടർ ആയിരിക്കേണ്ടതുമാണ്.".

(സി) (4)-ാം ഉപവകുപ്പിലെ (ഇ) ഖണ്ഡത്തിൽ "വ്യവസായി", എന്ന വാക്കിന് പകരം "വ്യവസായികൾ" എന്ന വാക്ക് ചേർക്കുക.

(ഡി) (5)-ാം ഉപവകുപ്പിൽ, "പ്രിൻസിപ്പൽ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ചെയർപേഴ്സൺ ആയിരിക്കേണ്ടതും" എന്നീ വാക്കുകൾക്ക് പകരം "ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ചെയർപേഴ്സൺ പ്രിൻസിപ്പൽ ആയിരിക്കുന്നതും" എന്നീ വാക്കുകൾ ചേർക്കുക.

(5) (ജെ) ഉപഖണ്ഡം പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 62 എ വകുപ്പ് (2)-ാം ഉപവകുപ്പിൽ (സി) ഇനം, "സിംഗിൾ ഫാക്കൽറ്റി ഡിപ്പാർട്ട്മെന്റുകളും ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റും എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റും ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലും നിന്നുള്ള വകുപ്പ് മേധാവികൾ" എന്നാക്കുക.

(6) (കെ) ഉപഖണ്ഡം പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന,—

(എ) 69 എ വകുപ്പിലെ (2)-ാം ഉപവകുപ്പിൽ "അവ നടപ്പിലാക്കുന്ന രീതിയും" എന്നീ വാക്കുകൾക്ക് പകരം "പ്രോഗ്രാമും" എന്ന വാക്കും "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ് " എന്നീ വാക്കുകൾക്ക് പകരം "നിർണ്ണയിക്കാവുന്നതാണ് " എന്ന വാക്ക് ചേർക്കുക.

(ബി) 69 സി വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ "അവ നടപ്പിലാക്കുന്ന രീതിയും" എന്നീ വാക്കുകൾക്ക് പകരം "പ്രോഗ്രാമും" എന്ന വാക്ക് ചേർക്കുക.

<u>ഖണ്ഡം 5</u>

5-ാം ഖണ്ഡത്തിന്റെ,

(എ) (1)-ഉം (2)-ഉം ഉപവകുപ്പുകൾ താഴെപ്പറയും പ്രകാരം മാറ്റുക, അതായത്:—

"(1) ഈ ആക്റ്റിന്റെ പ്രാബല്യതീയതിക്ക് തൊട്ടുമുൻപ് അപ്രകാരം പ്രവർത്തിച്ചിരുന്ന കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാലയുടെ സെനറ്റും സിൻഡിക്കേറ്റും, പ്രസ്തുത സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും കാലാവധി അവസാനിക്കുന്നതുവരെ തുടരുന്നതാണ്.

(2) ഈ ആക്റ്റിന്റെ പ്രാബല്യതീയതിക്ക് തൊട്ടുമുൻപ് അപ്രകാരം പ്രവർത്തിച്ചിരുന്ന തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലയുടെ നിർവ്വാഹകസമിതി, പ്രസ്തുത നിർവ്വാഹകസമിതിയുടെ കാലാവധി അവസാനിക്കുന്നതുവരെ തുടരുന്നതാണ്.".

സമിതി യോഗം പരിഗണിച്ച പ്രസ്തുത ബില്ലുകളിലെ വ്യവസ്ഥകളിന്മേൽ സമിതിയംഗങ്ങളായ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ സർവശ്രീ ടി. വി. ഇബ്രാഹിം, രാഹുൽ മാങ്കൂട്ടത്തിൽ എന്നിവർ വിയോജിപ്പ് രേഖപ്പെടുത്തുകയും ആയത് സംബന്ധിച്ചുള്ള കുറിപ്പ് സമിതിക്ക് സമർപ്പിക്കുകയും ചെയ്തു.

(യോഗം വൈകുന്നേരം 6.30-ന് പിരിഞ്ഞു.)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.